fmpb

# FMPB മിഷൻ സമാചാർ

(for private circulation only)

വാല്യം 14 | ലക്കം 7 | ജൂലൈ 2024


**മർത്യനെ നീ ഓർക്കേണ്ടതിനു അവൻ എന്തു?**
**മനുഷ്യപുത്രനെ സന്ദർശിക്കേണ്ടതിനു അവൻ എന്തു മാത്രം? സങ്കീ. 8:4**



# ദൈവം കുശവൻ!

ഞാൻ ആര്

2 ശമുവേൽ 7:18

## ദൈവത്തിന്റെ മനസ്സിൽ ഞാൻ ആരായിരിക്കും?

# ആമുഖം ...



## കളിമണ്ണിന്റെ മനസ്സ്

"ഓ ഇതു വേദനജനകം, ഇതെല്ലാം എടുക്കരുത്, എന്നെ ചവിട്ടരുത്, എന്റെ തല ചുറ്റുന്നു, എല്ലാം ഇരുട്ടാകുന്നു, തീ വേണ്ട" - ഇത് കുശവന്റെ പിന്നിൽ നിന്നുള്ള കളിമണ്ണിന്റെ രോദനമായിരിക്കാം. കളിമണ്ണിനെ തിരഞ്ഞെടുക്കുന്നത് അതിനെ കഷ്ടപ്പെടുത്തുന്നതിനാണെന്നു ഒരു നിരീക്ഷകനു തോന്നാം. എന്നാൽ കുശവൻ ആവർത്തിച്ചു ഉറപ്പു കൊടുക്കുന്നു "ഞാൻ നിന്നെ കരുതലോടെ കൈകാര്യം ചെയ്യാം. നീ രൂപപ്പെട്ടു വരുന്ന ചക്രത്തിലാണ് ഞാൻ നിന്നെ വെച്ചിരിക്കുന്നത്. നീ വളരെ മനോഹരവും മൃദുലവുമുള്ളതായി തീരും. സമ്മർദ്ദത്തിൽ തകർന്നു പോകാതെയും തീയിൽ കരിഞ്ഞു പോകാതെയും നിന്നെ സൂക്ഷിക്കുക എന്നത് എന്റെ ഉത്തരവാദിത്വമാകുന്നു". കുശവൻ നിർമ്മിച്ച കളിമൺപാത്രങ്ങൾ വില്പനക്കായി വെച്ചിരിക്കുന്ന മുറിയിൽ നിന്ന് അവന്റെ കരുതൽ നമ്മോടു വിളിച്ചു പറയും. "കുശവന്റെ ഓരോ പ്രവർത്തിയും എന്നെ വേദനിപ്പിക്കുന്നതായിരുന്നു. എന്നാൽ ഇന്ന് ഞാൻ മനോഹരമായി തീർന്നിരിക്കുന്നു. ഞാൻ ഇന്ന് ആർക്കെങ്കിലും പ്രയോജനകരമായി തീരുമെന്നത് എനിക്കു സംതൃപ്തി നൽകുന്നു".

നന്ദിയാൽ നിറഞ്ഞ കളിമണ്ണിന്റെ ഹൃദയമാണ് ഈ രൂപാന്തരീകരണം പ്രതിഫലിപ്പിക്കുന്നത്. കുശവൻ ഒരിക്കൽ ഈ കളിമണ്ണ് ഉപയോഗശൂന്യമായി കണ്ടു. അവൻ ക്ഷമയോടെ അതിന്മേൽ പടി പടിയായി പ്രവർത്തിച്ചു അതിനെ മനോഹരമാക്കി തീർത്തു. ഇത്തരത്തിലുള്ള ധാരാളം ശബ്ദങ്ങൾ ആ മുറിയിൽ നിന്നു കേൾക്കുവാൻ കഴിയും. യെശയ്യാവ്. 64:8 പറയുന്നു. "ഞങ്ങൾ കളിമണ്ണും നീ ഞങ്ങളെ മെനയുന്നവനും ആകുന്നു; ഞങ്ങൾ എല്ലാവരും നിന്റെ കൈപ്പണിയത്രെ". അതെ, ദൈവം നമ്മെ മെനയുന്നു. ആടിനെ മേയിച്ചു കൊണ്ടിരുന്ന ദാവിദിനെ ദൈവം എടുത്തു പ്രബലനായ രാജാവാക്കി. കുടുംബം പോലും അവഗണിച്ച ദാവിദിനെ കർത്താവ് തിരഞ്ഞെടുത്തു. ശൗലിനെ പോലെയുള്ളവരുടെ വെല്ലുവിളികളെ നേരിടുന്നതിനു അനുവദിച്ചു. വലിയ ഒരു യുദ്ധവീരനാക്കി, നേതാവാക്കി, രാജാവാക്കി തീർത്തു. ദാവിദ് തന്റെ സകല പ്രവർത്തിയിലും ദൈവത്തിൽ ആശ്രയിച്ചു. അതുകൊണ്ടാണ് ദാവിദ് തന്റെ അനവധി സങ്കീർത്തനങ്ങളിൽ എഴുതിയത്. എന്റെ താഴ്ചയിൽ എന്നെ ഓർത്ത ദൈവത്തിനു സ്തോത്രം. കുഴഞ്ഞ ചേറ്റിൽ നിന്നും എന്നെ വീണ്ടെടുത്ത ദൈവത്തിനു സ്തോത്രം. ഈ ലോകത്തെ മുഴുവൻ സൃഷ്ടിച്ച ദൈവം അതിലെ ഒരു പൊട്ടു മാത്രമായിരിക്കുന്ന എന്നെ ഒർക്കുന്നു എന്നത് ദാവിദ് ഇവിടെ പ്രകടമാക്കുന്നു. ഒന്നും ചെയ്യുവാൻ കഴിയില്ലെങ്കിലും ദാവിദ് ചോദിക്കുന്നു മർത്യനെ നീ ഓർക്കേണ്ടതിനു അവൻ എന്തു? (സങ്കീ.8:4-9). നമുക്കു വേണ്ടി നാം ചിന്തിച്ചാലും ഇല്ലെങ്കിലും ദൈവം നമ്മെക്കുറിച്ചു ചിന്തിക്കുന്നു പദ്ധതിയിടുന്നു. നമ്മിലൂടെ ദൈവഹിതം പ്രാവർത്തീകമാക്കുന്നു.

ദൈവത്തിന്റെ അനുഗ്രഹം നമ്മെ അതിമോഹത്തിലേക്കു നയിക്കാതെ അനുസരണത്തിലേക്കും വിനയത്തിലേക്കും നയിക്കണം. നാം കർത്താവിന്റെ ഹിതപ്രകാരം പ്രവർത്തിക്കുമ്പോൾ ദൈവം നമ്മിൽ പ്രസാദിക്കുകയും ദൈവനാമം മഹത്വപ്പെടുകയും ചെയ്യും. നാം പ്രയാസകരമായ സാഹചര്യത്തിലൂടെ കടന്നു പോകുമ്പോൾ കളിമണ്ണിനെ പോലെ അസഹനീയമായ വേദന അനുഭവപ്പെട്ടേക്കാം. എന്നിരുന്നാലും ദൈവം നമ്മെ തകർത്തു കളയാതെ ദൈവീക പദ്ധതിക്കു പ്രയോജനകരമായ പാത്രങ്ങളായി നമ്മെ രൂപാന്തരപ്പെടുത്തും. കളിമണ്ണ് കുശവന്റെ കൈകളിലൂടെ രൂപപ്പെടുന്നതു പോലെ ദൈവം നമ്മെ മാന്യവും പ്രയോജനകരവുമായ പാത്രമാക്കി തീർക്കും. ദൈവീക പദ്ധതിക്കു പ്രയോജനകരമായ മനോഹരവും മാന്യവുമായ പാത്രമായി തീരുന്നതു വരെ ദൈവത്തിന്റെ രൂപപ്പെടുത്തലുകളെ നമുക്കു സ്വീകരിക്കാം. ദൈവമായ കർത്താവ് തന്നെ നമ്മെ ഉടെച്ചു രൂപപ്പെടുത്തി അനേകർക്കു പ്രയോജനപ്പെടുന്ന മാന്യ പാത്രങ്ങളാക്കിതീർക്കട്ടെ. ആമേൻ!

- **മേഴ്സി സെൽവിൻ**, കമ്യൂണിക്കേഷൻ വിഭാഗം

“എങ്കിലോ യഹോവേ, നീ ഞങ്ങളുടെ
പിതാവ്; ഞങ്ങൾ കളിമണ്ണും
നീ ഞങ്ങളെ മനയുന്നവനും
ആകുന്നു; ഞങ്ങൾ എല്ലാവരും
നിന്റെ കൈപ്പണിയത്രേ. ”

– യെശയ്യാവ്. 64:8

“നോക്കൂ, ഒരു കുശവന് കളിമണ്ണ്
പൂർണ്ണമായി അവന്റെ കൈയ്യിൽ
ഇരുന്നാൽ മാത്രമേ അതിനെ
വാർത്തെടുക്കുവാൻ കഴികയുള്ളു.
പരിപൂർണ്ണ സമർപ്പണം ഇതിന്
ആവശ്യമാണ്. ”

– കോറി ടെൻ ബൂം

“അവൻ നമ്മുടെ പ്രകൃതി
അറിയുന്നുവല്ലോ; നാം പൊടി
എന്നു അവൻ ഓർക്കുന്നു. ”

– സങ്കീ. 103:14

“ കുശവന്റെ ആണിപ്പഴുതുള്ള
കരങ്ങളിൽ പൂർണ്ണമായി
ആശ്രയിക്കുക. അവൻ നിന്നെ
രൂപപ്പെടുത്തട്ടെ. അവന്റെ പദ്ധതി
അതിമനോഹരമാകുന്നു”


# മിത്രസമാചാർ

## ഞങ്ങളുടെ ദർശനം

FMPB ഭാരതിയരുടെ മിഷനറി പ്രസ്ഥാനമായി യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ജനസമൂഹങ്ങൾക്കു എത്തിച്ചുകൊടുക്കുന്നു

## ഞങ്ങളുടെ ദൗത്യം

ഭാരതത്തിലുടനീളം സഭകൾ നട്ടുപിടിപ്പിക്കുവാനുള്ള ക്രൈസ്തവ സഭയുടെ ഒരു കരമായി FMPB പ്രവർത്തിക്കുകയാണ്.

വിവധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ FMPB സുവിശേഷം പ്രസംഗിക്കുന്നു.

സഭകൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരെ FMPB പ്രാർത്ഥനക്കും ഉദാരമായ സഹായ സഹകരണങ്ങൾക്കുമായി ക്ഷണിക്കുന്നു.

**കേരള സോൺ:-**

FMPB, വടവാതൂർ പി ഒ;
കോട്ടയം - 686 010
Mob: 9847 799 031; 9562 750 796
E-mail: abrahamthomas@fmpb.org

FMPB യുടെ പ്രതിമാസ സൂനം

*Publisher & Editor*
**S. ജോൺ ബർലിൻ**

| SUBSCRIPTION | INDIA | FOREIGN |
|---|---|---|
| Annual | Rs.100 | Rs.600 |
| Life | Rs.1500 | Rs.5,000 |

H.Q: 29, High School Road, Ambattur,
Chennai - 600 053
Tel: +91-44-2657 0404 Fax: 2657 3353
Cell: 9444394342
E-mail: info@fmpb.org
Web site: www.fmpb.co.in

**Layout and Preparation:**
Communication Dept., fmpb

# ജനറൽ സെക്രട്ടറിയുടെ കത്ത്...

സുവിശേഷം ശ്രവിക്കാത്തവരെ നേടുന്ന ദൗത്യത്തിൽ പ്രീയ പങ്കാളികളെ,

ജൂണിലെ പെരിയമലൈ ദിനത്തെ തുടർന്നു വരുന്ന ജൂലൈയും ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിന്റെ ചരിത്രത്തിൽ പ്രാധാന്യമുള്ള മാസമാകുന്നു. കാരണം 1971 ജൂലൈ മാസത്തിലാണ് ഉത്തരേന്ത്യയിലെ മിഷനറി വേലക്കായി FMPB കാൽ വെക്കുന്നത്. തങ്ങളെ രക്ഷിക്കുകയും തങ്ങൾക്കു നിത്യജീവൻ നൽകുകയും ചെയ്യുന്ന ദൈവത്തിനു വേണ്ടി ഉത്തരേന്ത്യയിലെ വലിയൊരു കൂട്ടം ജനം കാത്തിരിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാകുന്നു. അതേ സമയം 1971 ജൂലൈ 23 ന് ബസ്തിയിൽ പാദമൂന്നിയ ഉത്തരേന്ത്യയിലെ ആദ്യ മിഷനറിമാരായ റവ. ഹിൽക്കിയായുടെയും ശ്രീമതി ഡെയ്സി ഹിൽക്കിയായുടെയും വിശ്വാസത്തെ ദൈവം മാനിച്ചു. ആദ്യ മിഷനറിമാരുടെ കാൽപ്പാടുകൾ പിന്തുടർന്നു ഉത്തരേന്ത്യയിലേക്കു സമർപ്പണത്തോടെ കടന്നു പോയ മിഷനറിമാർ നമ്മുടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ രക്ഷയുടെയും നിത്യജീവന്റെയും സുവിശേഷം പ്രഘോഷിച്ചു. അതിന് അവർ വലിയ വില നൽകേണ്ടി വന്നു. സുവിശേഷം പ്രഘോഷിക്കാത്ത മേഖലകളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനായി ദൈവം തന്റെ മുന്തിരിത്തോട്ടത്തിലേക്കു ആവശ്യമായ വേലക്കാരെ അയക്കേണ്ടതിനു നമുക്കു താൽപര്യപൂർവ്വം പ്രാർത്ഥിക്കാം. ഇതു നമ്മുടെ ജീവിതത്തിന്റെ പ്രഥമ പരിഗണനയായിരിക്കട്ടെ.

1 കൊരിന്ത്യർ 10:23 പറയുന്നു, “സകലത്തിനും എനിക്കു കർത്തവ്യം ഉണ്ട്; എങ്കിലും സകലവും പ്രയോജനമുള്ളതല്ല. സകലത്തിനും കർത്തവ്യം ഉണ്ട്; എങ്കിലും സകലവും ആത്മീക വർദ്ധനവ് വരുത്തുന്നില്ല.” ഒരു ക്രിസ്തീയ വിശ്വാസി എന്ന നിലയിൽ നാം ചോദിക്കേണ്ട ചോദ്യം ഞാൻ ചെയ്യുന്ന കാര്യം എന്റെ അവകാശമാണോ അല്ലെങ്കിൽ അതു മറ്റുള്ളവർക്കു പ്രയോജനകരമാണോ? അതുകൊണ്ട് നാം എന്തു ചെയതാലും അത് പ്രയോജനം വരുത്തുന്നതും മറ്റുള്ളവരെ ആത്മീകമായി പരിപോഷിക്കുന്നതും ആയിരിക്കണമെന്നു തീരുമാനിക്കുക.

രണ്ടു മാസം പൊടിപടലം പറത്തിയ തിരഞ്ഞെടുപ്പ് സമാപിച്ചു പുതിയ സർക്കാർ രൂപീകൃതമായി. ദൈവത്തിന്റെ മക്കളായ നമുക്കു ദൈവം നൽകിയ ഉത്തരവാദിത്വമാണ് സർക്കാരിനു വേണ്ടിയും അതിന്റെ നേതാക്കന്മാർക്കു വേണ്ടിയും പ്രാർത്ഥിക്കുക എന്നത്. അധഃസ്ഥിതരുടെ ഉന്നമനത്തിനും രാജ്യത്തെ വളർച്ചയുടെ പാതയിലേക്കു നയിക്കേണ്ടതിനു ദൈവം അവരെ ശക്തികരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### തമിഴ്നാട് വർഷീക കൺവൻഷൻ 2024

ദൈവത്തിന്റെ സമൃദ്ധിയായ കൃപയാൽ തമിഴ്നാട് വാർഷീക കൺവൻഷൻ സേലത്തുള്ള ബഥേലിൽ വെച്ചു 2024 മെയ് 16 മുതൽ 19 വരെ നടത്തപ്പെട്ടു.

ഈ വർഷം കുട്ടികൾ ഉൾപ്പടെ 3159 പേർ ഈ സമ്മേളനത്തിൽ പങ്കെടുത്തു. ഗുജറാത്ത് CNI ബിഷപ്പ് റൈറ്റ് റവ. സിലാസ് 16 ന് കൺവൻഷൻ ഉത്ഘാടനം ചെയ്തു. 17 ന് 12 മണിക്കൂർ ദേശത്തിനു വേണ്ടി ഉപവസിച്ചു പ്രാർത്ഥിച്ചു. സംബന്ധിച്ചവരിൽ എല്ലാം പ്രാർത്ഥനയുടെ ആത്മാവ് വ്യാപരിച്ചു. പ്രസംഗകരെ ദൈവം ശക്തമായി എടുത്തു ഉപയോഗിച്ചു. അവിടെ പ്രഘോഷിച്ച ദൈവവചനം പങ്കാളികളിൽ അനേകരെ ദൈവവേലക്കായി സമർപ്പിതരാക്കി. സംഘാടകരും ഇതര കമ്മറ്റികളും യോഗത്തിൽ സംബന്ധിച്ചവരെ താമസിപ്പിക്കുന്നതിനും ഭക്ഷണം നൽകുന്നതിനും അതിശയകരമാംവിധം പ്രവർത്തിച്ചു. എല്ലാ മഹത്വവും കർത്താവിനു മാത്രം.

## നോർത്തേൺ സോൺ മിഷനറി സമ്മേളനം

ECI യുടെ കൽക്കത്ത ബൈബിൾ കോളജിൽ വെച്ചു മെയ് 20 ന് നോർത്തേൺ സോണിലുള്ള മിഷനറിമാരുടെ സമ്മേളനം നടത്തി. കൂടി വന്ന മിഷനറിമാരോടു ദൈവവചനം പങ്കുവെക്കുവാൻ ദൈവം എനിക്കു അവസരം നൽകി. മിഷനറിമാരോടും അവരുടെ മക്കളോടു കൂടെയായിരുന്നത് മനോഹരമായ അനുഭവമായിരുന്നു.

## ഫൈനാൻസ് മോണിറ്ററിംങ് കമ്മറ്റി

2003 ലെ പെൻഷൻ സ്കീം പുതുക്കുന്നതിനു കുറിച്ചായിരുന്നു ഈ കമ്മറ്റിയുടെ പ്രധാന ചർച്ചാവിഷയം. പുതിയ പെൻഷൻ സ്കീം 2024 വിശദമായ ചർച്ചകൾ ചെയ്തു തീരുമാനിച്ച് എക്സിക്യൂട്ടീവ് കമ്മറ്റിയുടെ അംഗീകാരത്തിനായി ശുപാർശ ചെയ്തു.

## ആസ്ഥാന മന്ദിരത്തിലെ പ്രവർത്തകരുടെ സമ്മേളനം

ആസ്ഥാന മന്ദിരത്തിൽ പ്രവർത്തിക്കുന്നവരുടെ കുടുംബ സംഗമം മെയ് 30, ജൂൺ 1 തീയതികളിൽ യേലഗിരിയിൽ വെച്ചു നടത്തി. സീനിയർ മിഷനറിമാരും പുറമെ നിന്നുള്ള ദൈവ ദാസന്മാരും സമ്മേളനത്തിൽ ദൈവവചനം പങ്കുവെച്ചു.

## 218 -ാമത് എക്സിക്യൂട്ടീവ് കമ്മറ്റി

അരുണാചൽ പ്രദേശിലെ നഹർലഗൂണിൽ വെച്ചു 2024 ജൂൺ 7,8 തീയതികളിൽ 218 -ാമത് എക്സിക്യൂട്ടിവ് കമ്മറ്റി ചേർന്നു. എക്സിക്യൂട്ടിവ് കമ്മറ്റിയംഗങ്ങൾ ഏറെ ദൂരം സഞ്ചരിച്ച് മിഷൻ വയൽ മേഖലയിൽ സംഘടിപ്പിച്ച യോഗത്തിൽ സംബന്ധിച്ചു. അനേക തീരുമാനങ്ങൾ എടുത്തു. ഈ തീരുമാനങ്ങൾ പ്രായോഗികമാക്കുന്നതിനു നിങ്ങളുടെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

## അസം, മജുലി മിഷൻ വയൽ സന്ദർശനം

എക്സിക്യൂട്ടിവ് കമ്മറ്റിക്കു ശേഷം കമ്മറ്റിയംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും അസമിലെ മജുലി ദ്വീപിലുള്ള നമ്മുടെ മിഷൻ വയൽ സന്ദർശിച്ചു. അസമിലെ മിഷനറിമാരോടും വിശ്വാസികളോടും ചേർന്നു ഞായറാഴ്ച ആരാധനയിൽ പങ്കെടുത്തു. കഠിനതരമായ സാഹചര്യത്തിൽ യൗവ്വനക്കാരായ മിഷനറിമാരും അവരുടെ കുടുംബവും ആവേശത്തോടെ ദൈവവേല ചെയ്യുന്നു. അസമിൽ പ്രവർത്തിക്കുന്ന മിഷനറിമാർക്കു നിങ്ങളുടെ പ്രാർത്ഥന ആവശ്യമായിരിക്കുന്നു.

## IMA ദേശീയ നേതാക്കളുടെ ഉച്ചകോടി, മിസോറാം

ഇന്ത്യ മിഷൻ അസോസിയേഷൻ അതിന്റെ ദേശീയ നേതാക്കളുടെ ഉച്ചകോടി 2024 ജൂൺ 11 -13 വരെ മിസോറാമിന്റെ തലസ്ഥാനമായ ഐസ്വാളിൽ സംഘടിപ്പിച്ചു. അനേക മിഷൻ സംഘടനകളുടെയും സഭകളുടെയും

നേതാക്കന്മാരുമായി സമ്പർക്കം പുലർത്തുന്നതിനു അവസരം ലഭിച്ചു. മിസോറാമിലെ വലിയ സഭയായ മിസോറാം പ്രിസ്ബിറ്റേറിയൻ സഭയുടെ സിനഡ് ആണ് ഈ സമ്മേളനത്തിനു ആതിഥേയത്വം വഹിച്ചത്. മിസോറാമിലെ മുഖ്യമന്ത്രി ഒരു പ്രദേശിക സഭയുടെ മൂപ്പനാണ്. അവസാന ദിവസത്തെ തിരുവത്താഴ ശുശ്രൂഷക്കു അദ്ദേഹമാണ് നേതൃത്വം നൽകിയത്. IMA യുടെ വാർഷീക സമ്മേളനം ജൂൺ 14 ന് നടത്തി.

## ജൂലൈ മാസത്തിലെ പ്രോഗ്രാമുകൾക്കായി പ്രാർത്ഥിക്കുക

### പുതിയ മിഷനറിമാരുടെ ഓറിയന്റേഷൻ

ജൂൺ 26 നു നടക്കുന്ന ഇന്റർവ്യൂവിൽ തിരഞ്ഞെടുക്കുന്ന മിഷനറിമാർക്കു ജൂലൈ 2 മുതൽ ഒരാഴ്ചത്തെ ഓറിയന്റേഷൻ HRD ക്രമീകരിച്ചിരിക്കുന്നു. ക്ലാസ്സുകൾക്കു നേതൃത്വം നൽകുന്ന സീനിയർ മിഷനറിമാർക്കു വേണ്ടിയും പുതുതായി തിരഞ്ഞെടുക്കുന്ന മിഷനറി പരിശീലനാർത്ഥികൾക്കുമായി പ്രാർത്ഥിക്കുക.

### ഉത്ഘൽ റീജിയൻ, സന്താൾ പശ്ചിമ ബംഗാൾ റീജിയൻ സന്ദർശനം

ഫീൽഡ് സെക്രട്ടറിയും ഞാനും ചേർന്നു ഉത്ഘൽ റീജിയനിലെ അതായത് ഒടിഷയിലെ മിഷനറിമാരെയും സന്താൾ പശ്ചിമ ബംഗാൾ റീജിയൻ മിഷനറിമാരെയും ജൂലൈ നാലാം തീയതി സന്ദർശിക്കുന്നതാണ്.

### ഔട്ട് റീച്ച് ട്രെയിനിംഗ് സെന്റർ ബോർഡ് മീറ്റിംഗ്: ദുംങ്ക, ജാർഖണ്ഡ്

NELC മോഡറേറ്ററും സഭാ നേതാക്കന്മാരും FMPB യുടെ നേതാക്കന്മാരും ഉൾപ്പെടുന്ന ഔട്ട് റീച്ച് ട്രെയിനിംഗ് സെന്ററിന്റെ ബോർഡ് മീറ്റിംഗ് ജൂലൈ പത്താം തീയതി ജാർഖണ്ഡിലെ ദുംങ്കയിൽ ക്രമീകരിച്ചിരിക്കുന്നു.

### ക്രോസ് കൾച്ചറൽ കമ്മ്യൂണിക്കേഷൻ പരിശീലനം

വെസ്റ്റേൺ സോണിലെ മിഷനറിമാർക്കായും മിഷനറി പരിശീലനാർത്ഥികൾക്കായും രണ്ടു ക്രോസ് കൾച്ചറൽ കമ്മ്യുണിക്കേഷൻ പരിശീലനം NIM ൽ ക്രമീകരിച്ചിരിക്കുന്നു.

### മിഷനറി പരിശീലനാർത്ഥികളുടെ ബിരുദ ദാനം

പത്തു മിഷനറി പരിശീലനാർത്ഥികൾ തങ്ങളുടെ പരിശീലനം പൂർത്തീകരിച്ചു. ജൂലൈ 29 ന് അവർക്കു ബിരുദം നൽകുന്ന സമ്മേളനം ക്രമീകരിച്ചിരിക്കുന്നു. അതിനെ തുടർന്നു അവർ മിഷൻ വയലിലേക്കു പോകും.

FMPB യുടെ പ്രവർത്തനത്തിലുള്ള നിങ്ങളുടെ മനോഹരമായ പങ്കാളിത്വത്തിനും നിങ്ങളുടെ സാമ്പത്തീക സഹായത്തിനും പ്രാർത്ഥനക്കും നിങ്ങളേവരോടുമുള്ള നന്ദിയറിക്കുന്നു. നിങ്ങൾക്കെല്ലാവർക്കും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. സുവിശേഷം ശ്രവിക്കാത്തവരെ സുവിശേഷത്താൽ നേടുന്നതിനു നിങ്ങളുടെ പ്രാർത്ഥന ഏറെ സഹായകരമാകുന്നു. ദൈവം നിങ്ങളോടു കൂടെയിരിക്കുമാറാകട്ടെ.

കർത്താവിന്റെ വേലയിൽ നിങ്ങളുടെ
കൂട്ടു വേലക്കാരൻ



റവ. ജോൺ ബർലിൻ എസ്.

# കർത്താവിനാൽ അനുഗ്രഹിക്കപ്പെടാൻ ഞാൻ ആരാണ്?

ഈ വർഷത്തെ തമിഴ്നാട് വാർഷിക കൺവൻഷനായി തിരഞ്ഞെടുത്ത ചിന്താവിഷയം "**ഞാൻ ആരാകുന്നു**"? ദൈവം ദാവീദിനെ അനുഗ്രഹിച്ചു പറഞ്ഞു - "നിന്റെ ഉദരത്തിൽ നിന്നു പുറപ്പെടുവാനിരിക്കുന്ന സന്തതിയെ നിന്റെ ആയുഷ്കാലം തികഞ്ഞിട്ടു നിന്റെ പിതാക്കന്മാരോടുകൂടെ നിദ്രകൊള്ളുമ്പോൾ ഞാൻ നിനക്കു പിന്തുടർച്ചയായി സ്ഥിരപ്പെടുത്തുകയും അവന്റെ രാജത്വം ഉറപ്പാക്കുകയും ചെയ്യും. അവൻ എന്റെ നാമത്തിനു ഒരു ആലയം പണിയും; ഞാൻ അവന്റെ രാജത്വത്തിന്റെ സിംഹാസനം എന്നേക്കും സ്ഥിരമാക്കും" (2 ശമു. 7:12,13.). ദൈവത്തിന്റെ അരുളപ്പാടിനു ദാവീദ് താഴ്മയോടെ മറുപടി പറഞ്ഞു, "കർത്താവായ യഹോവേ, നീ എന്നെ ഇത്രത്തോളം കൊണ്ടുവരുവാൻ ഞാൻ ആര്? എന്റെ ഗൃഹവും എന്തുള്ളു?" 2 ശമു. 7:18. വലിയ വിജയമായിരുന്ന ദാവീദും തന്റെ ജീവിതത്തിൽ അനേക ഉയർച്ച താഴ്ചകൾ നേരിട്ടുണ്ട്. ജീവിതത്തിന്റെ ഉന്നതത്തിലെത്തിയ ദാവീദ് പാപത്താൽ ആഴത്തിലേക്കു ഇറങ്ങേണ്ടി വന്നു. 2 ശമു.7:1,2 ൽ നാം വായിക്കുന്നത്, "യഹോവ ചുറ്റുമുള്ള സകല ശത്രുക്കളെയും അടക്കി രാജാവിനു സ്വസ്ഥത നൽകിയ ശേഷം രാജാവ് തന്റെ ആരമനയിൽ വസിക്കും കാലത്തു ഒരിക്കൽ രാജാവു നാഥാൻ പ്രവാചകനോടു: ഇതാ, ഞാൻ ദേവദാരു കൊണ്ടുള്ള അരമനയിൽ വസിക്കുന്നു; ദൈവത്തിന്റെ പെട്ടകമോ തിരശ്ശീലക്കകത്തു ഇരിക്കുന്നു എന്നു പറഞ്ഞു." ഭവനത്തിൽ വിശ്രമിക്കുന്ന വേളയിൽ ദാവീദിന്റെ ചിന്തകൾ പോകുന്നത് ശ്രദ്ധിക്കുക. കേവലം മനുഷ്യനായ ഞാൻ ദേവദാരു കൊണ്ടു പണിത ഭവനത്തിൽ പാർക്കുമ്പോൾ ദൈവത്തിന്റെ പെട്ടകം തിരശ്ശീലകൾക്കുള്ളിൽ വസിക്കുന്നു എന്നത് ദാവീദിനെ വ്യാകുലപ്പെടുത്തുന്നു. താൻ ഏപ്പോൾ ദൈവത്തിന് ഒരു ആലയം പണിയുമെന്നത് വാഞ്ഛയോടെ ദാവീദ് സ്വയം ചോദിക്കുന്നു. ദൈവം നമ്മെ അപകടങ്ങളിൽ നിന്നു വിടുവിക്കുമ്പോൾ, നമ്മുടെ ആവശ്യങ്ങൾ എല്ലാം നൽകിത്തരുമ്പോൾ നാം ദൈവത്തെക്കുറിച്ച് ചിന്തിക്കാതെ നമ്മെക്കുറിച്ചു മാത്രം ചിന്തിക്കുന്നവരാകുന്നു.



സമൃദ്ധി പ്രസംഗിക്കുന്നതു കേൾക്കാനാണ് ഇന്നത്തെ ക്രിസ്ത്യാനികൾ ആഗ്രഹിക്കുന്നത്. എന്താകുന്നു സമൃദ്ധിയുടെ പ്രസംഗം അത് – ദൈവമേ നീ എന്നെ സമാധാനത്തോടെ വസിക്കുമാറാക്കിയതിനു ഞാൻ നിന്നെ സ്തുതിക്കുന്നു, എനിക്കു ദേവദാരു കൊണ്ടുള്ള ഭവനം തന്നതിനു ഞാൻ നിന്നെ വാഴ്ത്തുന്നു, എന്നാൽ ദൈവമേ എനിക്കു ഇതു മാത്രം പോരാ. എനിക്കു സ്വർണ്ണം പൂശിയ ഭവനം വേണം, കാരണം ഞാൻ രാജാവിന്റെ മകനാകുന്നു. ഞാൻ ചോദിക്കുന്നതെല്ലാം നീ എനിക്കു നൽകിത്തരണം. എന്നെ അഭിവൃദ്ധിപ്പെടുത്തുന്നത് നീയാണ്. എന്തുകൊണ്ടാണ് ഇന്നത്തെ സഭയിൽ ശുശ്രൂഷ ഭാരവും മിഷനറി ദർശനവും കുറയുന്നത്? ശുശ്രൂഷക്കായി ത്യാഗം സഹിക്കുന്നത് ഇന്നത്തെ സഭയിൽ കുറയുന്നത് എന്തുകൊണ്ട്? എന്തുകൊണ്ടാണ് ശുശ്രൂഷക്കായി സമർപ്പിക്കുന്ന യൗവ്വനക്കാരുടെ എണ്ണം ഇന്നു സഭയിൽ കുറയുന്നത്? ഇതുപോലെയുള്ള ചോദ്യങ്ങൾ നാം ചോദിച്ചാൽ മറ്റു അനേക കാരണങ്ങളും നാം കണ്ടെത്തും. മറ്റനേക കാരണങ്ങൾ ഉണ്ടെങ്കിലും ഇതിനുള്ള പ്രധാന കാരണം തെറ്റായ പഠിപ്പിക്കലുകളാണ്. ദുരുപദേശം സഭക്കുള്ളിൽ കടന്നുവന്നു കാൻസർ പോലെ സഭയെ നശിപ്പിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുന്നു എന്നതു സത്യമാണ്! ഉല്പത്തി. 12:2,3 ൽ ദൈവം അബ്രഹാമിനോടു പറഞ്ഞു: "ഞാൻ നിന്നെ വലിയൊരു ജാതിയാക്കും; നിന്നെ അനുഗ്രഹിച്ചു നിന്റെ പേർ വലുതാക്കും; നീ ഒരു അനുഗ്രഹമായിരിക്കും. നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും; നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും." നാം സഭക്കും ദേശത്തിനും അനുഗ്രഹമായിരിക്കണം എന്നത് ഇന്നു നാം മറക്കുന്നു. ദൈവവേലയെക്കുറിച്ചുള്ള ഭാരം ഇല്ലാതെ പോകുന്നു. എല്ലാ അനുഗ്രഹങ്ങളും നമ്മുടേതു മാത്രമായിരിക്കണമെന്നു നാം പ്രതീക്ഷിക്കുന്നു. ഈ തെറ്റായ ചിന്താഗതി എവിടെ നിന്നാണ് ഉത്ഭവിച്ചതെന്നു കണ്ടെത്തുവാൻ ശ്രമിച്ചാൽ രണ്ടു കാരണങ്ങളുണ്ടെന്ന നിഗമനത്തിൽ എത്തും. 1. ദൈവത്തിന്റെ അനുഗ്രഹം ലൗകീക വസ്തുക്കളാണ്. 2. ദൈവത്തിന്റെ അനുഗ്രഹം നമുക്കു വേണ്ടി മാത്രമുള്ളതാണ്.

ദൈവത്തിന്റെ അനുഗ്രഹങ്ങൾ ലൗകീകവും ഭൗതികവും ആണെന്നു ആളുകൾ ചിന്തിക്കുമ്പോൾ അവർ സഭയിൽ നിന്നു മറ്റു സഭകളിലേക്കും ഒരു പാസ്റ്ററിൽ നിന്നും മറ്റുള്ളവരിലേക്കും മാറിക്കൊണ്ടിരിക്കും. അവർ ശക്തന്മാരായ മിഷനറിമാരെ നോക്കി അവരുടെ പിന്നാലെ ഓടും. ദൈവീക അനുഗ്രഹം കേവലം ലൗകീകവും ഭൗതികവും മാത്രമല്ല. തീർച്ചയായും ദൈവം നമ്മുടെ ഭൗതീക ആവശ്യങ്ങൾ നിറവേറ്റിത്തരും. എന്നാൽ ദൈവത്തിന്റെ അനുഗ്രഹങ്ങൾ നമ്മുടെ സ്വാർത്ഥതക്കായി ഉപയോഗിക്കുവാനുള്ളതല്ല.

ദൈവം ആത്മീക ജീവിതത്തിലും നമ്മെ അനുഗ്രഹിക്കും. ദൈവം തന്റെ ആത്മാവിനാൽ നമ്മെ ശുദ്ധീകരിക്കും. അവൻ തന്റെ വചനത്താൽ നമ്മെ ഉത്സാഹിപ്പിക്കും. നമ്മുടെ പ്രാർത്ഥനകളിൽ അവൻ നമുക്കു ദർശനങ്ങൾ നൽകും. എന്നാൽ ഇത് ഒരു അനുഗ്രഹമായി നാം കണക്കിടാറില്ല.

കാരണം ആ വിധത്തിൽ നമ്മെ പഠിപ്പിച്ചിട്ടില്ല. നീ ലോകത്തിനു ഒരു അനുഗ്രഹമായിരിക്കും എന്നതാണ് ദൈവത്തിന്റെ അനുഗ്രഹം. ഇന്നത്തെ ക്രിസ്തീയ ജീവിതത്തിൽ ഒന്നുകിൽ നാം അത്മീക അനുഗ്രഹത്തെ മറക്കുന്നു അല്ലെങ്കിൽ മറക്കുവാൻ ശ്രമിക്കുന്നു. വേദപുസ്തകം ശരിയായ വിധം പഠിപ്പിക്കുന്നതിനു നേതാക്കൾ ഇല്ലാത്ത ഇന്നത്തെ സാഹചര്യത്തിൽ നമ്മുടെ പ്രാർത്ഥനകൾ സ്വാർത്ഥപരമായി മാറിയിരിക്കുന്നു – "ദൈവമേ എന്നെ അനുഗ്രഹിക്കണമേ, എന്റെ കുടുംബത്തെ അനുഗ്രഹിക്കണമേ, എന്റെ മക്കളെ അനുഗ്രഹിക്കണമേ." ദൈവം നമുക്കു അനുഗ്രഹങ്ങളെ നൽകിയിരിക്കുന്നു അതിനാൽ അതു നമ്മിലൂടെ മറ്റുള്ളവരിലേക്കു കൈമാറണം അങ്ങനെ നാം മറ്റുള്ളവർക്ക് ഒരു അനുഗ്രഹമായി തീരണം. ദൈവം ദാവിദിനെ അനുഗ്രഹിച്ചു, എന്നാൽ ദാവിദ് അല്പം കൂടെ വലിയൊരു കൊട്ടാരം പണിയുന്നതിനെക്കുറിച്ചു ചിന്തിച്ചില്ല പകരം ദൈവത്തിന്റെ പെട്ടകം കൂടാരത്തിൽ ഇരിക്കുന്നതിനെ കുറിച്ചു ആശങ്കാകുലനായി ദൈവനാമ മഹത്വത്തിനായി ഒരു ദൈവാലയം പണിയുന്നതിനെക്കുറിച്ചു ചിന്തിച്ചു. ഈ നിമിഷത്തിലും അവന്റെ ചിന്ത ദൈവത്തെക്കുറിച്ചായിരുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമ്പോൾ ആവശ്യത്തിലിരിക്കുന്ന മറ്റുള്ളവരെക്കുറിച്ചു നാം ചിന്തിക്കണം.

ക്രിസ്തീയ ജീവിതം ക്രിസ്തു കേന്ദ്രീകൃതമായിരിക്കണം, അല്പം സ്വയത്തിനും കൂടുതൽ മറ്റുള്ളവർക്കും; ഇങ്ങനെ നാം പ്രവർത്തിക്കുമ്പോൾ നമ്മൾ കൂടുതൽ സന്തോഷമുള്ളവരാകും. ദൈവം ദാവിദിനെ അനുഗ്രഹിച്ചപ്പോഴും ദൈവത്തിനായി ഒരു കൂടാരം പണിയണമെന്നതിൽ ദാവിദിന്റെ ഹൃദയം ഭാരപ്പെട്ടു. ഇന്ന് ദൈവരാജ്യത്തെക്കുറിച്ചു ഭാരപ്പെടുന്ന ഇത്തരത്തിലുള്ള ഹൃദയങ്ങളെയാണ് ദൈവം നമ്മിൽ തേടുന്നത്. ഇന്നും നമ്മുടെ രാജ്യത്ത് യേശുവിനെ കുറിച്ചു ഒരു പ്രാവശ്യം പോലും കേൾക്കാത്ത ആളുകളുണ്ട്. യേശുക്രിസ്തു ഇതു തന്റെ അവസാന കല്പനയിൽ പറഞ്ഞു – "ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ടു സകല ജാതികളെയും ശിഷ്യരാക്കി കൊൾവിൻ". മത്തായി 28:19,20. 18–ാം വാക്യത്തിൽ പറയുന്നു, "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു". ഈ അധികാരത്തെ നാം മനസ്സിലാക്കണം. ഒരു സാധാരണ മനുഷ്യരെ പോലെ വേല ചെയ്യുവാനല്ല ദൈവം നമ്മെ വിളിച്ചത്. ഇന്ന് ആത്മാക്കളെക്കുറിച്ചുള്ള ഭാരവും ശുശ്രൂഷക്കായുള്ള തിടുക്കവും സഭയിൽ സാവാധാനത്തിൽ കുറഞ്ഞു പോകുന്നു. 24 മണിക്കൂറും പ്രക്ഷേപണം ചെയ്യുന്ന ടിവി ചാനലുകളിൽ എവിടെയെങ്കിലും ദൈവവേലയെ കുറിച്ചു സംപ്രേഷണം ചെയ്യുന്ന ഏതെങ്കിലും പ്രോഗ്രാമുകൾ ഉണ്ടോ? വ്യക്തിപരമായ അനുഗ്രഹങ്ങളെക്കുറിച്ചുള്ള പ്രോഗ്രാമുകൾ മാത്രമാണ് സംപ്രേഷണം ചെയ്യുന്നത്. ക്രിസ്ത്യാനിത്വം എങ്ങോട്ടാണ് പോകുന്നത്? സഭയിൽ ആത്മീക ഉണർവ്വു കൊണ്ടുവരുന്നതിനാണ് ദൈവം നമ്മെ വിളിച്ചത്. തീർച്ചയായും നാം സാധാരണക്കാരാണ്

എന്നാൽ രാജ്യത്തെ കുലുക്കുവാനും സുവിശേഷം പ്രഘോഷിക്കുവാനും രാജാധി രാജാവിനെ സേവിക്കുന്നതിനുമായി നാം വിളിക്കപ്പെട്ടിരിക്കുന്നു.

ഞാൻ കെന്റക്കിൽ ദൈവശാസ്ത്രം പഠിക്കുന്ന വേളയിൽ, എപ്പോൾ എന്റെ പഠനം അവസാനിക്കും; എന്ന് എനിക്കു സുവിശേഷം പ്രസംഗിക്കുന്നതിനും കർത്താവിനെ സേവിക്കുന്നതിനും പോകുവാൻ കഴിയും എന്നതിനെ കുറിച്ചു പരവേശിതനായിരുന്നു. കർത്താവിനായി എനിക്കു ആത്മാക്കളെ നേടണമായിരുന്നു. എനിക്കു ഇഷ്ടമുള്ള മൃഗം കുതിരയായിരുന്നു. കെന്റക്കിൽ വെച്ചു ഞാൻ കുതിരയെ കാണുന്ന വേളയിലൊക്കെ കർത്താവിനു വേണ്ടി എന്തെങ്കിലുമൊക്കെ നേടിയെടുക്കുന്ന ഒരു കറുത്ത കുതിരയായി എന്നെ ഭാവനയിൽ കാണുമായിരുന്നു. എന്നാൽ അതിന്റെ കഴുത്തിൽ ഒരു കയറു കെട്ടിയിട്ടിരിക്കയാണ്. എന്റെ സ്വപ്രയത്നത്താൽ ആ കയറു പൊട്ടിച്ച് ഓടുവാൻ ഞാൻ ആഗ്രഹിച്ചു. ഒരു ഹോശന്ന ഞായറാഴ്ച ആരാധനയിൽ വായിച്ച തിരുവചന ഭാഗം ഇതായിരുന്നു, യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു "കഴുതക്കുട്ടിയെ അഴിച്ചു കൊണ്ടുവരുവിൻ". തുടർന്നു കർത്താവ് എന്നോടു പറഞ്ഞു "എന്റെ സമയം വരുമ്പോൾ ഞാൻ നിന്നെ അഴിച്ചു വിടാം. നിന്നെ ഒരു രാജകീയ കുതിരയായി നീ ചിന്തിക്കരുത്. എന്നെ വഹിക്കുന്ന ഒരു സാധാരണ കഴുതയായി നീ തീരണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്"

ആ കഴുത കർത്താവിനെ വഹിച്ചു കൊണ്ടു പോയപ്പോൾ അനേക ആളുകൾ തങ്ങളുടെ വസ്ത്രങ്ങൾ വഴിയിൽ വിരിച്ചു; മറ്റു ചിലർ മരത്തിന്റെ കൊമ്പുകൾ വെട്ടി വഴിയിൽ നിരത്തി. അവർ അത്യുച്ചത്തിൽ കർത്താവിനെ പുകഴ്ത്തി: ഹോശന്ന!!. കർത്താവ് എന്നോടു പറഞ്ഞു, "നീ എന്നെ ചുമക്കുന്ന ഈ കഴുതയെ പോലെ മാത്രമാണ്. തെരുവിൽ ആളുകൾ ചെയ്തതൊക്കെ നിനക്കു വേണ്ടിയല്ല എനിക്കായി ചെയ്യുന്നു". ഇതിനെക്കുറിച്ച് വ്യക്തമായ ധാരണയില്ലാത്തതിനാൽ ഇന്ന് പല പ്രഭാഷകരും തെറ്റിദ്ധരിക്കപ്പെടുന്നു. കഴുതയുടെ പുറത്തു നിന്ന് യേശു ഇറങ്ങിയാൽ പിന്നെ കഴുതക്കു ഒരു വിലയും ഇല്ല. യേശുവിനെ വഹിക്കുവാൻ ദൈവം നമുക്കൊരു അവസരം നൽകിയിരിക്കുന്നു. സുവിശേഷം ലോകത്തിൽ എത്തിക്കുവാനുള്ള അവസരം. ദാവീദ് ദൈവസന്നിധിയിൽ തന്നെത്തന്നെ സമർപ്പിച്ചു കൊണ്ട് ഇപ്രകാരം പറഞ്ഞു, "ഞാൻ ആരാകുന്നു കർത്താവേ?"; നമുക്കും സ്വയം വിനയാന്വിതരായി പറയാം. അങ്ങയെ ചുമക്കുവാനും അങ്ങയുടെ സുവിശേഷം രാജ്യത്തെമ്പാടും പ്രചരിപ്പിക്കുകയും ചെയ്യുന്ന ഒരു കഴുതയെപ്പോലെ ഞാൻ എന്നെത്തന്നെ സമർപ്പിക്കുന്നു. അബ്രഹാമിലൂടെ ദേശത്തെ അനുഗ്രഹിച്ച അതെ ദൈവം നമ്മിലൂടെ ഈ രാജ്യത്തെ അനുഗ്രഹിക്കുവാൻ ആഗ്രഹിക്കുന്നു. നമുക്കു വേണ്ടിയല്ല ദൈവത്തിനു വേണ്ടി ജീവിക്കുവാൻ നമ്മെ ദൈവസന്നിധിയിൽ സമർപ്പിക്കാം. ദൈവമായ കർത്താവ് നമ്മെ ഓരോരുത്തരെയും അനുഗ്രഹിക്കുമാറാകട്ടെ.

**Dr. V.C.T. പ്രഭു സിങ്,**
**SAIACS ബാംഗ്ലൂർ.**






# തമിഴ്നാട് വാർഷീക സംസ്ഥാന കൺവൻഷൻ 2024

പ്രകൃതി രമണിയമായ ബഥേൽ ക്യാമ്പസിലെ ശാന്തമായ അന്തരീക്ഷത്തിൽ ഉടനീളം പ്രതിധ്വനിച്ച വരികൾ, "**ഞാൻ ആരാകുന്നു**". കർത്താവ് നൽകിയ ഈ മനോഹരമായ സ്ഥലത്തു സംഘടിപ്പിച്ച സംസ്ഥാന ക്യാമ്പിൽ പങ്കെടുക്കുവാനുള്ള ആഗ്രഹത്തോടെ ദൈവമക്കൾ ട്രെയിനിലും ബസ്സിലും പ്രത്യേക വാഹനങ്ങളിലും സ്വന്തം വാഹനങ്ങളിലും കുടുംബമായും വ്യക്തികളായും മെയ് 15 മുതൽ കടന്നു വരുവാൻ തുടങ്ങി. രജിസ്ട്രേഷന്റെയും താമസസൗകര്യങ്ങളുടെയും ചുമതലക്കാരായ ചെന്നയിലെ റെഡ്ഹിൽ പ്രാദേശിക നേതാക്കന്മാരും സന്നദ്ധ പ്രവർത്തകരും വന്നു ചേർന്ന എല്ലാവരെയും ഹാർദ്ദവമായി സ്വാഗതം ചെയ്തു. വേദവാക്യങ്ങളാൽ അലംകൃതമായ ബഥേൽ ക്യാമ്പസ് എല്ലാവരുടെയും ഹൃദയത്തെ കവർന്നു. കലാകാരനായ മിഷനറി നവനീഥർ അണ്ണന്റെ കഠിന പ്രയത്നത്താൽ കൈകൊണ്ടു വരച്ച ചിത്രങ്ങളും വംശീയ വിവരങ്ങളും ജാതിക്കൂട്ടങ്ങളുടെ ചിത്രങ്ങളും മിഷനറിമാരുടെ ജീവചരിത്രങ്ങളും പ്രധാന ഹാളിൽ ഉടനീളം സ്ഥാപിച്ചിരുന്നു.

മെയ് 16 ന് തമിഴ്നാട് വാർഷീക സംസ്ഥാന കൺവൻഷന്റെ ഉത്ഘാടന യോഗം പ്രാർത്ഥനയോടു കൂടെ ആരംഭിച്ചു. ശ്രീ. ഇ ഡി എ ജോൺ ധനരാജും ശ്രീ. ഹെന്റി ബാസിംഗറും നേതൃത്വം നൽകുന്ന മധുരൈ സംഗീത സംഘം ശ്രുതി മധുരമായ ഗാനം യോഗത്തിൽ സംബന്ധിച്ചവരോടു ചേർന്നു പാടി. ഗുജറാത്ത് സി എൻ ഐ മഹായിടവക ബിഷപ്പ് റൈറ്റ് റവ. സിൽവാനസ് ക്രിസ്റ്റ്യൻ, പ്രധാന പ്രസംഗകൻ, ബഥേൽ ഡയറക്ടർ, സംഘാടകസംഘം എന്നിവരെ വൈസ് പ്രസിഡണ്ട് ശ്രീ. എസ് ജയിംസ് ധർമ്മബാലൻ സ്വാഗതം ചെയ്തു. ജനറൽ സെക്രട്ടറി റവ. എസ്. ജോൺ ബർലിൻ ഗുജറാത്ത് മഹായിടവക ബിഷപ്പിനെ പരിചയപ്പെടുത്തി. ബിഷപ്പ് സമ്മേളനം ഉത്ഘാടനം ചെയ്യുകയും ഗുജറാത്ത് മഹായിടവകയുടെ ആശംസകൾ അറി



യിക്കുകയും ചെയ്തു. ഈ വർഷത്തെ ചിന്താവിഷയമായ ഞാൻ ആരാകുന്നു (2 ശമുവേൽ 7:18)എന്നത് ഒരു മൺപാത്രം സംസാരിക്കുന്നു എന്ന ആശയത്തോടു ചേർത്തു റവ. എസ് രവികുമാർ മനോഹരമായി അവതരിപ്പിച്ചു. ബഥേൽ എക്സിക്യൂട്ടിവ് ഡയറക്ടർ ശ്രീ. എൽ എബനേസർ യോഗത്തിൽ സംബന്ധിച്ചവർക്കു ആശംസകൾ നൽകുകയും യോഗത്തിലേക്കു സ്വാഗതം ചെയ്യുകയും ചെയ്തു. ചിന്താവിഷയം ഉൾക്കൊള്ളുന്ന പാട്ടുകൾ അടങ്ങിയ പെൻഡ്രൈവ് കമ്യൂണിക്കേഷൻ വിഭാഗം സെക്രട്ടറി ശ്രീമതി. മേഴ്സി സെൽവിൻ അവതരിപ്പിക്കുകയും പ്രസിഡണ്ട് ശ്രീ. സി റജിനാൾഡ് സമർപ്പിച്ചു പ്രാർത്ഥിച്ച് ആദ്യത്തെ കോപ്പി ഗുജറാത്ത് മഹായിടവക ബിഷപ്പിനു നൽകി. FMPB യിൽ സേവനം പൂർത്തീകരിച്ച മിഷനറിമാരെ അഭിനന്ദിക്കുകയും അവർക്കു അനുസ്മരണ ഉപഹാരങ്ങൾ നൽകുകയും ചെയ്തു. നല്ല പോർ പൊരുതി നിത്യതയിൽ പ്രവേശിച്ച മിഷനറിമാരെ ഓർത്തു ദൈവത്തെ സ്തുതിച്ചു. ജാർഖണ്ഡിൽ നിന്നു വന്ന സന്താൾ വിശ്വാസികൾ, പഞ്ചാബിൽ നിന്നും വന്ന സിക്ക് വിശ്വാസികൾ, മഹാരാഷ്ട്രയിലെ ആലപ്പള്ളി ബാലഭവനത്തിൽ നിന്നു വന്ന യൗവ്വനക്കാർ, ഹിമാചൽ പ്രദേശിൽ നിന്നും വന്ന മിഷനറി കുടുംബം, ഉത്തർപ്രദേശിൽ ജയിൽ വാസം അനുഭവിച്ച മിഷനറി കുടുംബം എന്നിവർ ഈ സമ്മേളനത്തെ പ്രത്യേകതയുള്ളതാക്കി. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ നമ്മുടെ മിഷൻ വയൽ വിശ്വാസികളുടെയും മിഷനറിമാരുടെയും ഉജ്ജ്വലമായ സാംസ്കാരിക വേഷമണിഞ്ഞ ഘോഷയാത്ര മീറ്റിംഗ് ഹാളിൽ തടിച്ചു കൂടിയ 3159 പേരെ ആവേശഭരിതരാക്കി.



ആദ്യ ദിവസത്തെ സന്ദേശം Dr. V. C. T. പ്രഭുസിങ് നൽകി. എല്ലാം തികഞ്ഞപ്പോൾ കർത്താവിനു വേണ്ടി എന്തെങ്കിലും ചെയ്യാനുള്ള ദാവിദിന്റെ ആഗ്രഹം അദ്ദേഹം പങ്കുവെച്ചതു കർത്താവിനു വേണ്ടി എന്തെങ്കിലും ചെയ്യുവാൻ തീരുമാനം എടുക്കുവാൻ ആളുകളെ പ്രോത്സാഹിപ്പിച്ചു. ഉച്ചഭക്ഷണത്തിനു ശേഷം യൗവ്വനക്കാർക്കും, കൗമാരക്കാർക്കും കുട്ടികൾക്കും പ്രത്യേക യോഗങ്ങൾ സംഘടിപ്പിച്ചു. 517 യൗവ്വനക്കാരും 708 കൗമാരക്കാരും കുട്ടികളും ഈ സമ്മേളനത്തിൽ പങ്കെടുത്തു. സന്താൾ വിശ്വാസികളുടെ സാംസ്കാരിക നൃത്തവും സാക്ഷ്യവും കൂടിവന്ന 1569 മുതിർന്നവരെ ആവേശഭരിതരാക്കി. സന്ധ്യായോഗത്തിൽ ആലപ്പള്ളി ബാലഭവനത്തിൽ നിന്നും വന്ന നമ്മുടെ വിശ്വാസികളുടെ മക്കളുടെ സാക്ഷ്യത്തിലൂടെ ദൈവനാമം മഹത്വപ്പെട്ടു. നവനീഥർ അണ്ണന്റെ ലൈറ്റ് ആൻഡ് സൗണ്ട് പ്രോഗ്രാമിലൂടെ നമ്മുടെ മിഷനറിമാരുടെ വെല്ലുവിളികളുയർത്തുന്ന പ്രവർത്തനത്തെയും വിശ്വാസികളുടെ സമർപ്പണത്തെയും എടുത്തു കാണിച്ചു. ഓരോ സെഷനിലും തീരുമാനമെടുക്കുന്നവർക്കു ശ്രീ. എ പി കനകരാജിന്റെ നേതൃത്വത്തിലുള്ള സംഘം ആവശ്യമായ ആലോചനയും മാർഗ്ഗദർശനവും നൽകി.



മെയ് 17, ക്യാമ്പിലെ രണ്ടാം ദിനം ഉപവാസ പ്രാർത്ഥനയായി സംഘടിപ്പിച്ചു. പങ്കെടുത്തവർ എല്ലാവരും ഉപവസിച്ച് കണ്ണുനീരോടു കൂടെ ദേശത്തിനും നമ്മുടെ ശുശ്രൂഷകൾക്കും വേണ്ടി പ്രാർത്ഥിച്ചു. സന്താൾ, സിക്ക് വിശ്വാസികളുടെ സാസ്കാരിക പ്രോഗ്രാമുകളും ശുശ്രൂഷ വിവരണങ്ങളും പ്രാർത്ഥനക്കു പ്രചോദനകരമായിരുന്നു. ഹിമാചൽ പ്രദേശത്തെ പ്രവർത്തനത്തിനുള്ള വെല്ലുവിളികൾ പങ്കുവെച്ചത് പ്രാർത്ഥനയുടെ ഭാരം വർദ്ധിപ്പിച്ചു. ജയിൽ മോചിതനായ ഉത്തർപ്രദേശ് മിഷനറിയുടെ സാക്ഷ്യം എല്ലാവരുടെയും കണ്ണിനെ ഈറനണിയിച്ചു. Dr. V. C. T. പ്രഭുസിങ് നൽകിയ സന്ധ്യ സന്ദേശം കർത്താവിന്റെ വേലക്കായി അനേകർ തങ്ങളെത്തന്നെ സമർപ്പിക്കുന്നതിനു സഹായകരമായി.

മെയ് 18, മൂന്നാം ദിനം റവ. ഡി. പോൾ സോളമന്റെ സന്ദേശം അനേകരെ തീരുമാനമെടുക്കുവാൻ സഹായിച്ചു. പങ്കെടുത്തവർ ജില്ലാടിസ്ഥാനത്തിൽ ഗ്രൂപ്പായി തിരിഞ്ഞ് അതാതു പ്രദേശത്തെ നേതാക്കന്മാരോടും സഹകാരികളോടും ചേർന്ന് 2024 -2025 സാമ്പത്തീക വർഷത്തെ പ്രവർത്തനം സംബന്ധിച്ചു ആലോചിച്ചു.

ഉച്ചകഴിഞ്ഞ് നമ്മുടെ സംഘടനയിലെ വിവിധ വിഭാഗത്തിലെ പ്രവർത്തകരും സന്നദ്ധ പ്രവർത്തകരും അവരുടെ പ്രവർത്തന അനുഭവങ്ങളും സംഘടനയുടെ ലക്ഷ്യം പൂർത്തീകരിക്കുന്നതിനു അവർ നിർവഹിക്കേണ്ട ചുമതലകളും പങ്കുവെച്ചതു എല്ലാവരും പരിഗണനയിൽ എടുത്തു. ഈ വർഷം നവദമ്പതികൾക്കായി പ്രത്യേക യോഗം നടത്തി. റവ. എസ് ഇമ്മാനുവേലും ശ്രീമതി വാസന്തി ഇമ്മാനുവേലും കുടുംബജീവിതത്തെക്കുറിച്ച മികച്ച അവതരണം നൽകി. ഇത് പങ്കാളികൾക്കു മികച്ച വഴികാട്ടിയായി. സന്ധ്യ വേളയിൽ മനോഹരമായ പുൽമേടിൽ ഒത്തു കൂടിയവർക്കായി ജനറൽ സെക്രട്ടറി റവ. ജോൺ ബർലിൻ ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ പരിശുദ്ധാത്മാവിന്റെ നിറവിൽ ദൈവവചനം പ്രഘോഷിച്ചു. അനേകർ കണ്ണുനീരോടെ കർത്താവിനായി തങ്ങളുടെ ജീവിതങ്ങളെ പുനർ സമർപ്പിച്ചു.

മെയ് 19, ക്യാമ്പിന്റെ അവസാന ദിനം രാവിലെ 4.30 ന് തിരുവത്താഴ ശുശ്രൂഷയോടു കൂടെ ആരംഭിച്ചു. വളരെ താൽപര്യത്തോടെ അനേകർ ദൈവസന്നിധിയിൽ ഇരുന്നു. പ്രസിഡണ്ട് ശ്രീ. റജിനാൾഡ് നൽകിയ സന്ദേശം അനേകരെ ആഴമായി സ്വാധീനിച്ചു. അതിനെ തുടർന്നു 9 മണിക്ക് സ്കാൻ സെഷൻ നടന്നു. റവ. എസ് ദാനിയേൽ തോമസ് ദൈവവചനം പങ്കുവെച്ചു. ഉച്ചഭക്ഷണത്തോടു കൂടി ക്യാമ്പ് സമംഗളം പര്യവസാനിച്ചു.

ഈ ക്യാമ്പിൽ കൗമാരക്കാരും യുവജനങ്ങളും കുട്ടികളും അനേക പ്രാർത്ഥന സ്റ്റേഷനുകൾ ക്രമീകരിച്ചു ആത്മാർത്ഥമായി പ്രാർത്ഥിച്ചു. ഉപവാസ പ്രാർത്ഥന ദിനത്തിൽ 45 കുട്ടികൾ രണ്ടു നേരത്തെ ഭക്ഷണം വെടിഞ്ഞു പ്രാർത്ഥിക്കുവാൻ തയ്യാറായത് അവിസ്മരണിയമത്രെ. യുവജന യോഗത്തിൽ 106 കുട്ടികൾ യേശുവിനെ രക്ഷകനായി സ്വീകരിച്ചു. 61 കുട്ടകൾ പൂർണ്ണ സമയ ശുശ്രൂഷക്കായി തങ്ങളെത്തന്നെ സമർപ്പിച്ചു. യൗവ്വനക്കാർ ചേർന്നു 128 പുതിയ പ്രാർത്ഥനക്കൂട്ടങ്ങൾ രൂപീകരിച്ചു. 46 കൗമാരക്കാർ ദൈവവേലക്കായി തങ്ങളെ സമർപ്പിച്ചു. കൗമാരക്കാരുടെതായി 93 പ്രാർത്ഥനക്കൂട്ടങ്ങൾ രൂപീകരിച്ചു. അവർ 7855 രൂപ സംഭാവനയായി നൽകി. കുട്ടികളുടെ യോഗത്തിൽ 93 പേർ യേശുവിനെ രക്ഷിതാവായി സ്വീകരി

ച്ചു. അതു കൂടാതെ 124 കുട്ടികൾ രാജ്യത്തിനും മിഷനറിമാർക്കും വേണ്ടി പ്രാർത്ഥിക്കുന്നതിനു തങ്ങളെ സമർപ്പിച്ചു. ആറു പേർ പൂർണ്ണ സമയ സുവിശേഷ വേലക്കായി സ്വയം സമർപ്പിച്ചു. കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ആലോചനകൾ നൽകി. ഈ വർഷം 15 കുട്ടികൾ സമ്പാദ്യ പെട്ടികൾ തിരികെ കൊണ്ടുവന്നു. പുതുതായി 18 പുതിയ പെട്ടികൾ വിതരണം ചെയ്തു.

ക്യാമ്പിന്റെ കൺവീനർ ശ്രീ. പി. ദേവരാജ്, കോ ഓർഡിനേറ്റർ പ്രൊഫ. ജെ അരുൾരാജ് ദാനിയേൽ, ക്യാമ്പ് ട്രഷറർ ശ്രീ. പ്രിൻസ് മുത്തുരാജ്, ജോയിന്റ് ട്രഷറർ ശ്രീ. എഡിസൺ രത്നം, ശ്രീ. ഡി അലൻ, ശ്രീ. എസ് ധനസിങ് എന്നിവരും അവരോടു ചേർന്ന് ധാരാളം സന്നദ്ധ സേവകരും ഈ വർഷത്തെ സംസ്ഥാന സമ്മേളനത്തിന്റെ വിജയത്തിനായി അഹോരാത്രം കഠിനാദ്ധ്വാനം ചെയ്തു. അവരെ അഭിനന്ദിക്കുന്നതിനൊപ്പം അവരോടുള്ള ഹൃദയംഗമായ നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു.

ഭക്ഷണത്തിന്റെ ഉത്തരവാദിത്വം വഹിച്ച ഷോളിങ്കനല്ലൂർ മൊബലൈസേഷൻ ജില്ല നേതാക്കളായ ശ്രീ. ഡി. എലിയ ഇനോക്ക്, ശ്രീ. ജെ ഏബ്രഹാം, ശ്രീ. പി പൊൻരാജ്, സന്നദ്ധ പ്രവർത്തകർ എന്നിവർ ഉജ്ജ്വലമായി പ്രവർത്തിച്ചു. ഇവരോടുള്ള നന്ദി അറിയിക്കുന്നു. ഈ ക്യാമ്പ് അനുഗ്രഹകരമാക്കുന്നതിനു അദ്ധ്വാനിച്ച എല്ലാ പൂർണ്ണ സമയ മിഷനറിമാരോടും ഹോണററി മൊബലൈസേഷൻ സെക്രട്ടറിമാരോടും, പ്രാർത്ഥനക്കൂട്ടത്തിന്റെയും സ്കാനിന്റെയും നേതാക്കന്മാരോടും ബഥേൽ മാനേജ്മെന്റിനോടുമുള്ള നന്ദിയറിക്കുന്നു. ദൈവത്തിന്റെ പരിശുദ്ധനാമം മഹത്വപ്പെടുമാറാകട്ടെ.

**റവ. എസ്. ദാനിയേൽ തോമസ്**
തമിഴ്നാട് & പോണ്ടിച്ചേരി – മൊബലൈസേഷൻ സെക്രട്ടറി

# മിഷനറി സമർപ്പണം



ദൈവകൃപയാൽ നമ്മുടെ മിഷനറിമാരിൽ ഒരാളെ കേരളത്തിൽ പാലക്കാട്ട് വെച്ച് 9/6/2924 ൽ സമർപ്പിച്ചു. ഈ മിഷനറിയെ ശ്രീ. സുമൈലും കുടുംബവുമാണ് സ്പോൺസർ ചെയ്തിരിക്കുന്നത്. ഈ മിഷനറിയെ പ്രാർത്ഥനയാലും സാമ്പത്തീകമായും സഹായിക്കുന്നതിനു മുന്നോട്ടു വന്ന ഈ കുടുംബത്തിനായി ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു. റവ. വിനോദ് അലൻ ഈ സമർപ്പണ ശുശ്രൂഷക്കു നേതൃത്വം നൽകി. റവ. മാത്യു ജോർജ്ജ്. റവ. ഡെന്നീസ്, റവ. ഷിബു എന്നിവർ ചേർന്നു മിഷനറിയെ അനുഗ്രഹിച്ചു പ്രാർത്ഥിച്ചു. പാസ്റ്റർ കൃഷ്ണകുമാർ ആരാധനക്കു നേതൃത്വം നൽകി. തുടർന്നു മിഷനറി തന്റെ അനുഭവസാക്ഷ്യവും മണിപ്പൂരിന്റെ പ്രാർത്ഥന ആവശ്യവും പങ്കുവെച്ചു. റവ. സ്റ്റാൻലി ജോർജ്ജ്, മാവേലിക്കര ദൈവവചന ശുശ്രൂഷ നിർവഹിച്ചു. പാലക്കാട് ഹോണററി സെക്രട്ടറി. ശ്രീ. പി പി ചെറിയാന്റെ നന്ദി പ്രകടനത്തോടു കൂടി യോഗം ഉപസംഹരിച്ചു.

**റവ. ഗോൾഡൻ ഇമ്പരാജ്, മൊബലൈസേഷൻ സെക്രട്ടറി, മലബാർ റീജിയൻ**

## മുള്ളിനു നേരെ ചവിട്ടുന്നത് അപകടം

കർണ്ണാടകയിൽ ഹൂബ്ലി ജില്ലയിലെ ഉപ്ലദാനി ഗ്രാമത്തിന്റെ ഭരണ സംവിധാനം അവിടെ ക്രിസ്തുമസ് പ്രോഗ്രാം നടത്തുന്നത് നിരോധിച്ചു. എന്നിരുന്നാലും വിശ്വാസികൾ സഹിഷ്ണതയോടെ പ്രാർത്ഥിച്ചു. ദൈവം പ്രവർത്തിക്കുമെന്ന തികഞ്ഞ വിശ്വാസത്തോടെ കർത്താവിൽ ആശ്രയിച്ച് ദൈവാലയത്തിന്റെ മുമ്പിൽ ക്രിസ്തുമസ് പ്രോഗ്രാം നടത്തുന്നതിനു ക്രമീകരണം ചെയ്തു. ദൈവാലയവും പരിസരവും മനോഹരമായി അലങ്കരിച്ചു. സമീപ സഭകളിൽ നിന്നുള്ള വിശ്വാസികളും പങ്കെടുക്കുന്നതിനായി വന്നു ചേർന്നു. ആ ഗ്രാമത്തിലെ മുതിർന്നവരും കുട്ടികളും പ്രോഗ്രാം കാണുന്നതിനായി ദൈവാലയത്തിന്റെ മുമ്പിൽ കൂടിവന്നു. പ്രോഗ്രാം തുടർന്നു കൊണ്ടിരിക്കെ പ്രോഗ്രാമിനെ തടസ്സപ്പെടുത്തി സമീപത്തെ അമ്പലത്തിൽ നിന്നും മൈക്കിലൂടെ ഗ്രാമത്തലവന്റെ അറിയിപ്പ് വന്നു. ക്രിസ്തുമസ് പ്രോഗ്രാം നിർത്തിവെച്ചു എല്ലാ ക്രിസ്ത്യാനികളും അമ്പലത്തിന്റെ മുമ്പിൽ കൂടിവരുവാൻ ആജ്ഞാപിച്ചു. ഈ ആജ്ഞയെ തള്ളിക്കളഞ്ഞു കൊണ്ട് വിശ്വാസികൾ പ്രോഗ്രാം തുടർന്നു നടത്തി മംഗളകരമായി അവസാനിപ്പിച്ചു. അടുത്ത ദിവസം ഗ്രാമത്തലവന്റെ ഭാര്യയെ ദുരാത്മാവ് ബാധിച്ചു. അവളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഗ്രാമത്തിലെല്ലടാവും ആദരവോടു കൂടിയ ഭയം ഉരുവായി. ഇപ്പോൾ എല്ലാ ക്രിസ്തീയ പ്രോഗ്രാമുകളും തടസ്സമില്ലാതെ നടക്കുന്നു. എല്ലാവരും സമാധാനത്തോടടെ കഴിയുന്നു.


## FINANCE DEPARTMENT




**FMPB Bank Account details for sending the offering through online transaction**

A/c Name: **FRIENDS MISSIONARY PRAYER BAND**

**ICICI** - A/c No. 602701216912 - IFS Code ICIC0006027 - Branch: Anna Nagar

**ICICI Bank UPI ID: fmpb01@icici**

**SBI** - A/c No. 10402752621 - IFS Code SBIN0000987 - Branch: Ambattur

**Indian Bank** - A/c No. 406157474 - IFS Code IDIB000A599 - Branch: Venkatapuram

Kindly contact us: **finance@fmpb.org, WhatsApp: 7904648270**

## BARCODE

**facilities to send your offertory**

**Kindly avail the BARCODE facility also to send your offertory to the ministries of FMPB.**

# കോതമ്പു മണിയായി വീണു!



## റവ. റാം സിങ് ഭായ് വസാവ

(1957 - 2024)

ഗുജറാത്തിൽ ബറൂക്ക് ജില്ലയിലെ വാലിയ താലുക്കിലുള്ള സാമർപാട ഗ്രാമത്തിൽ 1957 ജൂൺ 16 ന് റവ. റാം സിങ് ബായ് വസാവ ജനിച്ചു. നാലു വയസ്സുള്ളപ്പോൾ അവന്റെ മാതാപിതാക്കൾ മരിച്ചു. സെയിന്റ് സേവ്യർ ഹൈ സ്കൂളിൽ പഠിക്കുന്ന വേളയിൽ യേശു ക്രിസ്തുവിനെ അല്പമായി അറിഞ്ഞു. കോളജ് വിദ്യാഭ്യാസത്തിനു സൗകര്യമില്ലാത്തിനാൽ ഗ്രാമത്തിലെ കൃഷിയുടെ ഉത്തരവാദിത്വം ഏറ്റെടുത്തു.

1980 ൽ FMPB സാമർപാട ഗ്രാമത്തിൽ സുവിശേഷ പ്രഘോഷിച്ച വേളയിൽ ജീവിതത്തിൽ സ്വസ്ഥതയില്ലാത്ത റാംസിങ് യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പന്ത്രണ്ടാം ക്ലാസ്സ് പഠനം പൂർത്തീകരിച്ച റാം സിങിനു സർക്കാരിൽ ലേഖകനായി ജോലി ലഭിച്ചു. അവൻ ജോലി രാജി വെച്ചു ആദ്യകാല മിഷനറിമാരായ റവ. ജോൺ പോൾ ധനസിങ്, റവ. നേശമണി എന്നിവരോടു ചേർന്നു ഗ്രാമ സുവിശേഷീകരണത്തിൽ സന്നദ്ധ സുവിശേഷകനായി പ്രവർത്തിച്ചു. 1982 –1989 കാലഘട്ടത്തിൽ ഗുജറാത്തിലെ ചക്ര, ഡേഡിയപാട എന്നീ മിഷൻ വയലുകളിൽ പ്രാദേശിക സുവിശേഷകനായി പ്രവർത്തിച്ചു. 1986 ജനുവരി 28 ന് ഉർമ്മിള ബന്നിനെ വിവാഹം കഴിച്ചു. ദൈവം അവർക്കു നാലു പെൺമക്കളെയും – പ്രീതി, പ്രഗതി, സാറ, റിങ്കോ – ഒരു മകനെയും – ആശീഷ് ജോൺ – നൽകിയനുഗ്രഹിച്ചു. 1989 ൽ അദ്ദേഹം പൂർണ്ണ സമയ മിഷനറിയായി. യവത്മാളിൽ ഒരു വർഷത്തെ പരിശീലനത്തിൽ ഏർപ്പെട്ടു. തുടർന്നു 1993 – 1994 ൽ ബീഹാറിലെ ഗോപാൽ ഗഞ്ച് മിഷൻ വയലിൽ പ്രവർത്തിച്ചു. 1995 –1999 ൽ മഹാരാഷ്ട്രയിലെ ദാദ ഗൗണിൽ പ്രവർത്തിച്ചു. 1999 നു ശേഷം അദ്ദേഹം ഗുജറാത്തിലെ സെളംമ്പ, മോസാലി, വാലിയ, കാരോട്, കൊസാമ്പ എന്നീ മിഷൻ വയലുകളിൽ ശുശ്രൂഷ തുടർന്നു. ആഴമായ സമർപ്പണത്തോടെ ദൈവവേല ചെയ്ത റവ. റാം സിങ് പ്രവർത്തിച്ച മേഖലകളിൽ എല്ലാം നിരവധി ആരാധനക്കൂട്ടങ്ങൾ രൂപീകരിച്ചു. 2022 ജൂൺ 30 ന് സജീവ സേവനത്തിൽ നിന്നു വിരമിക്കുന്നതു വരെ അദ്ദേഹം വിശ്രമമില്ലാതെ കർത്താവിനെ സേവിച്ചു. 2024 ജൂൺ 8 ന് ഉണ്ടായ ഹൃദയ സ്തംഭനത്തിലൂടെ അദ്ദേഹം ദൈവ രാജ്യത്തിലേക്കു പ്രവേശിച്ചു. വേർപാടിന്റെ ദുഃഖത്തിലായിരിക്കുന്ന അദ്ദേഹത്തിന്റെ ഭാര്യയെയും മക്കളെയും അവരുടെ കുടുംബങ്ങളെയും ദൈവം ആശ്വസിപ്പിക്കേണ്ടതിനായി നമുക്കു പ്രാർത്ഥിക്കാം.

**ശ്രീമതി. ജയ സുന്ദരി ജപരാജ്,**
**കമ്യൂണിക്കേഷൻ വിഭാഗം.**

# കോതമ്പു മണിയായി വീണു!



## ശ്രീമതി. ജയശീലി ദേവദാസ്

ഗുജറാത്തിലെ കുക്ന ആദിവാസി സമൂഹത്തിനായി ശ്രീമതി ജയശീലി യിസ്രായേൽ തന്റെ ജീവിതത്തെ സമർപ്പിച്ചു. തമിഴ്നാടിന്റെ തെക്കൻ ജില്ലയായ തീരുനെൽവേലി ജില്ലയി ലുള്ള മണർക്കാടു ഗ്രാമത്തിലെ സബ്ബ് ഇൻസ്പെക്ടറായ ശ്രീ. വേദമുത്തു വിന്റെയും ശ്രീമതി സുന്ദരിയുടെയും നാലു മക്കളിൽ ഒരാളായി 1957 ജൂൺ 23 ന് ജയശീലി ജനിച്ചു. ചെറു പ്രായം മുതലെ അവൾ മാതാപിതാക്കൾക്കും കർത്താവിനും പ്രസാദകരമായ ജീവിതം നയിച്ചു. സ്കൂളിൽ പഠിക്കുന്ന വേള യിൽ സഹപാഠികളോടു യേശുവിനെ പങ്കുവെക്കുന്നതിൽ അവൾ സന്തോഷി ച്ചു. പതിനൊന്നാം ക്ലാസ്സിൽ പഠിക്കുന്ന വേളയിലെ സ്ഥിരീകരണ ക്ലാസ്സിൽ വെച്ചു അവൾ യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു. ആത്മീയ കൂട്ടായ്മയിലൂടെ സുവിശേഷീകരണ ആവശ്യകത ഗ്രഹിച്ച ജയശീലി കർത്താ വിന്റെ വേലക്കായി തന്നെ സമർപ്പിച്ചു. സ്കൂൾ പഠനം പൂർത്തീകരിച്ച ജയ ശീലി ടൈപ്പിംഗ് പഠിച്ചു. 1977 ൽ FMPB യിൽ പൂർണ്ണ സമയ മിഷനറിയായി ചേർന്നു. ഉത്തർപ്രദേശിലെ അലഹബാ ദിലേക്കു മിഷനറി പരിശീലനത്തിനായി അയച്ചു. 1977 മെയ് 27 ന് ശ്രീ. യിസ്രാ യേൽ ദേവദാസുമായുള്ള വിവാഹം നടന്നു. തുടർന്നു ഗുജറാത്തിലെ ഡാങ്സ് ജില്ലയിലെ പിപ്പൽവാടയിൽ ജീവിക്കുന്ന കുക്ന ജനങ്ങളുടെ മദ്ധ്യെ പ്രവർത്തിക്കുന്നതിനായി പോയി. ആ നാളുകളിൽ നല്ല നിറമുള്ള മുളകളാൽ നിർമ്മിച്ച കുടിലുകളിലാണ് ഈ ജന ങ്ങൾ വസിച്ചിരുന്നത്. ക്രൂരമായ കടുവ കൾ ചുറ്റി നടക്കുന്ന വനത്തിനുള്ളിൽ ചിതറി കിടക്കുന്ന കുടിലുകളാണ് ഇവ രുടെ ഭവനം, വൈദ്യുതിയോ ഗതാഗത സൗകര്യമോ വൈദ്യ സഹായമോ ലഭ്യ മല്ലാത്ത പ്രദേശമാണിത്.

ശ്രീമതി ജയശീലി തന്റെ ഭർത്താവി നോടു ചേർന്നു ദുർമന്ത്രവാദികളും ഗ്രാമത്തലവന്മാരും നിയന്ത്രിച്ചിരുന്ന ഗ്രാമങ്ങളിൽ സുവിശേഷ വേല ചെയ്തു. അവളുടെ തീഷ്ണമായ പ്രാർ ത്ഥനയയുടെ ഫലമായി ദൈവത്തിന്റെ ആത്മാവ് അത്ഭുതം പ്രവർത്തിക്കു വാൻ തുടങ്ങി. ജനങ്ങൾ കൂട്ടമായി ദൈവത്തിൽ വിശ്വസിക്കുവാനും തുട ങ്ങി. ഇന്ന് 45,000 ത്തിലധികം കുക്ന ജനങ്ങൾ യേശുവിനെ രക്ഷിതാവാ യി സ്വീകരിച്ചു. അവർ ഇന്ന് നൂറു കണക്കിനു ആരാധനക്കൂട്ടങ്ങളിൽ ദൈവത്തെ ആരാധിക്കുന്നു. ഇതിനെ ല്ലാം അടിസ്ഥാനമിട്ടത് ശ്രീമതി. ജയ ശീലിയും റവ. യിസ്രായേൽ ദേവദാസു മാകുന്നു. 1989 ൽ അവർ പൂനയിലെ UBS കോളജിൽ ദൈവശാസ്ത്ര പ ഠനത്തിനായി പോയി. തുടർന്ന് അവർ പിപ്പൽവാഡയിൽ നേതൃത്വ പരിശീലന കേന്ദ്രം ആരംഭിച്ചു അതിനു നേതൃത്വം നൽകി. കുറച്ചു കാലം ഝാൻസിയിലെ നാഷണൽ മിഷനറി പരിശീലന കേന്ദ്ര ത്തിനു നേതൃത്വം നൽകി. അവിടുത്തെ ജോലി പൂർത്തീകരിച്ചതിനെ തുടർന്നു അവർ ഗുജറാത്തിലെ പിപ്പൽവാഡയി ലേക്കു തിരികെ വന്നു. ഭർത്താവിനൊപ്പം ശുശ്രൂഷക്കു പോകുന്ന ജയശീലി

ഗ്രാമത്തിലുള്ള സ്ത്രീകളുടെ പ്രശ്നങ്ങൾ കേൾക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക എന്നത് അവളുടെ പതിവായിരുന്നു. പരിശീലന കേന്ദ്രത്തിലെത്തുന്ന എല്ലാവരെയും സ്വാഗതം ചെയ്യുകയും അവരോടു ഊഷ്മളമായി പെരുമാറുകയും ചെയ്യുമായിരുന്നു.

ഒടുവിലായി സജീവ സേവനത്തിൽ നിന്നു വിരമിക്കുന്നതു ശ്രീമതി. ജയശീലി മകളോടു കൂടെ പാർത്തു കൊണ്ടു പ്രവർത്തിച്ചു. അനാരോഗ്യത്താൽ അല്പകാലം കഷ്ടപ്പെട്ടു. 2024 ജൂൺ 11 നു നിത്യതയിൽ പ്രവേശിച്ചു. ഗ്രേസ്, ഗ്ലോറി എന്നീ രണ്ടു പെൺമക്കളെയും ജയിംസ്, നോഹ എന്നീ രണ്ടു ആൺമക്കളെയും ദൈവം ഈ മിഷനറി കുടുംബത്തെ അനുഗ്രഹിച്ചു. എല്ലാവരും വിവാഹിതരായി സാക്ഷ്യമുള്ള ജീവിതം നയിക്കുന്നു. ശ്രീമതി ജയശീലിയുടെ മനോഹരമായ സമർപ്പിത ജീവിതത്തിനായി നമുക്കു ദൈവത്തെ സ്തുതിക്കാം. മക്കളുടെയും കൊച്ചുമക്കളുടെയും ആശ്വാസത്തിനായി പ്രാർത്ഥിക്കുക.

**റവ. ഡി. ഏബ്രഹാം,**
**കമ്മ്യുണിക്കേഷൻ വിഭാഗം.**



# മിഷൻ '24

## വാർഷീക മിഷനറി ക്യാമ്പ് - വിശാഖ, ആന്ധ്രപ്രദേശ്

വിശാഖപട്ടണത്തിൽ നിന്നും 110 കിലോമീറ്റർ അകലെയുള്ള അരക്കു വാലി ഹിൽ സ്റ്റേഷനിലെ സെയിന്റ് ജോസഫസ് ബാല ഭവനത്തിൽ വെച്ചു വിശാഖപട്ടണത്തിലുള്ള അംഗങ്ങൾക്കായ് വാർഷിക മിഷനറി ക്യാമ്പ് ദൈവനാമ മഹത്വത്തിനായി സംഘടിപ്പിക്കുവാൻ ദൈവം സഹായിച്ചു. 38 യുവജനങ്ങളും 23 കുട്ടികളും ഉൾപ്പടെ ആകെ 150 പേർ ഈ ക്യാമ്പിൽ സംബന്ധിച്ചു. മുതിർന്നവർക്കും യുവജനങ്ങൾക്കും കുട്ടികൾക്കും പ്രത്യക യോഗങ്ങൾ സംഘടിപ്പിച്ചു.

ശ്രീ. മനോഹ, അസിസ്റ്റന്റ് കമ്മിഷണർ, മുതിർന്നവരുടെ യോഗത്തിൽ മുഖ്യ സന്ദേശം നൽകി. FMPB യുടെ യുവജന വിഭാഗം നേതാക്കന്മാരായ ശ്രീ. ജോൺ ജേക്കബും, ശ്രീ. വന്യയും യുവാക്കളുടെ ക്ലാസ്സുകൾ കൈകാര്യം ചെയ്തു. ശ്രീ. യോനഥാനും ശ്രീമതി. മേഴ്സിയും സംഘവും കുട്ടികളുടെ യോഗങ്ങൾക്കു നേതൃത്വം നൽകി. എല്ലാ പ്രോഗ്രാമുകളും ദൈവനാമ മഹത്വത്തിനായി ഏറെ പ്രയോജനകരമായി നടത്തി. പ്രദേശിക FMPB നേതാക്കന്മാരും FMPB യുടെ യുവജന വിഭാഗവും ക്യാമ്പ് വിജയകരമായി സംഘടിപ്പിച്ചു.

**- ശാന്തി രമ്യരാജു, FMPB വിശാഖപട്ടണം**



# ഡോളിയാമ്പർ സഭ ചരിത്രം

**സൗത്ത് വെസ്റ്റ് റീജിയൻ II വെസ്റ്റേൺ സോൺ, ഗുജറാത്ത്**

എഴുതിയത്:
**റവ. എൽ മാസിലാ മണി**

**പൊതുവായ വിവരങ്ങൾ:**
ഗുജറാത്തിൽ ഡാങ്സ് ജില്ലയിലെ സുബിർ താലൂക്കിലുള്ള ഒരു ഇടത്തരം ഗ്രാമമാണ് ഡോളിയാമ്പർ. ഈ ഗ്രാമം മൽഗ പഞ്ചായത്തിന്റെ കീഴിലാണ്. ഈ ഗ്രാമത്തിൽ നിന്നും 50 കിലോമീറ്റർ അകലെയുള്ള അഹവയാണ് ഡബ്ബ് ജില്ലയുടെ ആസ്ഥാനം.

**ആരംഭം:**
1981 മെയ് 8 ന് മിഷനറി ശ്രീ. മാസിലാമണിയും ഭാര്യ ശ്രീമതി വൻമതിയും അവരുടെ രണ്ടു വർഷവും എട്ടു മാസവും പ്രായമായ പൈതൽ ജോൺ കിങ്സ്ലിയുമായി പിപ്പൽവാഡ ഗ്രാമത്തിൽ എത്തി ഒരു വാടക വീട്ടിൽ താമസിച്ചു കൊണ്ട് അഹവ മിഷൻവയൽ ആരംഭിച്ചു. കർത്താവിന്റെ വേല ചെയ്യുന്ന സന്ദർഭത്തിൽ ജുന്നർ ഗ്രാമത്തിലുള്ളവർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു എന്ന മനസ്സിലാക്കിയപ്പോൾ 30.11.1981 ഈ കുടുംബം ജുന്നർ ഗ്രാമത്തിലേക്കു താമസം മാറ്റി. അഹവ മിഷൻവയലിൽ (ആരംഭകാലത്ത് പിപ്പൽദഹാദ് എന്നായിരുന്നു പേര്) സ്വദേശ സുവിശേഷകനായി പ്രവർത്തിക്കുന്നതിനായി ശ്രീ. സമ്പത്ത് ഭായിയെ തിരഞ്ഞെടുത്തു. 3.5.1982 ൽ അദ്ദേഹം ജുന്നറിൽ എത്തി. സമീപ ഗ്രാമങ്ങളിൽ നിന്നു അനേക രോഗികൾ ജുന്നർ ഗ്രാമത്തിൽ കടന്നു വന്നു മിഷനറിമാരുടെയും സുവിശേഷകന്റെയും പ്രാർത്ഥനയാൽ സൗഖ്യം പ്രാപിച്ചു.

**ഡോളിയാമ്പർ ഗ്രാമത്തിലെ ആദ്യ വിശ്വാസി:** ഡോളിയാമ്പർ ഗ്രാമത്തിലെ മനുഭായ് ഭവദു ഭായ് ഉമർഷാല തന്റെ ഭാര്യയുടെ സൗഖ്യത്തിനായി തീവ്രമായി ആഗ്രഹിച്ചിരുന്നു. അദ്ദേഹത്തിന്റെ സാക്ഷ്യം:



"എന്റെ പേര് മനു ഭായ് ഭവദു ഭായ് എന്നാകുന്നു. ഞാൻ ഡോളിയാമ്പർ ഗ്രാമത്തിലാണ് ജീവിക്കുന്നത്. ഞാൻ നെഞ്ചു വേദനയാലും തൊണ്ട വേദനയാലും കഷ്ടപ്പെട്ടു. ശരീരം മുഴുവൻ നീറ്റൽ അനുഭവപ്പെട്ടു. ബർദോലി പട്ടണത്തിലുള്ള ആശുപത്രിയിൽ എന്നെ പ്രവേശിപ്പിച്ചു. ആരോഗ്യത്തിൽ ഒരു പുരോഗതിയും ഉണ്ടായില്ല. പിന്നീട് എന്നെ മഹുവ പട്ടണത്തിലുള്ള ഒരു പീർ മുസ്ലിം പള്ളിയിൽ (മുസ്ലിം വിശുദ്ധന്റെ ശവകുടീരം) കിടത്തി, പിന്നീട് അംബാല നഗരത്തിലെ പീർ പള്ളിയിൽ 52 ദിവസം കിടത്തി,

പുരോഹിതന്മാരിലൂടെ ആത്മാക്കൾക്കു വഴിപാട് നൽകി പരമ്പരാഗത രീതിയിലുള്ള ഭക്തി മാർഗ്ഗങ്ങൾ അവലംബിച്ചു. എന്റെ ബന്ധുക്കളും ആത്മാക്കളെ തൃപ്തിപ്പെടുത്തുന്നതിനായി കോഴി, ആടു തുടങ്ങിയവയെ ബലികളർപ്പിച്ചു. ഇത്തരത്തിലുള്ള പൂജകൾ നടത്തിയിട്ടും ആയിരക്കണക്കിനു രൂപ ചിലവിട്ടിട്ടും എന്റെ ആരോഗ്യത്തിൽ ഒരു മാറ്റവും വന്നില്ല. പിന്നീട് കുടുംബാംഗങ്ങൾ എല്ലാവരും ചേർന്നു ക്രിസ്തീയ വിശ്വാസം പിന്തുടർന്നു ഒരു പരീക്ഷണം നടത്താമെന്നു തീരുമാനിച്ചു. എന്റെ ഗ്രാമത്തിലെ സക്കറാം എന്നയാൾ എന്നോടു ക്രിസ്ത്യാനികൾ ജുന്നർ ഗ്രാമത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും അവിടെ അവർക്കു ഒരു ദൈവാലയം ഉണ്ടെന്നും പറഞ്ഞു. ഒരു ഞായറാഴ്ച ഞാൻ ദൈവാലയത്തിൽ പോയി അവിടുത്തെ ആരാധനയിൽ സംബന്ധിച്ചു. സുവിശേഷകൻ സാമ്പാ ഭായിയും മിഷനറി എൽ മാസിലമണിയും എനിക്കു വേണ്ടി പ്രാർത്ഥിച്ചു. അവരുടെ പ്രാർത്ഥനയാൽ എനിക്കു സൗഖ്യം ലഭിച്ചു. ആ ദിവസം മുതൽ ഞാനും എന്റെ കുടുംബാംഗങ്ങൾ എല്ലാവരും ക്രിസ്ത്യാനികളായി. 4.7.1982 ൽ ഞങ്ങൾ ജുന്നർ സഭയിലെ അംഗങ്ങളായി തീർന്നു”.

ഡോളിയാമ്പർ ഗ്രാമത്തിലെ ആദ്യയോഗം ഗ്രാമത്തലവനായ മോത്തിറാം ഭായിയുടെ ഭവനത്തിൽ വെച്ച് 31.7.1982 ൽ നടത്തി. സുവിശേഷകൻ സമ്പത്ത് ഭായി ആ ഗ്രാമത്തിൽ ക്രമമായി രാത്രിയോഗങ്ങൾ നടത്തി. ആറു കുടുംബങ്ങൾ ജുന്നർ സഭയിലെ ഞായറാഴ്ച ആരാധനയിൽ പങ്കെടുത്തു. ഈ ആദ്യ വിശ്വാസികളെ ജൂന്നർ ഗ്രാമത്തിൽ നിന്നു പുറത്താക്കിയതിനെ തുടർന്നു മിഷനറിയെ അവരുടെ ഗ്രാമത്തിൽ വിളിച്ചു കൊണ്ടു വന്നു ശുശ്രൂഷ തുടരുന്നതിനു സഹായിച്ചു.

**എതിർപ്പിനെ തുടർന്നുണ്ടായ അന്വേഷണത്തിൽ ആദ്യ വിശ്വാസിയുടെ സാക്ഷ്യം:** ഒരു സർക്കാർ പ്രൈമറി സ്കൂൾ അദ്ധ്യാപകനായ അർജുൻ ഭായ് ചൗദരിയാണ് ജുന്നർ ഗ്രാമത്തിലെ ക്രിസ്തീയ പ്രവർത്തനത്തെ എതിർക്കുന്നതിനു തുടക്കമിട്ടത്. ആ ഗ്രാമത്തിൽ നിന്നും ഒമ്പതു കുട്ടികളെ ബഥേൽ ബാലഭവനത്തിലേക്കു കൂട്ടിക്കൊണ്ടു വന്നതാണ് എതിർപ്പിനു കാരണം. മിഷനറിമാർക്കെതിരെ വലിയൊരു സംഘത്തെ ഗ്രാമത്തലവൻ സംഘടിപ്പിച്ചു. സുവിശേഷകരെയും പുതിയ വിശ്വാസികളെയും ചോദ്യം ചെയ്തു. അവർക്കെതിരായി സംഘടിപ്പിച്ച യോഗത്തിൽ മനുഭായിയും അദ്ദേഹത്തിന്റെ ഭാര്യയും ധൈര്യപൂർവ്വം ക്രിസ്തുവിനെ സാക്ഷിച്ചു. ജുന്നർ ഗ്രാമത്തിൽ നിന്നും അവരെ പുറത്താക്കിയാൽ മിഷനറിമാരെ തങ്ങളുടെ ഗ്രാമത്തിലേക്കു വിളിച്ചു കൊണ്ടു പോകുമെന്നും പറഞ്ഞു. അന്വേഷണ സംഘം മിഷനറിയും വിശ്വാസികളും ജുന്നർ ഗ്രാമത്തിനു വെളിയിൽ പോകണമെന്നു ആജ്ഞാപിച്ചു. 30.8.1982 ൽ സുവിശേഷകൻ ജുന്നർ ഗ്രാമം വിട്ടു അഹവായിലേക്കു പോയി. ഡോളിയാമ്പർ ഗ്രാമത്തിലേക്കു മിഷനറിമാരെ ക്ഷണിക്കുന്നതിനു ഗ്രാമത്തലവന്റെ ഉള്ളിൽ ദൈവം പ്രവർത്തിച്ചു.

**ഡോളിയാമ്പർ ഗ്രാമത്തിന്റെ തലവൻ മോത്തിറാം ഭായ് സുക്കിറാവു ഭായ് റത്തോഡിന്റെ സാക്ഷ്യം:**



“എന്റെ ഭാര്യയുടെ പേര് ഗംഗുബൻ മോത്തിറാം രത്തോഡ്. അവൾ ശരീരത്തിലും മനസ്സിലും രോഗമുള്ളവളായിരുന്നു. മാനസിക വിഭ്രാന്തിയിൽ അവൾ ആളുകളുടെ ഇടയിൽ നിന്നു ഓടിപ്പോകുമായിരുന്നു. ഭഗത് എന്നറിയപ്പെ

ടുന്ന മത പൂജാരികളെ ഞാൻ വിളിച്ചു ആട്, പ്രാവ്, തേങ്ങ തുടങ്ങിയവ ബലിയർപ്പണം നടത്തി. മന്ത്രവാദികളെ വിളിച്ചു എന്റെ ഭാര്യയിൽ നിന്നും ദുരാത്മാവിനെ പുറത്താക്കുവാൻ ശ്രമിച്ചു. എന്നാൽ അവൾക്കു സൗഖ്യം ലഭിച്ചില്ല. എന്റെ ഭാര്യയുടെ ബോറിനപാട ഗ്രാമത്തിലെ ബന്ധുക്കൾ ക്രിസ്ത്യാനികളായി. അവർ അവളെ ദെഹർ ഗ്രാമത്തിലെ ദൈവാലയത്തിലേക്കു ക്ഷണിച്ചു. അവിടെ വെച്ചു അവൾ പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു. അങ്ങനെ ഞാനും എന്റെ മുഴു കുടുംബവും യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ഞങ്ങളുടെ ഗ്രാമത്തിലെ മനു ഭായിയിലൂടെ ജുന്നർ ഗ്രാമത്തിൽ നിന്നു മിഷനറിമാരെ പുറത്താക്കിയെന്നു മനസ്സിലാക്കി. അങ്ങനെ ഞാനും മനു ഭായിയും കൂടെ മിഷനറി എൽ മാസിലാമണിയെയും കുടുംബത്തെയും അഹവയിൽ നിന്നും ഞങ്ങളുടെ ഗ്രാമത്തിൽ വന്നു പ്രവർത്തിക്കുന്നതിനായി ക്ഷണിച്ചു. 1982 ഡിസംബർ മുതൽ പ്രവർത്തനം ആരംഭിച്ചു. ഞാനും എന്റെ അളിയൻ ബിക്കു ഭായിയും മിഷനറിയുടെ കൂടെ പോയി മറ്റു ഗ്രാമങ്ങളിൽ പോയി സുവിശേഷം അറിയിച്ചു. ഒരു കാലത്ത് കുപ്രസിദ്ധരായ ഡോളിയാമ്പർ ഗ്രാമത്തിലെ ജനങ്ങൾ ക്രിസ്ത്യാനികളായി തീർന്നെന്നും അവർ ഇപ്പോൾ മിഷനറി വേലയെ സഹായിക്കുന്നുവന്നും മറ്റുള്ളവരോടു സക്ഷ്യത്തിലൂടെ വെളിപ്പെടുത്തി".

**മിഷനറി ഡോളിയാമ്പർ ഗ്രാമത്തിലേക്കു മാറുന്നു:**

മിഷനറിമാർ ജുന്നർ ഗ്രാമത്തിൽ നിന്നും 12.3.1983 ൽ ഡോളിയാമ്പർ ഗ്രാമത്തിലേക്കു താമസം മാറ്റി. ഈ എതിർപ്പിന്റെ കാലത്ത് അഹവ സിഎൻഐ ചർച്ച് പാസ്റ്റർ റവ. ടി. വി. ഗായ്ക്കാട് നന്മെ ഏറെ സഹായിച്ചു. മിഷനറിമാർ ആരംഭത്തിൽ ഗ്രാമത്തലവന്റെ ഭവനത്തിന്റെ വരാന്തയിലാണ് താമസിച്ചത്. പിന്നീട് ഒരു മുറിയിൽ താമസിക്കുവാൻ തുടങ്ങി. ആ മുറിയുടെ ഒരു മൂലയിൽ ആടുകളും മറു വശത്ത് പശുക്കളും കാളകളും ഉണ്ടായിരുന്നു. അവരുടെ ലളിതമായ ജീവിതം ലളിത ജീവിതം നയിക്കുന്ന ഗോത്രവർഗ്ഗക്കാരെ എറെ ആകർഷിച്ചു. ക്രിസ്ത്യാനികൾക്കും അന്വേഷകർക്കും അടിയന്തിരമായ പ്രഥമ ശുശ്രൂഷകൾ നൽകികൊണ്ടു ചില വൈദ്യസഹായങ്ങൾ നൽകി. ദൈവം ധാരാളം അത്ഭുതങ്ങൾ പ്രവർത്തിച്ചു. അനേകർ യേശുവിൽ വിശ്വാസം അർപ്പിച്ചു ക്രിസ്ത്യാനികളായി തീർന്നു.

**സഭയുടെ വളർച്ച:**

വർളി ഗ്രാമത്തിലെ ദല ഭായ് തന്റെ സാക്ഷ്യങ്ങൾ പങ്കുവെക്കുന്നു: "ഞാൻ പിമ്പ്രി മിഡിൽ സ്കൂളിലാണ് എട്ടാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സുവരെ പഠിച്ചത്. പത്താം ക്ലാസ്സിലെ അവധിക്കാലത്ത് ഡോളിയാമ്പർ ഗ്രാമത്തിൽ ചെന്നപ്പോൾ എന്റെ കാലിലുണ്ടായ നീരു നിമിത്തം ഞാൻ കഠിന വേദനയാൽ കഷ്ടപ്പെട്ടു. അതിൽ നിന്നു പഴുപ്പും വരുവാൻ തുടങ്ങി, വേദനയുടെ ആധിക്യത്താൽ ഞാൻ രാത്രി മുഴുവൻ കരഞ്ഞു. ഞാൻ വൻമതി മസിലാമണിയെയും എന്റെ സഹോദരി സാറു ബന്നിനെയും റാണാ ബന്നിനെയും വിളിച്ചു എനിക്കു വേണ്ടി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. ആ രാത്രി മിഷനറി എൽ മാസിലമണി എനിക്കു വേണ്ടി പ്രാർത്ഥിച്ചു. ഞാൻ അന്നു സൗഖ്യം പ്രാപിച്ചു. 21.9.1985 ൽ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഇപ്പോൾ ഞാൻ CNI സഭയിലെ ഒരു പട്ടക്കാരനായി കർത്താവിന്റെ വേല ചെയ്യുന്നു".

**വലിയ കൊയ്ത്ത്:** 24.10.1983 ൽ മുംബയിലെ ബാൻഡൂപ്പ് തമിഴ് മെഥടിസ്റ്റ് ചർച്ചിലെ ഏഴു അംഗങ്ങൾ ഡോളിയാമ്പർ ഗ്രാമം സന്ദർശിച്ചു. അവർ സ്പോൺസർ ചെയ്യുന്ന മിഷനറിയാണ് എൽ മാസിലാമണി. രാത്രി എട്ടു മണി മുതൽ രാവിലെ 7 വരെ ഭജൻ മണ്ഡലി യോഗം നടത്തി ഏകദ്ദേശം 250 ആളുകൾ സംബന്ധിച്ചു. 26.10.1983 ൽ റവ. എസ്. രത്തന

മണിയുടെയും ശ്രീ. ടി. വി ഗ്വായ്ക്കോടിന്റെയും നേതൃത്വത്തിൽ 75 ആളുകൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഡോളിയാമ്പർ ഗ്രാമത്തലവൻ മോത്തിറാമിന്റെ കുടുംബാംഗങ്ങൾ, അയാളുടെ അളിയൻ ബിക്കു ഭായി (ഖർബാരി) എന്നിവർ സ്നാനപ്പെട്ടു. ഡോളിയാമ്പർ ഗ്രാമത്തിലെ റവ. എസ് അരുൾരാജിന്റെ നേതൃത്വത്തിൽ നവ ജീവൻ സേവ മണ്ഡിൽ സാക്ഷരത പ്രവർത്തനം ആരംഭിച്ചു.

**ദൈവാലയ നിർമ്മാണം:**

മോത്തിറാമിന്റെ ഭവനത്തിലാണ് ആരാധന യോഗങ്ങൾ നടത്തികൊണ്ടിരുന്നത്. ആരാധനയിൽ പങ്കെടുക്കുന്നവരുടെ എണ്ണം വർദ്ധിച്ചപ്പോൾ അവരുടെ ഗ്രാമത്തിൽ ഒരു ആരാധാനാലയം പണിയുന്നതിനു പദ്ധതിയിട്ടു. മോത്തിറാം ഭായ് ദൈവാലയ നിർമ്മാണത്തിനാവശ്യമായ വസ്തു ദാനമായി നൽകി. വിശ്വാസികൾ ആവശ്യമായ തടിയും ഭീത്തിക്കാവശ്യമായ മുളയും ദാനമായി നല്കി. വിശ്വാസികൾ സൗജന്യ സേവനത്തിലൂടെ താൽക്കാലിക ദൈവാലയം നിർമ്മിച്ചു. പ്രാദേശിക ഫോറസ്റ്റ് ഉദ്യോഗസ്ഥൻ ദൈവാലയത്തിനു മുമ്പിൽ ക്രൂശടയാളമുള്ള കൊടിയുയർത്തുന്നതിനു ഒരു മരം നൽകി. ഡോ. എസ് ദേവദാസ് ആദ്യത്തെ ദൈവാലയത്തിന്റെ സമർപ്പണ ശുശ്രൂഷ 27.06.1984 ൽ നിർവഹിച്ചു. വനപാലകൻ ഹാരമണിയിച്ചു. സമർപ്പണ ശുശ്രൂഷയിൽ 400 ലധികം ആളുകൾ സംബന്ധിച്ചു. സിഎൻഐ സുവിശേഷകൻ മധുക്കർ എം പവാർ (പിന്നീട് പട്ടക്കാരനായി) ആ രാത്രിയിലെ ഭജന് (സംഗീത ശുശ്രൂഷക്ക്) നേതൃത്വം നൽകി.

**ദൈവാലയ പ്രതിഷ്ഠ:**

ആദ്യ ദൈവാലയം പുതിക്കി പണിത് 22.4.1990 ൽ അതിന്റെ പ്രതിഷ്ഠ നടത്തി. റീജിനൽ സെക്രട്ടറി റവ. ജോൺസൺ ബർന്നബാസ് പ്രതിഷ്ഠാ ശുശ്രൂഷക്കു നേതൃത്വം നൽകി. ആ സമയത്തു ഡിബ്രഹാമായിരുന്നു മിഷൻ വയൽ മിഷനറി. മോത്തിറാം ഭായ് തന്റെ വസ്തുവിന്റെ മറ്റൊരു ഭാഗം ദൈവാലയത്തിനായ് നൽകി. വിശ്വാസികൾ സൗജന്യമായി ദൈവാലയം നിർമ്മിച്ചു. 50 അടി നീളവും 25 അടി വീതിയുമായിരുന്നു ദൈവാലയത്തിന്റെ വലിപ്പം. ഈ ദൈവാലയം 25.9.2007 ൽ പൂർത്തീകരിച്ചു. 19.10.2007 ൽ റവ. എസ് അരുൾരാജ് ഒരു സംഘത്തോടൊപ്പം വന്നു ദൈവാലയത്തിന്റെ പ്രതിഷ്ഠയിൽ സംബന്ധിച്ചു. വാർളി, ഭീൽ എന്നീ ജാതിക്കൂട്ടങ്ങളിലുള്ളവരാണ് ഈ സഭയിലെ വിശ്വാസികൾ. ശ്രീ. ജയറാം ഭായ് മോത്തിറാം ഭായ് സുവിശേഷകനായി പ്രവർത്തിച്ചു. ആരാധനയിൽ 60 - 90 ആളുകൾ സംബന്ധിക്കുന്നു. വെള്ളിയാഴ്ചകളിൽ രാത്രി പ്രാർത്ഥന കൂട്ടായ്മയും ബുധനാഴ്ച തോറും ഭവന പ്രാർത്ഥനകളും നടത്തുന്നു. എതിർപ്പുകളൊന്നുമില്ല. ആരംഭ നാളു മുതൽ ഇന്നുവരെ മനു ഭായ് സഭാമൂപ്പനായി പ്രവർത്തിക്കുന്നു. ദല ഭായ്, സീതറാം ഭായ് എന്നിവർ പൂർണ്ണ സമയ പ്രവർത്തകരായി സമർപ്പിച്ചു ഇന്ന സഭ പാസ്റ്ററന്മാരായി ശുശ്രൂഷ ചെയ്യുന്നു.

പിപ്പൽവാട മിഷൻ വയലിലെ ബർദിപാട ഗ്രാമത്തിൽ 2013 ഏപ്രിലിൽ സംഘടിപ്പിച്ച ഒരു യോഗത്തിൽ വെച്ച് ഈ സഭ സിഎൻഐ സഭയിൽ ലയിപ്പിച്ചു. 2004 ൽ ആരംഭിച്ച ലയന പ്രക്രീയ 2013 ഏപ്രിലിൽ പൂർത്തീകരിച്ചു. ലയിപ്പിച്ച സഭയുടെ നീയന്ത്രണം സിഎൻഐ മഹായിടവക നേരിട്ടു നടത്തുന്നു. ഗുജറാത്ത് സിഎൻഐ ഓർഡൈൻ ചെയ്ത FMPB സുവിശേഷകരാണ് ഈ സഭകളിലെ പട്ടക്കാർ.

**പ്രാർത്ഥന വിഷയങ്ങൾ:** മുഴു ഗ്രാമവും രക്ഷയിലേക്കു വരണം. പിന്മാറ്റക്കാർ വിശ്വാസത്തിലേക്കു മടങ്ങി വരണം. യുവജനങ്ങൾ ആരാധനയിൽ പതിവായി സംബന്ധിക്കണം. വിശ്വാസികളുടെ കുട്ടികൾക്കു വിദ്യാഭ്യാസത്തിനുള്ള സൗകര്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ഏലിയാക്കിം ജന, ഉർബാസി ഡിഗൽ
ദീപീക ഏലിയാക്കിം ജന,
ഹരമോഹൻ പ്രഭുദാസ്,
ജുബരാജ് ഭരതൻ, ഹെൻറി കെ,
സജ്ജയ കുമാർ ബീറോ,
പ്രിൻസസ് റോസിത എസ്,
ജോതി നിർമ്മല ബായി പുഷ്പരാജ്,
മനോജ് കുമാർ പാനി, ജഗദീശ്വരി നേതാലം,
അരുൺ ഘാന്ത, ദിനേശ് കുമാർ,

## ജമ്മു

### ആർ എസ് പുര

**ലുൻഞ്ജലാൽ സോങ്താറ്റ് & മേരി നെങ്നെകിം**

നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. എതിർപ്പിനെ തുടർന്നു പൂട്ടിയ അഗർസാക്ക് ഗ്രാമത്തിലെ ദൈവാലയം വീണ്ടും ആരാധനക്കായ് തുറന്നു. ശോഭാറാം ദൈവാലയത്തിൽ ഒരു കുടുംബം പുതുതായി കടന്നു വന്നു യേശുക്രിസ്തുവിനെ സാക്ഷിക്കുന്നു. അഗർസാക്ക് ദൈവാലയത്തിലെ പിന്മാറ്റക്കാർ ദൈവാലയത്തിലേക്കു മടങ്ങിവന്നു ദൈവസന്നിധിയിൽ പുനർസമർപ്പണം ചെയ്തു.

കുല്യാൻ ഗ്രാമത്തിലെ പിന്മാറ്റക്കാർ വിശ്വാസത്തിലേക്കു തിരികെ വന്നു തങ്ങളുടെ സമർപ്പണം പുതുക്കേണ്ടതിനായി പ്രാർത്ഥിക്കുക. നട്ടെല്ലു സംബന്ധമായ രോഗത്താൽ വലയുന്ന സഭാ മൂപ്പൻ സുനിത കുമാരി പൂർണ്ണ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കരക്പൂർ ഗ്രാമത്തിലെ പള്ളി ദേവിയുടെ ശസ്ത്രക്രീയക്കു ആവശ്യമായ പണം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നിഗല്ലപൂർ ഗ്രാമത്തിലെ കുടുംബങ്ങൾ തമ്മിലുള്ള സംഘർഷത്താൽ അവരുടെ ക്രിസ്തീയ സാക്ഷ്യവും സമാധാനവും നഷ്ടപ്പെട്ടു. ഇവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസികളായ കുലിയാൻ ഗ്രാമത്തിലെ ജാനു, അർണിയ ഗ്രാമത്തിലെ ചിത്തു, വിശാലി എന്നിവരുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക.

### ബസോലി

**സർക്കാർ രമേശ് ഭായി & ഗവിത് സുനിതബെൻ**

നാലു വിശ്വാസികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. കാദിപഹാടി ഗ്രാമത്തിൽ രാത്രി യോഗങ്ങൾ ആരംഭിച്ചു. സാക്ക ഗ്രാമത്തിൽ ഒരു പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു. ശുശ്രൂഷയിൽ നമ്മെ സഹായിക്കുന്ന സാഗരിന്റെ കുടുംബത്തിനു പുതിയ ഒരു ഭവനം പണിയുവാൻ ദൈവം സഹായിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും റിങ്കി ദേവി വിടുതൽ പ്രാപിച്ചു.

മങ്കൽ ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം തുടങ്ങുന്നതിനുള്ള പരിശ്രമം വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദൽബാദ്, മരൻപൂർ എന്നീ ഗ്രാമങ്ങളിലെ അമ്പലക്കമ്മറ്റികൾ അവിടുത്തെ ക്രിസ്തീയ പ്രവർത്തനം നിർത്തിവെക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നു. ഈ തീരുമാനം അവർ മാറ്റേണ്ടതിനായി പ്രാർത്ഥിക്കുക. ഈ പ്രദേശത്ത് ഗുരുവിനെ ആരാധിക്കുന്ന ദുരുപദേശക്കാരുടെ ജീവിതത്തിൽ പരിശുദ്ധാത്മാവ് ഇടപെട്ടു അവരിൽ മാനസാന്തരം ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

പ്രഭ കമാലി ഗോഡ്വിൻ
വസാവ ഹൻസ തോമസ്ബായി,
ജർണ പരിച്ച ബിപിൻ

### ബജൽത/ ഉദമ്പൂർ

**വസാവ ഏലേശ് പ്രഭു & സുനിത വെച്ചയ; അരുൺ ഘാന്ത & റേനു**

132 പേരോടു വ്യക്തഗതമായി സുവിശേഷം അറിയിച്ചു. മഹാശ, ഭഗത് എന്നീ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യെ സുവിശേഷീകരണത്തിന്റെ വാതിൽ തുറക്കേണ്ടതിനായി പ്രാർത്ഥിക്കുക. 13 വ്യക്തികൾ പുതുതായി ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. കുടുംബ പ്രശ്നങ്ങൾ നിമിത്തം ആത്മഹത്യയുടെ വക്കിലെത്തിയ മാൻവൽ ഗ്രാമത്തിലെ ജയലലയുടെ കുടുംബത്തെ ദൈവം വിടുവിച്ചു. പ്രാർത്ഥനയിലൂടെ അവർ കുടുംബത്തിൽ സമാധാനം അനുഭവിക്കുന്നു.

മഹശ, ബസുത്ത് എന്നീ ജാതിക്കുട്ടങ്ങളുടെ മദ്ധ്യത്തിൽ വലിയ ആത്മീക കൊയ്ത്തുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക.അദ്ധ്യാപകരില്ലാത്തതിനാൽ സ്കൂളുകൾ അടച്ചു. വിദ്യാർത്ഥികൾ അലഞ്ഞു തിരിഞ്ഞു നടക്കുന്നു. അവർ മയക്കു മരുന്നിനടികളാകുന്നു. ഈ സ്ഥിതിക്കു മാറ്റം വരേണ്ടതിനായി പ്രാർത്ഥിക്കുക. ശൈശവ വിവാഹം, മയക്കുമരുന്ന്, നിരക്ഷരത, ആഭിചാരം തുടങ്ങിയ സാമൂഹ്യ തിന്മകൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറിയുടെ അമ്മായിയമ്മ പക്ഷഘാതത്തെ തുടർന്നു ശയ്യാവലംബയായി. സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## ഹിമാചൽ പ്രദേശ്

### റാമ്പൂർ

**ദൗജപായോ ഗുയിതെ & ഫ്ളോറൻസ് ലംവുങ്**

സമുദായിക കലഹമുണ്ടായി രണ്ടു വർഷത്തിനു ശേഷം നമ്മുടെ മിഷനറി കുടുംബത്തിനു അഭയാർത്ഥി കേന്ദ്രങ്ങളിൽ കഴിയുന്ന അവരുടെ ബന്ധുക്കളെ സന്ദർശിക്കുവാൻ സാധിച്ചു. എട്ടു ഗ്രാമങ്ങളിൽ സുവിശേഷീകരണ പ്രവർത്തനം നടത്തി. ഈ യോഗങ്ങൾ വീണ്ടും നടത്തുവാൻ 13 കുടുംബങ്ങൾ നമ്മെ ക്ഷണിച്ചു. പ്രാർത്ഥനയുടെ മറുപടിയായി ലക്ഷ്മ ദേവിയുടെ തോളിലെ പ്രശ്നം കർത്താവ് സൗഖ്യമാക്കി.

കസബാദ് പ്രദേശത്ത് സുവിശഷത്തെ എതിർക്കുന്ന ഗോകുൽ റാം, ജനിലാൽ, മണിറാം, സൂര്യ പ്രകാശ്, ലക്ഷ്മിറാം എന്നിവർ മാനസാന്തരപ്പെട്ടു കർത്താവിന്റെ സ്നേഹം രുചിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക. ദേവരാജ്, റാംഗലി എന്നിവരുടെ കുടുംബം സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. റവോര മിഷൻ വയലിൽ നടത്തുന്ന ആരാധന യോഗത്തെ എതിർക്കുന്ന ബാവ്ദീപിനെ കർത്താവ് തൊടേണ്ടതിനും അവൻ കർത്താവിന്റെ സ്നേഹം രുചിച്ചറിയേണ്ടതിനുമായി പ്രാർത്ഥിക്കുക. വിശ്വാസികളായ ശാന്തർമണി, സുനേന, ദീപക് എന്നിവർ കർത്താവിനെ കുറിച്ചുള്ള പരിജ്ഞാനത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക.

3
ജൂലൈ
ബുധൻ

ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

കരുണാകരൻ കെ,
പ്രിൻസസ് നഗോമി വിക്ടർ

### റിക്കോങ്പിയോ

**ശങ്കർ എ & ദുർഗ്ഗ ദേവി രൂത്ത്**

നാലു ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. 600 പേർ സുവിശേഷം ശ്രവിച്ചു. ആത്മാക്കളെ ആദായപ്പെടുത്തുന്നവരുടെ പരിശീലന പ്രോഗ്രാം, സ്ത്രീകളുടെ യോഗം, യുവജന ക്യാമ്പ് എന്നിവ വിജയകരമായി സംഘടിപ്പിച്ചു. വിജയ് പ്രസാദ്, സംഗീത എന്നീ കുടുംബങ്ങളിൽ ദൈവം മക്കളെ നൽകി അനുഗ്രഹിച്ചു. ബഹാരി, റിക്കോങ്പീയോ എന്നീ ഗ്രാമങ്ങളിലെ പിന്മാറ്റക്കാർ വിശ്വാസിത്തിലേക്കു മടങ്ങി വന്നു.

യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റുപറയുന്നതിനു തയ്യാറെടുക്കുന്ന മൻസുഭ, സുനിത, ഉഷ, ബാബ ഗാസി, ബൽവീർ, രമേശ്, മീര, മമത, ശശികുമാർ, പൂനം എന്നിവർ കർത്താവിൽ ശക്തിപ്പെട്ടു വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിവിധ രോഗങ്ങളാൽ കഷ്ടപ്പെടുന്ന റംബിയാരിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സങ്കോ റീജിയനിൽ പദ്ധതിയിട്ടതുപോലെ ആരാധനക്കൂട്ടം തടസ്സങ്ങളില്ലാതെ ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## പഞ്ചാബ്

### അഹമ്മദ്ഗഢ് മാന്ദി

**കൃപ രക്ഷണ & ഷക്കീന**

നമ്മുടെ സഭയിലെ ശക്തനായ വിശ്വാസിയെ വലിയൊരു വാഹന അപകടത്തിൽ പരുക്കുകളേൽക്കാതെ ദൈവം വിടുവിച്ചു. മൈഗ്രെയിൻ തലവേദനയാൽ കഷ്ടപ്പെട്ട ജിത്തേന്ദ്ര സിങ് ക്രമമായി ആരാധനയിൽ സംബന്ധിച്ചു പ്രാർത്ഥിച്ചതിനെ തുടർന്നു സൗഖ്യം പ്രാപിച്ചു. വേനൽക്കാലത്തിന്റെ കാഠിന്യത്തിൽ നിന്നും മിഷനറിമാരെയും വിശ്വാസികളെയും ദൈവം പരിപാലിച്ചു.

ജന്ന. സക്കീര, മാതപ്ഗാർ, താലീർ, ജന്താലി, റോഗിന്ദർ എന്നീ ഗ്രാമങ്ങളിൽ നടത്തുവാനുദ്ദേശിക്കുന്ന കുട്ടികളുടെ ക്യാമ്പിലൂടെ ആത്മിക ഉണർവ്വ് ഉരുവാകേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷം പ്രഘോഷിക്കുന്നതിനായ എടുക്കുന്ന ഉദ്യമങ്ങൾ ഫലകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. റീന, ജെസ്സി, ഗുരുപ്രീത്, അജ്ജു എന്നിവർക്കു മക്കളെ നൽകി അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## മദ്ധ്യസ്ഥ പ്രാർത്ഥനക്കായുള്ള അഭ്യർത്ഥന!

മഹാരാഷ്ട്രയയിൽ ധാദഗൗൺ മിഷൻ വയലിലെ വിശ്വാസിയായ കൃഷ്ണൻ സഭയിലെ എല്ലാ പ്രവർത്തനങ്ങളിലും മുൻപന്തിയിലായിരുന്നു. തന്റെ കുടുംബത്തിന്റെ ഉപജീവനത്തിനായി ഓട്ടോ ഓടിച്ചിരുന്നു. ഒരു ദിവസം യാത്രക്കാരുമായി തന്റെ ഗ്രാമത്തിൽ നിന്നും അക്കൽക്കുവയിലേക്കു പോകുന്ന വേളയിൽ ഒരപകടത്തിൽ പെടുകയും വാഹനത്തിൽ യാത്ര ചെയ്ത ഒരു സ്ത്രീ കൊല്ലപ്പെടുകയും ചെയ്തു. കാഴ്ചക്കാർ കൃഷ്ണൻ തെറ്റുകാരനാണെന്നു കുറ്റാരോപണം നടത്തി അവനെ മർദ്ദിച്ചു. ഗ്രാമസഭ കൂടി അവനു നാലു ലക്ഷം രൂപ പിഴയിട്ടു. ഈ വിഷയത്തിൽ ഇടപെടുവാൻ പോലീസ് തയ്യാറാകുന്നില്ല. ഈ വിഷമഘട്ടത്തിൽ കൃഷ്ണനു വേണ്ടി പ്രാർത്ഥിക്കുവാൻ ഞങ്ങൾ നിങ്ങളോടു അപേക്ഷിക്കുന്നു.




## ജന്മദിനാശംസകൾ

ലൗഡ്സി ഡൈൽസ് അരുൾമണി,
സത്യ പ്രകാശ്,
അമോജിത ബിനിത് പ്രസാദ്

### ബുധ്ലാട

**ഹമോം നാബ & ദുലന്തി റിയാങ്**

മൂന്നു മാസത്തോളം കോമ സ്റ്റേജിൽ കഴിയുന്ന വിക്കിയുടെ ആരോഗ്യത്തിൽ തീവ്രമായ പ്രാർത്ഥന യുടെ ഫലമായി സാവാധനം പുരോഗ തിയുണ്ടാകുന്നു. കാലൻ, ബഗത്പൂർ, ധിപ്തി എന്നീ ഗ്രാമങ്ങളിൽ ജീസസ്സ് ഫിലിം പ്രദർശിപ്പിച്ചു. ധിൻസ ഗ്രാമ ത്തിൽ സുവിശേഷം പ്രഘോഷിച്ചു.

അപകടത്തിൽ കാലിനു പരുക്കു പറ്റിയ നർസിങിനെ കർത്താവ് സൗഖ്യമാക്കിയതിനെ തുടർന്നു മുഴു കുടുംബവും യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. വിശ്വാ സിയായ നർസിങ് തന്റെ വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്നു. ക്രിസ്തേശുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിക്കു ന്നതിനു തയ്യാറെടുക്കുന്ന ജസ്വീർ, സില്ലു, അർഷദീപ്, ബാബി, സരിപ്രീത്, ഹർമാൻ, നിലു എന്നിവർ ക്രിസ്തേ ശുവിൽ വളരേണ്ടതിനായി പ്രാർ ത്ഥിക്കുക.

### ലെഹരഗാഗ : ഐസക്ക് എബൽ & അന്ന റോസ്ലിൻ

രജപുത്ര സമുദായത്തിൽ ആത്മാക്കളെ ആദായപ്പെടുത്തു ന്നവർക്കായി പരിശീലനം ക്രമീകരിച്ചു. ന്യൂമോണിയ ബാധിച്ച ജഗദാപൂറിലെ സന്ദീപിനെ കർത്താവ് പ്രാർത്ഥനയാൽ സൗഖ്യമാക്കി. ലഹർഗംഗയിലുള്ള സീമദേവിയുടെ മരുമകന്റെ മരണത്തെ തുടർന്നു അവൻ അവൾക്കെതിരെ കൊടുത്ത കേസിൽ നിന്നും അവൾ മുക്തയായി.

ഗവുധാൻ ഗ്രാമത്തിൽ ആരാധന യോഗം ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജഗധപൂർ, ജുവെർ എന്നീ ഗ്രാമങ്ങളിൽ തടസ്സങ്ങളില്ലാതെ ജീസസ് ഫിലിം പ്രദർശിപ്പിക്കേണ്ടതി നായി പ്രാർത്ഥിക്കുക. ലഹർഗംഗയിൽ പുതുതായി രൂപീകരിച്ച സുവിശേഷ സംഘം ഫലപ്രദമായി ചുറ്റുപാടുക ളിൽ പ്രവർത്തിക്കേണ്ടതിനായി പ്രാർ ത്ഥിക്കുക.

### മാൻസ

**ദബർത്ത വിശ്വാസ് & മന്ന സിങ്**

12 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പിന്മാറ്റക്കാരായ ഏഴു കുടുംബം യഥാസ്ഥാനപ്പെട്ടു ആരാധന യോഗത്തിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബൽവീർ സിങ്, പല്ലി സിങ്, സുഖ്ദേവ് സിങ്, ബൽരാജ് സിങ് എന്നിവർക്കു സ്വന്തമായി വീടു വാങ്ങുവാൻ ദൈവം കൃപ ചെയ്തു.

പദൽബാഷ്തി, ബിൽസിയ, പൊഹ എന്നീ ഗ്രാമങ്ങളിൽ നടത്തുവാനുദ്ദേശിക്കുന്ന സുവിശേഷ മേളയുടെ അനുഗ്രഹത്തിനായി പ്രാർ ത്ഥിക്കുക. പുതുതായി ആരാധനയിൽ സംബന്ധിക്കുന്ന എട്ടു കുടുംബം ക്രിസ്തുവിനെ ആഴമായി അറിയേണ്ട തിനും രക്ഷിതാവായി സ്വീകരിക്കേ ണ്ടതിനുമായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിൽ പ്രവർത്തിക്കുന്നതിനു ആരോഗ്യവും സമർപ്പണവുമുള്ള സുവി ശേഷകരെ ലഭിക്കേണ്ടതിനായി പ്രാർ ത്ഥിക്കുക.




## ജന്മദിനാശംസകൾ

പുഷ്പാഞ്ജലി ധ്രുബരാജ്,
നില ഹസ്ദ മുർമ്മു,
മേദങ്കി ശ്രീനിവാസ റാവു,
ദേവി റാണി ജയ്ബീർ സിങ്,
സുബില വിനു, ശിവശങ്കർ,
ദിഗുമാർത്തി പ്രശാന്തി,
കിരൺ ദേവി അഖിലേഷ്,
പ്രമീള സിങ് ലിമ്മ, ഹന്ന സിങ്

### സങ്കരൂർ

**ഗിമ്പാൽ ദിലീപ് & ബിരാരി രീത്താബൻ**

"നിങ്ങൾക്കൊരു സദ്വാർത്ത" എന്ന ഫിലിം 70 ആളുകൾ ദർശിച്ചു. കൻസാലി ഗ്രാമത്തിലെ അനേകർ സുവിശേഷം താൽപര്യപൂർവ്വം ശ്രവിച്ചു. പുതുതായി ആരാധനയിൽ സംബന്ധിക്കുന്ന ഹർപൻ കൗർ, പാൽ കൗർ, നസിബ് കൗർ എന്നിവർ കർത്താവിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. വിവാഹ മോചനത്തിന്റെ വക്കിലെത്തിയ സോമവീറിന്റെ കുടുംബം പ്രാർത്ഥനയുടെ ഫലമായി നിരപ്പ് പ്രാപിച്ച് ഒരുമിച്ചു ജീവിക്കുവാൻ തീരുമാനിച്ചു.

നമ്മുടെ പ്രാദേശിക സുവിശേഷകൻ സോനി മസിഹിനെയും അദ്ദേഹത്തിന്റെ ഭാര്യ ഗുരുപ്രീതിനെയും ദൈവവേലക്കു തടസ്സമായി നിൽക്കുന്ന രോഗത്തിൽ നിന്നും ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. സോമറാണിയെയും സഭാ പ്രവർത്തനത്തിൽ സജീവമായി പങ്കെടുക്കുന്ന അവളുടെ മൂന്നു മക്കളെയും ആരാധന യോഗത്തിൽ സംബന്ധിക്കുന്നതിനു അനുവദിക്കാത്ത ഭർത്താവിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ മക്കൾക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവരാജ്യത്തിന്റെ വ്യാപനത്തിനായി പത്തു വ്യത്യസ്തമായ സ്ഥലങ്ങളിൽ ആരാധനക്കൂട്ടം ആരംഭിക്കുന്നതിനു എടുക്കുന്ന പ്രയത്നം ഫലകരമാകേണ്ടതിനായി പ്രാർത്ഥിക്കുക.

## ഉത്തർഖാണ്ഡ്

### ദിനേശ്പൂർ

**ശിവകുമാർ സി & സുശീല മാരാക്**

നമ്മുടെ വിശ്വാസി പരംജിത് കൗറിന്റെ മകൻ അജിത്തിന്റെ വിവാഹം അനുഗ്രഹകരമായി നടത്തി. ഗുരുപ്രീതിന്റെ ഭർത്താവ് ജോലിയില്ലാതെ കഷ്ടപ്പെട്ട വേളയിൽ ദൈവാലയത്തിൽ കടന്നു വന്നു തീവ്രമായി പ്രാർത്ഥിച്ചതിന്റെ ഫലമായി അവനു ഒരു ജോലി ലഭിക്കുവാൻ ദൈവം സഹായിച്ചു.

തൈനുമ്പാർ ഗ്രാമത്തിലെ നമ്മുടെ വിശ്വാസി അജൈയുടെ റുമേനിയായിലേക്കുള്ള യാത്രയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ഡിമ്രി ബ്ലോക്ക് ഗ്രാമത്തലവൻ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കൈയിലുണ്ടായ ഒടിവിൽ നിന്നും അമർക്കാൽ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിവാഹം കഴിഞ്ഞു മൂന്നു വർഷമായ ഹർസിത്തു കാരുവിനു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു.




## ജന്മദിനാശംസകൾ

മേബൽ ഫ്ളോറൻസ് ശമുവേൽ,
തെങ്കം സംഗീത സുനിൽ കുമാർ,
ശലോമി ഹസ്ത

### നന്നക്മാത

**രാമസ്വാമി & അന്തോണി രാജം**

സുന്ദർ നഗറിലെ സരേന്ദറിനെ വ്യാജക്കേസിൽ അറസ്റ്റു ചെയ്തതിനെ തുടർന്നു സഭ ശക്തമായി പ്രാർത്ഥിച്ചതിനാൽ അന്നു സന്ധ്യക്കു തന്നെ അവനെ വിട്ടയച്ചു. ബംഗാളി കോളനിയിലെ സരൻസിത്തിന്റെ മാറിടത്തിലെ മുഴ നീക്കം ചെയ്തു. അത് കാൻസറല്ലെന്നു പരിശോധനയിൽ വ്യക്തമായി.

ഹർദൽപൂർ ഗ്രാമത്തിലെ സന്നി നേത്ര സംബന്ധമായ രോഗത്താൽ വലയുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിദേശ രാജ്യത്തു ജോലിക്കു പോയ സോനുവിനെ കുറിച്ചു കുടുംബത്തിനു വിവരമൊന്നുമില്ല. സോനു കുടുംബത്തോടു ബന്ധപ്പെടേണ്ടതിനും സുരക്ഷിതനായി മടങ്ങിവരേണ്ടതിനായും പ്രാർത്ഥിക്കുക.

### ബാസ്പൂർ

**ക്രിസ്റ്റ്യൻ പ്രകാശ് & സുമിത്രബെൻ**

മിഷനറി കുടുംബമായി മലപ്രദേശത്തിലൂടെ ബസ്സിൽ സഞ്ചരിക്കുന്ന വേളയിൽ മഴ നിമിത്തം ഡ്രൈവറുടെ കാഴ്ച മങ്ങിയതിനാൽ ബസ് തലകീഴായി മറിഞ്ഞെങ്കിലും നിസ്സാര പരുക്കുകളോടെ ദൈവം മിഷനറിയെയും കുടുംബത്തെയും പരിപാലിച്ചു. വിളർച്ച രോഗത്തിൽ നിന്നും മോനിക്ക സുഖം പ്രാപിച്ചു. സംഗീതയുടെ കുടുംബം കുഴിച്ച കുഴൽ കിണറ്റിൽ വെള്ളം ലഭിച്ചില്ല. അവൾ കർത്തവിങ്കലേക്കു നോക്കി വെള്ളത്തിനായി ആത്മാർത്ഥമായി പ്രാർത്ഥിച്ചു. പ്രാർത്ഥനയുടെ ഫലമായി സംഗീതയുടെ കുഴൽകിണറ്റിൽ സമൃദ്ധിയായി ജലം ലഭിച്ചു.

കൊലബൻവരി ഗ്രാമത്തിൽ എതിർപ്പുകളുടെ മദ്ധ്യത്തിൽ സുവിശേഷീകരണത്തിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബാസ്പൂർ റീജിയന്റെ പ്രവർത്തനത്തിനു സമർപ്പണമുള്ള സുവിശേഷകരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സാനിയായുടെ ഉദരത്തിലെ കാൻസറും സുധമിന്റെ കരളിലെ കാൻസറും കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഹരിയാന

**തോഷാം : അജയ് ബർദെ**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ബർവാല മിഷൻ വയലിൽ സംഘടിപ്പിച്ച ആത്മാക്കളെ ആദായപ്പെടുത്തുന്നവരുടെ ക്യാമ്പിൽ നമ്മുടെ മൂന്നു വിശ്വാസികൾ സംബന്ധിച്ചു. ബാലവാസ് ഗ്രാമത്തിലെ ജനങ്ങൾ സുവിശേഷം ശ്രവിക്കുന്നതിനു താൽപര്യം കാണിക്കുന്നു.

മാതവിന്റെ വേർപാടിനെ തുടർന്നു നമ്മുടെ സഭാമൂപ്പന്റെ കുടുംബം വിവിധ പ്രകാരത്തിലുള്ള പ്രയാസങ്ങളിലൂടെ കടന്നു പോകുന്നു. ദൈവത്തിന്റെ വലംകരം ആ കുടുംബത്തോടൊപ്പമിരുന്നു അവരെ നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബൽവാസ് ഗ്രാമത്തിൽ ഞായറാഴ്ച ആരാധന ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന സ്ത്രീകളുടെ യോഗം, യുവജന യോഗം, കുട്ടികളുടെ ക്യാമ്പ് ഇവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

7
ജൂലൈ
ഞായർ

## ജന്മദിനാശംസകൾ

ജയിൻ ഇരൈപിച്ചൈ,
ചിത്തരഞ്ജൻ താണ്ടി,
ദീപാർത്ഥന, ദീപിക റാണി പാനി

### കലൻവാലി

**വിജയ്കുമാർ ആർ & ജബല എസ്**

പൈശാചിക ബന്ധനത്തിൽ നിന്നും അമർ ദീപ് കൗറും പ്രവൻദീപ് സിങ്ങും വിടുതൽ പ്രാപിച്ചു. ക്ഷയ രോഗത്താൽ കഷ്ടപ്പെട്ട ജഗദീഷ് കുമാർ അത്ഭുത സൗഖ്യം പ്രാപിച്ചു.

പിതാവിന്റെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന ജഗതിയുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. വിശ്വാസികളിൽ പ്രകടമായി കാണുന്ന മദ്യപാനം, വ്യഭിചാരം ഇതിൽ നിന്നും അവർ മോചനം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ജീവൻ നഗർ

**എലിയാക്കിം ജന & ദീപിക**

ദിലീപ് നഗറിലെ മാൻദീപിന്റെ വാഹനം യാത്രക്കാരുമായി പോകുന്ന വേളയിൽ വാഹനത്തിന്റെ ആക്സിൽ ബാർ ഒടിഞ്ഞു പോയി. ദൈവം എല്ലാവരെയും സുരക്ഷിതമായി പരിപാലിച്ചു. രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 12 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി.

യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുവാൻ തയ്യാറെടുത്ത വിശ്വാസികൾ മറ്റു ചില വേലകളിൽ ഏർപ്പെടേണ്ടി വന്നതിനാൽ വിശ്വാസ പ്രഖ്യാപനം നടത്തുവാൻ സാധിച്ചില്ല. അവർ തങ്ങളുടെ തീരുമാനത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. ലാമ്പി ഗ്രാമത്തിലെ വിശ്വാസികൾ ജോലിയില്ലാത്തതിനാൽ ഏറെ നിരാശിതരാണ്. അവരുടെ ഉപജീവന മാർഗ്ഗത്തിനാവശ്യമായ ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാതാപിതാക്കളോടു മത്സരിച്ചു ഗ്രാമത്തിൽ അലഞ്ഞു നടക്കുന്ന സുഖ്വിന്ദർ സിങ്ങിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

## രാജസ്ഥാൻ

### ഹനുമാൻഘട്ട്

**മധുവത്തു രാജു നായക് & ബുക്കിയ ഝാൻസിബായ്**

വ്യാജക്കേസിൽ ദുബായിൽ അറസ്റ്റു ചെയ്ത സംഗാർ സിങ്ങുവിനെ ഭവനത്തിലുള്ളവർ തീവ്രമായി പ്രാർത്ഥിച്ചതിനെ തുടർന്നു ദൈവം വിടുവിച്ചു. അവൻ സുരക്ഷിതനായി ഭവനത്തിൽ തിരികെ വന്നു. ഗോൾവിന്ദ് സിങ്ങിന്റെ പ്രാർത്ഥനയുടെ ഫലമായി അവനു നല്ലൊരു ജോലി ലഭിച്ചു. സന്തോഷ് സിങ് പുതിയ വീടു സ്വന്തമാക്കി. കണ്ണുനീരോടെ തീവ്രമായി പ്രാർത്ഥിച്ചതിന്റെ ഫലമായി നെമുനറിനു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു.

മദ്യത്തിനടിമയായി കുടുംബത്തിലും സമൂഹത്തിലും ശല്യക്കാരനായ ആശിഷിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പലവിധ പ്രശ്നങ്ങളാൽ കഷ്ടപ്പെടുന്ന പ്രേം സിങിന്റെ ഭവനത്തിൽ സമാധാനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഒരു കാലത്തു സുവിശേഷ വേല ചെയ്യുവാൻ താൽപര്യം കാണിച്ച ജക്കർ സിങ് ഇപ്പോൾ പിന്മാറിപ്പോയി. വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ബ്രൈറ്റ് ജയകുമാർ. സി,
ബിദുഷ് കുമാർ നായക്ക്,
പ്രഭാഷിണി പവൻ കുമാർ

### ഗംഗാനഗർ

**ബോദാർ അമൃത്ബായ്**
**സുവേര മാർത്തബൻ**

55 പ്രദേശത്ത് സ്ത്രീകൾക്കായി പ്രത്യേക യോഗം ക്രമീകരിച്ചു. വാഹനത്തിൽ നിന്നും മോഷണം പോയ 22000 രൂപയുടെ സ്പെയർ പാർട്ട്സ് തിരികെ കിട്ടി. 16 എസ് കോളനിയിൽ സംഘടിപ്പിച്ച വിബിഎസിൽ 12 കുട്ടികൾ പങ്കെടുത്തു. 5 എച്ച്, 9ക്യൂ എന്നീ ഗ്രാമങ്ങളിൽ നടത്തിയ അനുധാവന പ്രവർത്തനം വളരെ അനുഗ്രഹകരമായിരുന്നു.

ജയിലിൽ കഴിയുന്ന രവീന്ദറിന്റെ വിടുതലിനായും അവൻ മാനസാന്തരപ്പെട്ടു പുതിയ ജീവിതം നയിക്കേണ്ടതിനായും പ്രാർത്ഥിക്കുക. രവിന്ദ്രന്റെ മകൻ കൃഷിയിടത്തിൽ വെച്ചു അബദ്ധത്തിൽ വാഹനത്തിന്റെ ചക്രത്തിന്റെ അടിയിൽ വീണു മരിച്ചു. രവിന്ദ്രന്റെയും കുടുംബത്തിന്റെയും ആശ്വാസത്തിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന പ്രോഗ്രാമുകളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. മിഷനറിയുടെ മകന് ഡൽഹിയിൽ പാരമെഡിക്കൽ കോഴ്സിനു പ്രവേശനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഡൽഹി

### പട്പർഗഞ്ച്

**ജോൺ ഡേവിഡ്സൺ &**
**എസ്ഥേർ ജി**

പിന്മാറ്റത്തിലായ രവി, കല, ഗീത എന്നിവർ വിശ്വാസത്തിലേക്കു മടങ്ങി വന്നു. ഭർത്താവിന്റെ വേർപാടിനെ തുടർന്നു വിശ്വാസത്തിൽ നിന്നു പിന്മാറിയ സുശീല ദൈവസന്നിധിയിൽ അനുതപിച്ച് വീണ്ടും വിശ്വാസത്തിലേക്കു വന്നു യഥാസ്ഥാനപ്പെട്ടു. കുറച്ചു കാലം പഠനം മുടക്കിയ ബിഗു, ധന്യ, ബുമിക എന്നിവർക്കു ഝാൻസി ബാലഭവനത്തിൽ പ്രവേശനം ലഭിച്ചു. അവർ നല്ല രീതിയിൽ പഠനം തുടരേണ്ടതിനായി പ്രാർത്ഥിക്കുക. പ്രേം മദ്യപാന സ്വഭാവം ഉപേക്ഷിച്ചു ഭാര്യ ഹെപ്സിയുമായി രമ്യപ്പെട്ടു സമാധാന ജീവിതം നയിക്കുന്നു.

എശ - സിമ്രാൻ, രവി - എലിസബേത്ത് എന്നീ കുടുംബങ്ങളിൽ മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും സ്വപ്നയും ഭാവനയും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഒരു വർഷമായയി രോഗ കിടക്കിയിലായിരിക്കുന്ന മാലികക്കു കർത്താവ് അത്ഭുത സൗഖ്യം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസിയായ റാണിയുടെ മരണത്തെ തുടർന്നു അവളുടെ അഞ്ചു വയസ്സുള്ള മകൻ അവിശ്വാസിയായ പിതാവിന്റെ കൂടെയാണ്. റാണിയുടെ വിശ്വാസിയായ പിതാവ് പൈതലിനെ ക്രിസ്തീയ വിശ്വാസത്തിൽ വളർത്തുവാൻ ആഗ്രഹിക്കുന്നു. ഈ സാഹചര്യത്തിൽ ദൈവത്തിന്റെ കരം പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷീകരണ പ്രവർത്തനത്തിൽ വിശ്വാസികൾ സഹകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**9 ജൂലൈ ചൊവ്വ**

## ഉത്തർപ്രദേശ്

### ഘാട്ടംപൂർ

**ജാങ്കോലുൻ തൗതാങ് & നഗയ് താൻചിങ് ഹൗസെൽ**

മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു ക്രിസ്തീയ സഭയിലെ അംഗങ്ങളായി തീർന്നു. ക്രിസ്തീയ വിശ്വാസം നിമിത്തം സഭ മൂപ്പനായ പോൾ ഗോവിന്ദ് ക്രൂരമായ മർദ്ദനത്തിനിരയായെങ്കിലും വീണ്ടും അദ്ദേഹം ക്രിസ്തീയ ശുശ്രൂഷയിൽ സജീവമായി പങ്കെടുക്കുവാൻ തുടങ്ങി. സുവിശേഷം വ്യക്തിഗതമായി 45 പേരോടു പങ്കുവെച്ചു. 21 പുതിയ നിയമങ്ങൾ വിതരണം ചെയ്തു. അനിയന്ത്രിമായ പനി നിമിത്തം നമ്മുടെ മിഷനറിയുടെ മകൻ കോമ സ്റ്റേജിലായി. ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വിശ്വാസികളുടെ തീവ്രമായ പ്രാർത്ഥനയാൽ ദൈവം പൈതലിനെ സൗഖ്യമാക്കി.

ഉപദ്രവവും പീഡനവും മൂലം ഗാട്ടമ്പൂർ ദൈവാലയം പൂട്ടപ്പെട്ടിരിക്കുന്നു. അതു തുറന്നു ആരാധന നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. പ്രിയ മകന്റെ വേർപാടിൽ ദുഃഖത്തിലായിരിക്കുന്ന പസുദ്ധ് ലാലിന്റെയും കുടുംബത്തിന്റെയും ആശ്വാസത്തിനായി പ്രാർത്ഥിക്കുക. ദാരിദ്ര്യത്തിൽ നിന്നും കുടുംബത്തെ രക്ഷിക്കുന്നതിനു രമേശിനു ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ പ്രാദേശിക സുവിശേഷകൻ ഗീതയുടെ പിതാവ് രാം ചരൻ രോഗ സൗഖ്യം പ്രാപിക്കേണ്ടതിനും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

### ബസ്തി

**ശ്രീനിവാസൻ ജെ & ഷീബ ജി**

മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചിരിക്കുന്നു. എതിർപ്പിനെ തുടർന്നു ബങ്കത് ഗ്രാമത്തിലെ പൂട്ടപ്പെട്ട ദൈവാലയത്തിൽ വെച്ചു തിരുവത്താഴ ശുശ്രൂഷ നടത്തി. ഈ ദൈവാലയം തുടർന്നു തുറക്കപ്പെട്ടു ആരാധനകൾ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. കുട്ടികൾക്കായ് വേദപഠന ക്ലാസ്സ് സംഘടിപ്പിച്ചു. രാമനഗറിലെ സാധനയുടെ ഗർഭപാത്രത്തിലുണ്ടായ ട്യൂമർ ശസ്ത്രക്രീയയില്ലാതെ പ്രാർത്ഥനയിലൂടെ ദൈവം സൗഖ്യമാക്കി. സിഎംസി വെല്ലൂർ ആശുപത്രി നടത്തിയ എൻട്രൻസ് പരീക്ഷയിൽ നമ്മുടെ മിഷനറിയുടെ മകൾ വിജയിച്ചു.

തുടർമാനമായ രോഗത്താൽ കഷ്ടപ്പെടുന്ന കൻസിയാമിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വൃക്കരോഗം ഗുരുതരമായതിനാൽ വിശ്വാസിയായ രേഖയുടെ അഞ്ചു മാസമായ ഗർഭസ്ഥ ശിശുവിനെ കളയുവാൻ ഡോക്ടറന്മർ ആവശ്യപ്പെട്ടതിനാൽ നിരാശയിലായിരിക്കുന്നു. കർത്താവിന്റെ ആശ്വസിപ്പിക്കുന്ന കരത്താൽ അവളെ തൊട്ടു സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യം, മയക്കു മരുന്ന് എന്നിവയിൽ നിന്നും വിടുതൽ പ്രാപിക്കുവാൻ നമ്മുടെ വിശ്വാസികൾ പോരാടുന്നു. ദൈവം അവർക്കു വിജയം നൽകേണ്ടതിനായി പ്രാർത്ഥിക്കുക.

10
ജൂലൈ
ബുധൻ

ഉപവാസ
പ്രാർത്ഥന
ദിനം

## ജന്മദിനാശംസകൾ

ദേവിക കൃപ കുളു,
ബനിത് ടോപ്പോ പൗലൊസ്
മല്ല വിദ്യാസാഗർ,
ജഗമോഹൻ സിങ്

### നാഷണൽ ട്രെയിനിംങ് ഇൻസ്റ്റിറ്റ്യൂട്ട്

**രാജദുരൈ എൻ & പ്രേമ**

ഉത്തർപ്രദേശിലെ തിരഞ്ഞെടുപ്പിൽ ദൈവം പ്രാർത്ഥന കേട്ടു. 23 മിഷനറിമാരുടെ രണ്ടു സംഘത്തെ മിഷൻ വയൽ പ്രവർത്തനത്തിനായി പരിശീലിപ്പിച്ചു. നമ്മുടെ മിഷനറി ശാന്തകുമാർ പൊക്കറായൻ ഗ്രാമത്തിലെ നട് സമൂദയത്തിൽ ഉൾപ്പെട്ട യൗവ്വനക്കാരെ ക്രിസ്തുവിങ്കലേക്കു നയിച്ചു. ആ മിഷൻ വയലിലെ പ്രവർത്തനത്തെ അവർ സഹായിക്കുന്നു. നട് സമൂദായത്തിലെ കുട്ടികളെ തൊട്ടുകൂടാത്ത കിഴ് ജാതിക്കാരായി വേർതിരിച്ചിരിക്കുന്നു. നമ്മുടെ CDC പ്രൊജക്ടിലൂടെ ഈ കുട്ടികൾ സ്കൂൾ പഠനം പൂർത്തീകരിച്ചു. ഉന്നത പഠനത്തിനായി അവർ കോളജ് പ്രവേശനത്തിനായി ശ്രമിക്കുന്നു. തർക്കം നിമിത്തം പൂട്ടപ്പെട്ട ബാഹവ ചർച്ചിന്റെ കേസ് വിചാരണ വേളയിൽ ജഡ്ജി നമ്മുടെ സുവിശേഷകനു അനുകൂലമായ നിലപാടെടുത്തതു ഈ കേസിൽ നമുക്കു പ്രതീക്ഷ നൽകുന്നു. ദൈവാലയത്തിനെതിരെ കേസ് കൊടുത്ത മധു ശുക്ളയെ കോടതി താക്കീത് ചെയ്തു.

നട് സമുദായത്തിലുള്ള എല്ലാ കുട്ടികൾക്കു ഉന്നത പഠനത്തിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബഹാവ ദൈവാലയത്തിനെതിരായുള്ള കേസിനു കോടതി തീർപ്പു കല്പിക്കേണ്ടതിനും ദൈവാലയം ആരാധനക്കായി തുറക്കപ്പെടേണ്ടതിനുമായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറിമാർ സമർപ്പണത്തോടും എരിവോടു കൂടെ മിഷൻ വയലിൽ പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉത്തർ പ്രദേശിലാകമാനം സുവിശേഷത്തിന്റെ വാതിൽ തുറക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിഷൻ വയലിൽ നടത്തിയ യുവജന യോഗത്തിൽ സംബന്ധിച്ച യൗവ്വനക്കാർ മിഷനറി വേലക്കായി തങ്ങളെ സ്വയം സമർപ്പിച്ചു. വിശ്വാസികളുടെ മദ്ധ്യെ പ്രശ്നം ഉണ്ടാക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

## മദ്ധ്യ പ്രദേശ്

**ചിറിയ : മഹേന്ദ്രൻ & പുഷ്പം**

ആറു സ്ഥലത്തു രാത്രി യോഗങ്ങൾ നടത്തി. ബജർഗുട ഗ്രാമത്തിൽ സംഘടിപ്പിച്ച വിബിഎസിൽ ധാരാളം അക്രൈസ്തവ കുട്ടികൾ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. ജണ്ടിയ ഗ്രാമത്തിൽ ഭജൻ പ്രോഗ്രാമും സുവിശേഷ പ്രഘോഷണവും നടത്തി. കാൻസർ രോഗത്താൽ വലഞ്ഞ ഗുദുവബാനി ഗ്രാമത്തിലെ ശാന്തറാം ആരാധന യോഗത്തിൽ പതിവായി കടന്നു വന്ന് മൂന്നു മാസത്തോളം പ്രാർത്ഥിച്ചു. സങ്കടകരം, പിന്നീട് അദ്ദേഹം മരിച്ചു പോയി. എന്നാൽ ഈ വിഷയത്തിൽ ആരും പ്രശ്നമുണ്ടാക്കരുതെന്നു കുടുംബാംഗങ്ങൾ ശക്തമായ നിലപാടെടുത്തു.

ബിപിലിയ ഗ്രാമത്തിലെ കലുവിന്റെ അധരത്തിലുണ്ടായ കാൻസർ സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക.. നടക്കുവാൻ കഴിയാത്ത ഏഴു വയസ്സുള്ള ജ്യോതിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സെമൽക്കേട്ട് പ്രദേശത്ത് സുവിശേഷത്തെ എതിർക്കുന്ന മൗറിഷ്യ സഹോദരങ്ങളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

**11**
**ജൂലൈ**
**വ്യാഴം**

## ജന്മദിനാശംസകൾ

പോൾ സമ്പത്ത്

**ദാബ്രു : സതികാന്ത പരിച്ച & സാഗരിക പ്രധാൻ**

സഭാമൂപ്പനായ മനോജ് അർത്ഥപൂർണ്ണമായ രീതിയിൽ ആരാധനക്കു നേതൃത്വം നൽകുന്നു. സുരേദ്ര ഹസീനയും കുടുംബവും പുതുതായി ആരാധനയിൽ സംബന്ധിക്കുന്നു. പിതർവാർ മിഷൻ വയലിൽ രാത്രി യോഗം നടത്തുവാൻ ദൈവം ഞങ്ങളെ ശക്തീകരിച്ചു. കൊൽക്കത്തയിൽ നടത്തിയ റീജിനൽ മിഷൻ യോഗത്തിലും പങ്കെടുക്കുവാൻ ദൈവം സഹായിച്ചു.

നിർത്തിവെച്ച പ്രേം നഗറിലെ ദൈവാലയ നിർമ്മാണം പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിത്തർവാർ ഇടത്താവളത്തിൽ പ്രവർത്തിക്കുന്നതിനു സമർപ്പണമുള്ള സ്വദേശ സുവിശേഷകരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നങ്കിഗ്രൈ ഗ്രാമത്തിലെ പിന്മാറ്റക്കാർ വിശ്വാസത്തിലേക്കു മടങ്ങി വന്നു കർത്താവുമായുള്ള കൂട്ടായ്മയിൽ ശക്തിപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

**പാൽ**

**വെങ്കിടേഷ് വദ്ദാർ & ഷീബ പി**

മൂന്നു ഗ്രാമങ്ങളിലുള്ള 425 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. ആറു സ്ഥലത്തു വെച്ചു നടത്തിയ സ്ത്രീകളുടെ യോഗത്തിൽ 64 പേർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. പുർണപെട്ട ഗ്രാമത്തിൽ മക്കളില്ലാത്തതിന്റെ പേരിൽ നിന്ദ അനുഭവിച്ച ടീനക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. പൊലാന ഗ്രാമത്തിലെ കർമ സിങ് പെട്ടെന്നു ബോധരഹിതനായി വീണെങ്കിലും വിശ്വാസികളുടെ പ്രാർത്ഥനയെ തുടർന്നു അയാൾ സുഖം പ്രാപിച്ചു. കർക്കാദ ഗ്രാമത്തിലെ സർദാറിന്റെ കുഞ്ഞ് അയാളുടെ പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു.

പുർണപട്ട ഗ്രാമത്തിലെ വിശ്വാസികളുടെ വസ്തുവിനു പട്ടയം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബിപ്പർഗുണ്ട് ഗ്രാമത്തിലെ കിരണും കുടുംബവും അനേക നാളുകൾ കാത്തിരുന്നു ലഭിച്ച പെൺകുഞ്ഞിന്റെ നിര്യാണത്തിൽ ദുഖത്തിലായിരിക്കുന്നു. ഇവരുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. സോളാർപാടി ഗ്രാമത്തിലെ പിന്മാറ്റത്തിലായ സുഖ്ലാൽ ഇപ്പോൾ ക്രിസ്തീയ വിശ്വാസത്തിനു തടങ്കൽ പാറയായിരിക്കുന്നു. അദ്ദേഹം മാനസാന്തരപ്പെട്ടു ദൈവത്തിങ്കലേക്കു തിരിയേണ്ടതിനായി പ്രാർത്ഥിക്കുക. സർമുളി ഗ്രാമത്തിൽ ദൈവാലയം പണിയേണ്ടതിനായി പ്രാർത്ഥിക്കുക.

### രക്ഷ നമ്മുടെ ദൈവത്തിനുള്ളത്!

മദ്ധ്യപ്രദേശിലെ ഫസ്റ്റ് കോർട്ട് സ്റ്റേഷനിലുള്ള അരുൺ എന്ന ചെറുപ്പക്കാരനു മോട്ടർ സൈക്കിൾ അപകടത്തിൽ തലക്കു ഗുരുതര പരുക്കു പറ്റി. ഗരുതുരാവസ്ഥയിൽ ഡോക്ടറന്മാർ അവനെ ആശുപത്രിയിൽ പ്രവേശിപ്പിക്കുവാൻ ആദ്യം മടിച്ചു. പിന്നീട് മറ്റൊരു ആശുപത്രിയിൽ ചികിത്സക്കായി പ്രവേശിപ്പിച്ചു. ഈ അവസ്ഥയിൽ വിശ്വാസികൾ അവനു വേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിച്ചു. ദൈവകൃപയാൽ ജീവൻ രക്ഷപ്പെട്ടു. അവനു പൂർണ്ണ സൗഖ്യം ലഭിച്ചു. അതിനു ശേഷം അവൻ കർത്താവിൽ വിശ്വസിക്കുകയും പതിവായി ആരാധനയിൽ പങ്കെടുക്കുകയും ചെയ്യുന്നു.

**12**
**ജൂലൈ**
**വെള്ളി**

## ജന്മദിനാശംസകൾ

,ജസിയ്യ ഹാരിസ്,
കുപ്പുസ്വാമി പി,
ബിദ്യുത് കുമാർ സിങ്

### ദുൽക്കോത് & നേഷനഗർ
### ഗോപീകൃഷ്ണ & മേനക എൽ

ഒമ്പതു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. സിക്കലിയ, നന്തിയ എന്നീ ഗ്രാമങ്ങളിൽ നടത്തിയ സ്ത്രീകളുടെ യോഗവും ആത്മാക്കളെ ആദായപ്പെടുത്തുന്നവരുടെ ക്യാമ്പും അനുഗ്രഹകരമായിരുന്നു. രണ്ടു ദിവസത്തെ ഉപവാസ പ്രാർത്ഥനയിൽ 33 വ്യക്തികൾ സംബന്ധിച്ചു സമീപ ഗ്രാമങ്ങളിലുള്ള ജനങ്ങളുടെ മാനസാന്തരത്തിനായി പ്രാർത്ഥിച്ചു. ചെറു പ്രാർത്ഥനക്കൂട്ടം ആരംഭിച്ചു. യുവജനക്യാമ്പിൽ 48 യൗവ്വനക്കാർ പങ്കെടുത്തു ദൈവവേലക്കായി തങ്ങളെ സമർപ്പിച്ചു.

പസോലി, തന്തിയ, സിക്കാലിയ എന്നീ ഗ്രാമങ്ങളിൽ നടത്തുവാനുദ്ദേശിക്കുന്ന സ്ത്രീകളുടെ യോഗങ്ങളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. പലോസോർ ദൈവാലയത്തിൽ ആത്മാക്കളെ ആദായപ്പെടുത്തുന്നവർക്കായി സംഘടിപ്പിക്കുന്ന ക്യാമ്പിൽ അനേകർ പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജീസസ്സ് ഫിലിം പ്രദർശനത്തിലൂടെ ആത്മാക്കളെ നേടുന്ന പദ്ധതി വേഗത്തിൽ പ്രാവർത്തീകമാക്കും. മാപ്പി ഗ്രാമത്തിലെ പല്ലുഭായ് അപസ്മാര രോഗത്തിൽ നിന്നും സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഖാൽവ
### ഐസക് ആർ & സീത

എട്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു വിശ്വാസം പരസ്യമായി ഏറ്റുപറഞ്ഞു. എട്ടു ഗ്രാമങ്ങളിൽ സംഘടിപ്പിച്ച സുവിശേഷ ഉത്സവങ്ങളിലൂടെ അനേകരോടു സുവിശേഷം പ്രഘോഷിച്ചു. ഖാൽവ ഗ്രാമത്തിൽ സംഘടിപ്പിച്ച മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥനയിൽ 40 പേർ പങ്കെടുത്തു.

ഹെർദ ജില്ലയിൽ ഒരു ആരാധനാലയം ഉരുവാക്കേണ്ടതിനായി പ്രാർത്ഥിക്കുക. കൊർക്കു, തക്കുർ എന്നി ജാതിക്കൂട്ടങ്ങളുടെ ഇടയിലെ ശുശ്രൂഷ ഫലപ്രദമാകേണ്ടതിനായി പ്രാർത്ഥിക്കുക. വിളർച്ച രോഗത്തിൽ നിന്നും രാജേഷ്, യുവരാജ്, ഐശ്വര്യ എന്നീ കുഞ്ഞുങ്ങൾ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ദൈവത്തെ മാനിക്കുന്നവരെ കർത്താവ് മാനിക്കും!

ജാർഖണ്ഡിൽ പത്തർഗാമ മിഷൻ വയലിലെ പൂല ദേവി ഒരു കുഴൽ കിണർ കുഴിക്കുവാൻ തീരുമാനിച്ചു തൊഴിലാളികളെ ഏർപ്പെടുത്തി. തൊഴിലാളികൾ തടസ്സമില്ലാതെ ജലം കണ്ടെത്തുന്നതിനും വേലയിൽ സുരക്ഷിതത്വം കിട്ടുന്നതിനും പൂജകൾ നടത്തുവാൻ ആഗ്രഹിച്ചു. എന്നാൽ വിശ്വാസിയായ പൂല ദേവി അതിനു സമ്മതിച്ചില്ല. പകരം അവൾ തിരുവചനം വായിച്ചു പ്രാർത്ഥിച്ചു കുഴൽ കിണർ കുഴിക്കുവാൻ ആരംഭിച്ചു. ദൈവത്തെ മാനിക്കുവാൻ നിലപാടെടുത്ത പൂലം ദേവിയെ കർത്താവ് മാനിച്ചു. കുറച്ചു ആഴം ചെന്നപ്പോൾ വലിയ ജലസ്രോതസ്സ് കണ്ടെത്തി. ഇത് ആ പ്രദേശത്തുള്ള എല്ലാവരെയും ആശ്ചര്യപ്പെടുത്തി. ദൈവത്തിന്റെ അതിപരിശുദ്ധനാമം മഹത്വപ്പെടുമാറാകട്ടെ.




ബനിൽഡ ദയാസിങ്

### ഗുണ

**സതീഷ് ടി & ഷർമ്മിള എ**

മൂന്നു പ്രാവശ്യം ഗർഭം അലസിപ്പോയ ജോദു & സരത്തായ് ദമ്പതികൾക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. പിപ്ലിക്കെദി ഗ്രാമത്തിലെ സഭാമൂപ്പനെ ശർദ്ദിലിൽ നിന്നും വയറിളക്കത്തിൽ നിന്നും ദൈവം പ്രാർത്ഥന കേട്ടു അത്ഭുതകരമായി വിടുവിച്ചു. വിഷത്തേളിന്റെ കുത്തേറ്റ വലതു കരത്തിൽ പ്രാർത്ഥിച്ച് എണ്ണ പുരട്ടിയപ്പോൾ ദൈവം സൗഖ്യം നൽകി. സത്ബാരി, ദക്കത്പൂലിയ എന്നീ ഗ്രാമങ്ങളിലെ ജനങ്ങൾ സുവിശേഷം കേൾക്കുവാൻ താൽപര്യം കാണിക്കുന്നു. മദ്യാസക്തിയിൽ നിന്നും വിടുതൽ പ്രാപിച്ച പൈദാസ് ഇപ്പോൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. പലവിധ പ്രശ്നങ്ങളുടെ മദ്ധ്യത്തിൽ മോഹൻപൂർ ദൈവാലത്തിൽ വെള്ളത്തിനായി മോട്ടർ പമ്പ് കണക്ടു ചെയ്തു.

പുതിയ വിശ്വാസികൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. നടക്കുവാൻ കഴിയാത്ത ദേവേദ്ര പരേല, ക്ഷയ രോഗിയായ കച്ചപട്ടേൽ, ഇരു കരങ്ങളും ചലിപ്പിക്കുവാൻ സാധിക്കാത്ത ദീനബായ് എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. ചാരയം വാറ്റി ഉപജീവന മാർഗ്ഗം കണ്ടെത്തുന്ന പരേല ജാതിക്കൂട്ടത്തിലെ സ്ത്രീകളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന വിശ്വാസ പ്രഖ്യാപന യോഗം തടസ്സങ്ങളില്ലാതെ അനുഗ്രഹകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക.

## ബീഹാർ

### ഈസ്റ്റ് ഗാഞ്ചെറ്റിക് റീജിയൻ

**ബാബു പുഷ്പരാജ് & റെയ്ച്ചൽ ജോയ്സ്**

റാണിഗഞ്ച് പ്രദേശത്തുള്ള നാലു വ്യക്തികളും സത്തപൂർ മിഷൻ വയലിലെ ഏഴു പേരും യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. റാണഗഞ്ചിലെ നിത്യാനന്ദ് ഗുരുതരമായ അപകടത്തിൽ അകപ്പെട്ടെങ്കിലും ദൈവം അത്ഭുതകരമായി സംരക്ഷിച്ചു. കർജാൻ, ബബിത എന്നീ ഗ്രാമങ്ങളിൽ പുതിയ സ്നേഹിതരെ ലഭിച്ചു. മജ്‌വ ഗ്രാമത്തിലെ രേണുദേവി പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു.

കാസ്ബ പ്രദേശത്തെ സാനനാഥ് റിഷിദേവ്, രജ്ജുദേവി, അമർജിത്ത്, അജയ്, ജ്യോതി കുമാരി എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സിമ്മ റീജിയനിൽ പുതുതായി ആരംഭിച്ച ആരാധനക്കൂട്ടത്തിൽ കൂടുതൽ ആളുകൾ യേശുവിനെ ആരാധിക്കുന്നവരായി കടന്നു വരേണ്ടതിനായി പ്രാർത്ഥിക്കുക. ശ്വാസ കോശത്തിൽ കാൻസർ ബാധിച്ചു നാലാം സ്റ്റേജിലെത്തിയ സത്താപ്പൂർ ഗ്രാമത്തിലെ വൽസർ ദേവിക്കു മൂന്നു പഞ്ചു കുഞ്ഞുങ്ങളുണ്ട്. ഈ കുഞ്ഞുങ്ങളുടെ ഭാവിക്കും അവളുടെ സൗഖ്യത്തിനുമായി പ്രാർത്ഥിക്കുക. സത്താപൂർ ഗ്രാമത്തിലെ പുരാണി ഗ്രാമത്തിൽ വിശ്വാസികളുടെ മദ്ധ്യെ സമാധാനം നിലനിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.

14
ജൂലൈ
ഞായർ

## ജന്മദിനാശംസകൾ

ബൻഹൂർ വൈ,
ജിക്കി എഡ്വേർഡ്

### മുരളിഗഞ്ച്

**ജോൺ എം & സെലീന ജോയ്സ്, ഡേവിഡ്**

ദംസാനിയ ഗ്രാമത്തിലെ പൊച്ചു ദേവി, പോച്ചനപൂർ ഗ്രാമത്തിലെ നാരാനായൻ എന്നിവർ ദൈവത്തിൽ ആശ്രയിച്ചു പ്രാർത്ഥിച്ചതിന്റെ ഫലമായി അവർക്കു സ്വന്തമായി വീടു പണിയുവാൻ സാധിച്ചു. സാബിതബർണി, മകേഷ് ആരാധന കേന്ദ്രം എന്നിവിടങ്ങളിൽ ക്രമമായി വേദപഠന ക്ലാസ്സുകൾ നടക്കുന്നു. അനേക വർഷത്തെ കാത്തിരിപ്പിനൊടുവിൽ രജ്ജൻ കുമാരിക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. ദമസൈന, ബഹനപൂർ എന്നീ ആരാധനക്കൂട്ടങ്ങളിൽ നടത്തിയ സുവിശേഷീകരണത്തിന്റെ ഫലമായി പുതിയ സ്നേഹിതർ കടന്നു വരുന്നു.

വിശ്വാസത്തിൽ ക്ഷീണിച്ചുപോയ മീന ദേവി, കിരൺ ദേവി എന്നിവർ ആത്മീക ഉണർവ്വ് പ്രാപിച്ചു ക്രിസ്തേശുവിൽ ബലപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളിൽ ചിലരുടെ വീടുകൾ നിർമ്മാണഘട്ടത്തിലാണ്. മഴക്കാലത്തിനു മുമ്പ് വീടിന്റെ പണി പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറി ഡേവിഡ് ഈ മിഷൻ വയലിന്റെ ചുമതലയേറ്റെടുത്തു. അദ്ദേഹത്തിന്റെ ആരോഗ്യത്തിനും ശുശ്രൂഷയുടെ അനുഗ്രഹത്തിനും പ്രാദേശിക ഭാഷ വേഗത്തിൽ പഠിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

### ഛാത്തപൂർ

**കെ രവി & സുധാറാണി**

ഹരിയാര ഗ്രാമത്തിലെ ഏഴു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ആരതി ദേവിയുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. ഉദര വേദനയാൽ കഷ്ടപ്പെട്ട ഗുൽസൻ കുമാരിയെ കർത്താവ് സൗഖ്യമാക്കി. ബാബുലാൽ സാദയുടെ അപ്പൻഡിക്സ് ശസ്ത്രക്രീയ വിജയകരമായിരുന്നു. പപ്ദിയ, കർജൈൻ എന്നീ ഗ്രാമങ്ങളിൽ സുവിശേഷീകരണത്തിനു അവസരം ലഭിച്ചു.

ഹരിയാര ഗ്രാമത്തിൽ ആരാധനയോഗം നടത്തുന്നതിനതിരായുണ്ടായ എതിർപ്പ് ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. ക്രിസ്തീയ വിശ്വാസത്തെ എതിർക്കുന്ന അരവിന്ദും കുടുംബവും മാനസാന്തരപ്പെട്ടു യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും രമേശ് സാദ വിടുതൽ പ്രാപിച്ചു. എതിർപ്പു നേരിടുന്ന പുരോണി ഗ്രാമത്തിലെ വിശ്വാസികൾ ഐക്യതയുടെ ആത്മാവിൽ ദൈവത്തെ ആരാധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ ദുരപദേശങ്ങളെ തിരിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക. സഭയുടെയും വിശ്വാസികളുടെയും സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക. മുസഹാർ സമുദായത്തിൽ പടർന്നു പിടിച്ചിരിക്കുന്ന ക്ഷയരോഗത്തിൽ നിന്നും അവർ മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിയുടെ ഭാര്യ സുധാറാണിയുടെ സുഖപ്രസവത്തിനായി പ്രാർത്ഥിക്കുക.




കരോളിൻ വില്യം, ജിത്തേന്ദ്ര ദിഗാൾ,
പദ്വി സോമാലിയ ബായി,
സുഗുണ അരുൾ ആശീർ,
വാൽവി നേതാജി ഡാഡു,

**മാധെപൂർ: ജീവാനന്ദൻ എം &**
**ജോസഫിൻ ഷീബ**

സുനിൽ പസ്വാനും മുഴു കുടുംബവും യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 2016 ൽ നമ്മുടെ വിശ്വാസി ദേവ് നാരായണനെതിരായി എടുത്ത വ്യാജ ക്കേസിന്റെ വിധി വന്നു. ദേവ് നാരായണനെ കുറ്റ വിമുക്തനാക്കി വിട്ടയച്ചു.

പ്രിൻജാർ റിഷിദേവിന്റെ വസ്തുവിന്റെ ആധാരം രജിസ്ട്രർ ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക. നടക്കുവാൻ കഴിയാതെ കഷ്ടപ്പെട്ട മൂന്നു വയസ്സുള്ള മനീഷ് കുമാറിനെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. സൊങ്കി ദേവി കടഭാരത്തിൽ നിന്നും മുക്തയാകേണ്ടതിനായി പ്രാർത്ഥിക്കുക. ശാന്തിനി ദേവിയുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക.

## ജാർഖണ്ഡ്

### പത്താർഗാമ

**കൃഷൻകുമാർ & ശാന്തിലാൽ**

പങ്കജ് രവിയുടെയും സോനു കുമാറിന്റെയും വിവാഹം ക്രിസ്തീയ രീതിയിൽ അനുഗ്രഹകരമായി നടത്തി. ഇവിടെ നടത്തിയ യുവജന സമ്മേളനത്തിൽ 35 യൗവ്വനക്കാർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. പൗലോ ദേവിയുടെ വസ്തുവിൽ കുഴിച്ച കുഴൽ കിണറ്റിൽ നിന്നും സമൃദ്ധിയായി ജലം ലഭിക്കുന്നു. ക്രിസ്ത്യാനികളെ ഉപദ്രവിച്ച നരായൺ രവിയെ ഗുരുതരമായ രോഗാവസ്ഥയിൽ ദൈവാലയത്തിൽ കൊണ്ടുവന്നു. വിശ്വാസികൾ ഒത്തുകൂടി പ്രാർത്ഥിച്ചു. ദൈവം അവനെ സൗഖ്യമാക്കി. നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു.

കഠിനമായ പ്രമേഹ രോഗത്താലും വൃക്ക സംബന്ധമായ രോഗത്താലും ചണ്ടിക്കോള ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്ന സാമ്പ ദേവിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കഴുത്തിൽ ട്യൂമർ ബാധിച്ച നമ്മുടെ ബാലഭവനത്തിലെ കുട്ടി ശലോമി കുമാരിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൂനം ദേവിക്കു ഒരു പൈതലിനെ നല്കി ദൈവം അനുഗ്രഹിച്ചു.

## കർത്താവ് വങ്കാര്യങ്ങൾ ചെയ്യുന്നു

ജാർഖണ്ഡിലെ ലോകി ഗ്രാമത്തിൽ വസിക്കുന്ന സുന്ദർ കുടുംബമായി ഉപജീവന മാർഗ്ഗം തേടി പഞ്ചാബിലേക്കു കുടിയേറി. അവിടെ വഴിതറ്റി അലഞ്ഞു നടന്നു. തന്റെ ഭർത്താവിനു വേണ്ടി പ്രാർത്ഥിക്കുവാൻ ഭാര്യ ഗ്രാമത്തിലുള്ളവരോടു അപേക്ഷിച്ചു. അവനെ തേടി ഒരു മാസത്തോളം ബന്ധുക്കളും സ്നേഹതിരും അന്വേഷിച്ചു നടന്നെങ്കിലും കണ്ടെത്തിയില്ല.. തുടർന്നു സുന്ദറിന്റെ ഭാര്യ ജാർഖണ്ഡിലുള്ള സ്വഗ്രാമത്തിലേക്കു തിരികെവന്നു. വിശ്വാസികൾ മടുത്തു പോകാതെ അവനു വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരുന്നു. എല്ലാവരെയും ആശ്ചര്യപ്പെടുത്തി മൂന്നു വർഷത്തിനു ശേഷം സുന്ദർ പൂർണ്ണ ആരോഗ്യവാനായി തിരികെ വന്നു. ദൈവം ചെയ്ത ഈ അത്ഭുത പ്രവർത്തിക്കു നന്ദി സൂചകമായി കുടുംബം ഒരാടിനെയും 6000 രൂപയും ദൈവാലയത്തിനു ദാനമായി നൽകി.




## ജന്മദിനാശംസകൾ

വിനോദിനി ജോൺസൺ,
ബർന്നബാസ് എ,
സുനന്ദ ബല്ലി, കൽപന ചൗദരി

### ബർഹർവ

**മല്ല വിദ്യാസാഗർ & ദീപിക പാനി**

കഠിനമായ വേനലിൽ നമ്മുടെ മിഷനറിമാരെ കർത്താവ് സുരക്ഷിതമായി പരിപാലിച്ചു. ഉന്നതകുല ജാതയായ ഉഷ ഗുപ്ത ക്രിസ്തീയ വിശ്വാസം നിമിത്തം സമൂഹത്തിൽ ഒറ്റപ്പെട്ടെങ്കിലും അവളുടെ ക്രിസ്തീയ സാക്ഷ്യം നിമിത്തം അവളുടെ സ്വന്തക്കാരിൽ ചിലരുമായി നല്ല ബന്ധം സ്ഥാപിക്കുവാൻ സാധിച്ചു.

ജിക്കിതിയ ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനു പഞ്ചായത്ത് അധികാരികളിൽ നിന്ന് അംഗീകാരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. റാമ്പൂർ, സിയാമ്പൂർ, ജാമ്പൂർ, ജാൽദിഗി എന്നീ ഗ്രാമങ്ങളിൽ നടത്തുവാനുദ്ദേശിക്കുന്ന കുട്ടികളുടെ യോഗത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്ന ഏഴു പേർ യേശുക്രിസ്തുവിൽ ധൈര്യമുള്ളവരായിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജിഹിക്തിയ ഗ്രാമത്തലവന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പുതുതായി വിവാഹിതരായ ലക്ഷ്മി കുമാരിയും അഞ്ചേരി കുമാരിയും ഉത്തമ ക്രിസ്ത്യാനിയായി ജീവച്ച് തങ്ങളുടെ ഭർത്താക്കന്മാരെ ക്രിസ്തുവിങ്കലേക്കു നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### തീൻപഹാട്

**നെഹമ്യാവ് & അനാമിക പെഗു**

ഇവിടെ സംഘടിപ്പിച്ച ദ്വിദിന യുവജന ക്യാമ്പിൽ അനേക യൗവ്വനക്കാർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. പ്രാർത്ഥന ജീവിതത്തിൽ അവർ ശക്തിപ്പെട്ടു. മൂന്നു സ്ഥലത്തു വിബിഎസ് പ്രോഗ്രാം വിജയകരമായി നടത്തി. ഭർത്താവ് എതിർത്തിട്ടും കുന്ദൻ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നു.

ലഘുലേഖകൾ കരസ്ഥമാക്കിയ 126 വ്യക്തികളുടെ ഉള്ളത്തിൽ പരിശുദ്ധാത്മാവ് പ്രവർത്തിച്ചു അവർ ദൈവത്തിൽ വിശ്വസിക്കേണ്ടതിനായി പ്രാർത്ഥിക്കുക.. കുന്ദന്റെ ഭർത്താവ് മാനസാന്തരപ്പെട്ടു ആരാധന യോഗത്തിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മയക്കു മരുന്നിന്റെ ആസക്തിയിൽ നിന്നു കുന്തൻ മുണ്ട വിടുതൽ പ്രാപിച്ച് കുടുംബത്തെ പഷിപ്പിക്കുന്നതിനായി ജോലി ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക.

### അത്ഭുതങ്ങളുടെ ദൈവം!

ജാർഖണ്ഡിൽ ലാൽമട്ടിയ മിഷൻ വയലിലുള്ള മത്തെപദാൻ ഗ്രാമത്തിലാണ് ധരേന്ദർ ടുഡു താമസിക്കുന്നത്. പക്ഷാഘാതം വന്ന അവൻ ചികിത്സക്കു വിധേനായെങ്കലും വിടുതൽ കിട്ടിയില്ല. ആഭിചാര ക്രിയകൾ ചെയ്തു നോക്കി. ആരോഗ്യത്തിൽ ഒരു പുരോഗതിയും ഇല്ലാതെ ഒമ്പതു മാസം കിടക്കിയിലായിരുന്നു. അവന്റെ കുടുംബം അവനെ ഗ്രാമത്തിൽ നടത്തിയ രണ്ടു ദിവസത്തെ ഉപവാസ പ്രാർത്ഥനയിൽ എടുത്തു കൊണ്ടു വന്നു. പ്രാർത്ഥന വേളയിൽ അവൻ എഴുന്നേറ്റു നടക്കുവാൻ തുടങ്ങി. അവൻ കുടുംബമായി ദൈവത്തെ മഹത്വപ്പെടുത്തുകയും യേശുവിനെ രക്ഷിതാവായി സ്വീകരിക്കുകയും ചെയ്തു. ഈ അത്ഭുത പ്രവർത്തിയെ തുടർന്നു ചുറ്റുപാടുമുള്ള അനേകർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. ദൈവത്തിനു മഹത്വം.

**17**
**ജൂലൈ**
**ബുധൻ**

ഉപവാസ പ്രാർത്ഥന ദിനം

## ലിറ്റിപാദ

### എബനേസർ ശാമുവേൽ
### മെയ്ബൽ ഫ്ളോറൻസ്

കുമാർപർജ ഗ്രാമത്തിലെ വിശ്വാസിയായ പൂർണിമ അപസ്മാര രോഗത്തിൽ നിന്നും വിശ്വാസികളുടെ പ്രാർത്ഥനയാൽ വിടുതൽ ലഭിച്ചു. പ്രാദേശിക സുവിശേഷകൻ ബർന്നബാസ് രക്തകുഴലിൽ നടത്തിയ ശസ്ത്രക്രിയ കഴിഞ്ഞു സുരക്ഷിതമായി ഭവനത്തിൽ മടങ്ങിയെത്തി.

നമ്മുടെ പ്രാദേശിക സുവിശേഷകന്റെ ഭാര്യ വൃക്ക രോഗത്താൽ കഷ്ടപ്പെടുന്ന ഷീല ഹസ്താക്കിന്റെയും മസി ടുഡുവിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അടിസ്ഥാന സൗകര്യമോ വികസനമോ ഇല്ലാത്ത ജക്കോത്, കപ്കോ, കുറും, പന്തോള എന്നീ പ്രദേശത്തുള്ള വിശ്വാസികളുടെ സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന വിശ്വാസ പ്രഖ്യാപന യോഗം, യുവജനയോഗം, സഭാമൂപ്പന്മാരുടെ യോഗം എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

## ബദരിയ

### ചുച്ചാവോ എസ് & കമ്പുങ് താബ

28 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നമ്മുടെ വിശ്വാസികളുടെ മക്കൾ അവരുടെ സ്കൂൾ, കോളജ് പരീക്ഷകൾ വിജയകരമായി പാസ്സായി. എട്ടു സ്ഥലത്തു ഫിലിം പ്രദർശിപ്പിച്ചു. നിരവധി സ്ഥലങ്ങളിൽ നടത്തിയ വിബിഎസിലൂടെ 1000 കുട്ടികൾ ദൈവവചനം പഠിച്ചു. നമ്മുടെ പുതിയ പ്രാദേശിക സുവിശേഷകൻ ഡേവിഡ് മാൾട്ടോ വിശ്വസ്തതയോടെ ഫലപ്രദമായി ദൈവ വേല ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക. അത്രോകോപാട, സിക്രോ, ദുത്തികോട, പദോർ, ജാപോ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ഈ റീജിയനിൽ നടത്തുവാനുദ്ദേശിച്ച അന്വേഷക ക്യാമ്പിന്റെ വിജയത്തിനായി പ്രാർത്ഥിക്കുക.

## നല്ല

### ജറാൾഡ് സേവ്യർ & ജോത്സ്യന

പാക്കുടിയ ഗ്രാമത്തിലെ മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പശുവിന്റെ ആക്രമണത്തിൽ ഗുരുതരമായി പരുക്കേൽക്കാതെ ബൽദങ്കാൾ ഗ്രാമത്തിലെ സുക്കർമണിയെ ദൈവം അത്ഭുതകരമായി പരിപാലിച്ചു. റീയസൊറന്റെ ശരീരമാസകലം അനുഭവപ്പെട്ട നീറ്റൽ ആത്മാർത്ഥമായ പ്രാർത്ഥനയുടെ ഫലമായി സൗഖ്യമായി. വേർപിരിയലിന്റെ വക്കിലെത്തിയ പിസോനാഥിന്റെ കുടുംബം പ്രാർത്ഥനയെ തുടർന്നു രമ്യപ്പെട്ടു ഒരുമിച്ചു ജീവിക്കുന്നു.

ക്രിസ്തീയ വിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ ഭാര്യ ആത്മഹത്യ ചെയ്തതിനാൽ റിജിലാലിനുണ്ടായ മാനഹാനി മാറേണ്ടതിനായി പ്രാർത്ഥിക്കുക. ഈ സംഭവം ആ ഗ്രാമത്തിലെ ക്രിസ്തീയ ശുശ്രൂഷയെ ബാധിക്കാതിരിക്കേണ്ടതിനായും പ്രാർത്ഥിക്കുക. കലിഗോലി, കകർദ, കാക്യാത്രി, കാരിയ, ജാമലപാദ, ബനക്കാദ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം വിജയകരമായി പ്രഘോഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

ബൻഹുർ എം,
അമീർ കാന്ത ദിഗൾ,
അരുൾരാജ് എബനേസർ ഡി,
സാം പോൾ എ

### സുന്ദർപഹാഡി & ചാന്ദന ബാലഭവനം

**ദാനിയേൽ ധനസിങ് &**
**സുവില ജ്ഞാനാമ്പു**

12 വ്യക്തികൾ തങ്ങളുടെ പഴയ പാപ ജീവിതം ഉപേക്ഷിച്ചു ക്രിസ്തേശുവിൽ പുതു ജീവിതം ആരംഭിക്കുന്നതിനു തീരുമാനിച്ചു. ക്രിസ്തീയ രീതിയിൽ എട്ടു വിവാഹങ്ങൾ നടത്തി. മസ്തിഷ്ക ജ്വരത്താൽ കഷ്ടപ്പെട്ട പ്രേം ടുഡുവിനെ പ്രാർത്ഥന കേട്ടു കർത്താവ് അത്ഭുതകരമായി സൗഖ്യമാക്കി. വിഷ പാമ്പിന്റെ ദംശനമേറ്റ മോനിക്കക്കു വേണ്ടി വിശ്വാസികൾ ഒത്തുകൂടി പ്രാർത്ഥിച്ച വേളയിൽ കർത്താവ് അവളെ വിടുവിച്ചു.

ഉടനെ നടത്തുവാനുദ്ദേശിക്കുന്ന സഭാ മൂപ്പന്മാരുടെ പരിശീലന പ്രോഗ്രാം, ചെറുപ്രാർത്ഥന സംഘ നേതാക്കന്മാരുടെ യോഗം, സ്ത്രീകളുടെ പ്രത്യേക യോഗം, സ്വദേശ സുവിശേഷകരുടെ കുടുംബ സംഗമം എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. കല്യാൺ, ജാംഗുണ്ടുദേവി എന്നീ ഗ്രാമങ്ങളിൽ പ്രദർശിപ്പിച്ച ജീസസ്സ് ഫിലിം ദർശിച്ചവരുടെ ഉള്ളിൽ പരിശുദ്ധാത്മാവ് പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നക്സലൈറ്റുകൾ ചില ഗ്രാമങ്ങളിൽ പ്രവേശിച്ചു വിശ്വാസികളെ ഭീഷണിപ്പെടുത്തുന്നു. ഇവരുടെ ജീവിതത്തിൽ ദൈവം ഇടപെടേണ്ടതിനായും ഇവർ മാനസാന്തരപ്പെടേണ്ടതിനുമായി പ്രാർത്ഥിക്കുക.

### ബഡിടോള

**മിർജിയോ കിസ്കു &**
**സെലീന ഹസ്താക്**

17 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു വിശ്വാസികളുടെ ഗണത്തിലായി. സുന്ദർടുഡു തന്റെ ഭാര്യയുടെ കൂടെ ജേലി തേടി പഞ്ചാബിലേക്കു പോയി. പെട്ടെന്നു കാണാതെ പോയി. മാനസികമായി നല്ല ആരോഗ്യമില്ലാത്ത ഭർത്താവ് തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുവാൻ ഭാര്യ ഗ്രാമത്തിലുള്ള വിശ്വാസികളോടു ആവശ്യപ്പെട്ടു. പ്രാർത്ഥനയുടെ ഫലമായി മൂന്നു വർഷത്തിനു ഭർത്താവ് ആരോഗ്യവനായി ഭവനത്തിൽ തിരികെ വന്നു. കാട്ടുവഴിയിലൂടെ ചന്തയിലേക്കു പോയ തെരേസ ഹെംബ്രം കാട്ടുപാതയിൽ മയങ്ങിവീണെങ്കിലും അല്പം കഴിഞ്ഞ തനിയെ ബോധം വന്നു എഴുന്നേറ്റു തന്റെ യാത്ര തുടർന്നു.

കാലിന്റെ ചലന ശേഷി നഷ്ടപ്പട്ടതിനാൽ വേല ചെയ്യുവാൻ കഴിയാത്ത സഭാമൂപ്പൻ മഹിമയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ദവ്യാഗ്രഹത്താൽ നഷ്ടപ്പെട്ടു പോയ സിലാക്കി സഭ മൂപ്പൻ സിൽവാനസിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. മകൾ ഒരു അക്രൈസ്തവന്റെ കൂടെ പോയതിനെ തുടർന്നുണ്ടായ പ്രയാസത്തിൽ നിന്നു ബോഡോ കിസ്കുവിനെ കർത്താവ് ശക്തിപ്പെടുത്തേണ്ടതിനായി പ്രാർത്ഥിക്കുക. വഴിതെറ്റിപ്പോയ മകളെ ദൈവം മാനസാന്തരത്തിലേക്കു വഴി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക.

**19**
**ജൂലൈ**
**വെള്ളി**

## ഹാൻസിഡിഹ

### സെന്തിൽ കുമാർ തിമോത്തി & മുത്തു സെൽവി

അഞ്ചു വ്യക്തികൾ തങ്ങളുടെ പാപ ജീവിതം ഉപേക്ഷിച്ചു യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. സഭാമൂപ്പന്റെ വേർപാട് നിമിത്തം പിന്മാറിപ്പോയ അദ്ദേഹത്തിന്റെ ഭാര്യയും മക്കളും വിവിധ രോഗങ്ങളാൽ കഷ്ടപ്പെട്ടു. അവർ വിശ്വാസത്തിലേക്കു മടങ്ങിവന്നു പ്രാർത്ഥിച്ചു. ദൈവം അവരെ സൗഖ്യമാക്കി. കുടിയേറ്റ തൊഴിലാളികൾ തങ്ങളുടെ ഭവനത്തിൽ സുരക്ഷിതരായി മടങ്ങിവന്നു. സഭാ ആരാധനയിൽ പങ്കെടുത്തു കാണിക്ക അർപ്പിച്ചു. ദൈവം അവർക്കു ചെയ്ത നന്മകളെ ആരാധന മദ്ധ്യേ സാക്ഷിച്ചു.

മാനികവാൽ സഭയിലെ പ്രധാന വ്യക്തികളായ ചോട്ടു, സോനത് എന്നിവർ ധന മോഹികളായി വിശ്വാസം ത്യജിക്കുകയും മറ്റു വിശ്വാസികളെ പാപത്തിലേക്കു നയിക്കുകയും ചെയ്യുന്നു. ഇദ്ദേഹത്തിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. തെങ്ക, കോട്ട എന്നീ മിഷൻ വയലുകളിൽ സുവിശേഷം അറിയിക്കുന്നതിനു എടുക്കുന്ന ഉദ്യമങ്ങൾ ഫലകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. കോലാം മിഷൻ വയലിലെ മിഷനറിയെ സുപ്രാം മിഷൻ വയലിലേക്കു നിയോഗിച്ചു. പുതിയ മിഷൻ വയലിൽ മിഷനറി ഫലകരമാകേണ്ടതിനായി പ്രാർത്ഥിക്കുക.

# പശ്ചിമ ബംഗാൾ

## ഗംഗരാമ്പൂർ

### ഡിഹെ എസ് & ചരണി

11 വ്യക്തികൾ തങ്ങളുടെ പാപ ജീവിതം ഉപേക്ഷിച്ച് യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചു പുതിയ ജീവിതം നയിക്കുന്നതിനു തീരുമാനിച്ചു. ഏഴു ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. നാലു വ്യക്തികൾ നമ്മുടെ മിഷനറിയെ അവരുടെ ഭവനത്തിലേക്കു ക്ഷണിച്ചു. യുവജന ക്യാമ്പ് വിജയകരമായി സംഘടിപ്പിച്ചു. സ്വന്തം ജീവിതത്തിൽ മൊബൈലിന്റെയും സാമൂഹ്യ മാദ്ധ്യമങ്ങളുടെയും അമിതമായ ഉപയോഗം തടയുന്നതിനും മാതാപിതാക്കളെ ബഹുമാനിക്കുന്നതിനും ദിനം തോറും ദൈവവചനം പഠിക്കുന്നതിനും യൗവ്വനക്കാർ തീരുമാനങ്ങൾ എടുത്തു ദൈവസന്നിധിയിൽ തങ്ങളെ സമർപ്പിച്ചു.

ഭാര്യയുടെ വേർപാടിൽ ദുഃഖത്തിലായിരിക്കുന്ന സോനത്താം ഹെബ്രത്തിന്റെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. അടിക്കടിയുണ്ടാകുന്ന രോഗം നിമിത്തം ശുശ്രൂഷ ചെയ്യുവാൻ കഷ്ടപ്പെടുന്ന സുവിശേഷകൻ ചാൾസ് മറാണ്ടിയുടെയും ഭാര്യയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. 40 ഭവനം സന്ദർശിക്കുന്നതിനുള്ള പദ്ധതി വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പത്തു ഗ്രാമങ്ങളിൽ ജീസസ്സ് ഫിലിം പ്രദർശിപ്പിച്ച് ജനങ്ങളെ ക്രിസ്തുവിങ്കലേക്കു നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാൻ ഉദ്ദേശിക്കുന്ന രണ്ടു ആത്മീക ഉണർവ്വയോഗങ്ങളുടെയും വിജയത്തിനായി പ്രാർത്ഥിക്കുക.

20
ജൂലൈ
ശനി

**ജന്മദിനാശംസകൾ**

റെജിനി തോമസ്,
തോട്ച്ചുയോ ഷിംറാജ്,
അലക്സ് പ്രഭു,
രമേശ് ബാബു കെ,
ബാബുജി മുർമ്മു

### ബാലുർഗാട്

**കിങ്സ്ലി ലിവിങ്സ്റ്റൺ ആർ & ഡെൽഫിൻ**

മൂന്നു സ്ഥലത്തു വിബിഎസ് നടത്തി. വിശ്വാസികൾക്കായി ആത്മീക ഉണർവ്വു യോഗം സംഘടിപ്പിച്ചു. വേദപഠന ക്ലാസ്സുകൾ അനുഗ്രഹകരമായി നടക്കുന്നു. ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവും സ്വീകരിച്ചു.

മുല്ലഗാം, കാൻപൂർ, മഹൽപൂർ എന്നീ റീജിയനുകളിൽ പുതിയ ആരാധനക്കൂട്ടങ്ങൾ ഉരുവാക്കേണ്ടതിനായി പ്രാർത്ഥിക്കുക. സോൻപാൽ ഗ്രാമത്തിലെ സാം കിസ്കുവിനും പരോസിങ്സെത്തിനും മക്കളെ നൽകി അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഹെപ്സി മാറാണ്ടി, ജർണു മാറാണ്ടി, പുലോവാനി ടുഡു, സക്കൽ ഹെബ്രം, ബപ്പായി ടുഡു എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു ആരാധന യോഗത്തിൽ പതിവായി സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിമാരുടെയും സ്വദേശ സുവിശേ,കരുടെയും വിശ്വാസികളുടെയും സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക.

## ഛത്തീസ്ഘട്

### ഘർഗോട

**കിങ്സ്ലി ഐസക് ജോൺസൺ & മീന ആർ**

150 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. കാട്ടു പന്നിയുടെ ആക്രമണത്തിൽ നിന്നും സുഗുണ രത്തിയെ കർത്താവ് പരിപാലിച്ചു. ക്രിസ്തീയ വിശ്വാസത്തിനെതിരെ നിലനിൽക്കുന്ന എതിർപ്പിനിടയിലും അനേക പുതിയ ആളുകൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. സാഹുവിലൂടെ സുവിശേഷം ശ്രവിച്ച ആനേകർ ദൈവാലയത്തിൽ വരുവാൻ തുടങ്ങി.

ദൈവരാജ്യത്തിന്റെ വ്യാപനത്തിനായി പ്രാർത്ഥിക്കുക. കർക്കോദ, തന്മാർ, ലൈലുങ്ക, താരം, ജയ്ഗട്ട്, റായ്ഗട്ട്, കർസില എന്നീ താലുക്കുകളിൽ നടത്തുന്ന സുവിശേഷീകരണ പ്രവർത്തനത്തിലൂടെ അനേകർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സന്നദ്ധ സുവിശേഷകരായി നമ്മോടു കൂടെ ചേർന്ന തീജറാം സാഹു, ഗംഗറാം സാഹു എന്നിവരെ കർത്താവ് ശക്തമായി ഉപയോഗിക്കുന്നു. എതിർപ്പുകളും സാംസ്കാരിക പ്രതിബന്ധങ്ങളും സാമൂഹ്യ സമ്മർദ്ദങ്ങളും നിലനിൽക്കുന്ന ചുറ്റുപാടുകൾക്കു മാറ്റം ഉണ്ടാകേണ്ടതിനും പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എതിർപ്പുകൾ നിമിത്തം പിന്മാറ്റത്തിലായവർ ക്രിസ്തുവിൽ ധൈര്യപ്പെട്ടു തങ്ങളുടെ തെറ്റു ഏറ്റു പറഞ്ഞു വിശ്വാസത്തിലേക്കു തിരികെ വരേണതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തെ എതിർക്കുന്ന നർത്തോ ഗുപ്ത, ബുജി ഗുപ്ത, ജയറാം സാഹു എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

പൊൻമലർ ജ്ഞാനശാന്തി,
പോൾരാജ് ആർ

## ഗുജറാത്ത്

### മോസ്ദ

**പോൾരാജ് ആർ & കോയിൽ പുഷ്പം**

വിശ്വാസത്തോടു കൂടിയ പ്രാർത്ഥനയുടെ ഫലമായി സന്ദീപിനു തന്റെ ഗ്രാമമായ അന്ദുവിൽ ഒരു വീടു നിർമ്മിക്കുവാൻ ദൈവം കൃപ ചെയ്തു. പൈശാചിക ബന്ധനത്തിൽ നിന്നും മുക്തയായ നൈന ബൻ കർത്താവിന്റെ വേലയിൽ പങ്കാളിയായി ദൈവരാജ്യത്തിനു പ്രയോജനപ്പെടുന്നു. നമ്മുടെ സഭാമൂപ്പന്റെ മകൾ ഷർമ്മിള വീണു കൈക്കു പൊട്ടലുണ്ടായി അവളുടെ പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നവൽബായിക്കു ലോൺ ലഭിച്ചതിനെ തുടർന്നു പ്രാർത്ഥനയോടെ ഒരു കുഴൽ കിണർ കുഴിച്ചു വേനൽ കാലത്തു സമൃദ്ധിയായ ജലം ലഭിച്ചു.

ദബ്ക ഗ്രാമത്തിലെ മൂന്നു വയസ്സുള്ള ദേവനു സംസാര ശേഷി ലഭിക്കേണ്ടതിനും അഞ്ചു വയസ്സുള്ള ശ്രേയനു കാഴ്ച ശക്തി ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. അപകടത്തിൽ കൈക്കു പൊട്ടലുണ്ടായ ജയന്തിബായിയുടെ പരിപൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. യേശുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിക്കുന്നതിനു തയ്യാറെടുക്കുന്ന 12 വ്യക്തികൾക്കായി, അവർ ക്രിസ്തുവിൽ ബലപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

### മാൻസ

**ചെല്ലദുരൈ & കനകനേശം**

കഠിനമായ വേനൽ ചൂടിൽ നിന്നും നമ്മുടെ മിഷനറിമാരും വിശ്വാസികളും സുരക്ഷിതരായിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപകടത്തിൽ പെട്ടതിനെ തുടർന്നു നടക്കുവാനോ ഉറങ്ങുവാനോ കഴിയാത്ത നതുബായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വേദപഠനക്ലാസ്സിലും പ്രാർത്ഥന യോഗത്തിലും ഭാരത് ബായിയും കുടുംബവും താൽപര്യപൂർവ്വം പങ്കെടുക്കുന്നു. റവബായിക്കു നല്ലൊരു ജോലി ലഭിച്ചു. പുജ, ദീപ്തി എന്നിവരുടെ വിവാഹം നല്ല രീതിയിൽ നടത്തി.

രണ്ടു പ്രാവശ്യം ഗർഭസ്ഥ ശിശു നഷ്ടപ്പെട്ട ശോഭനക്കു മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വക്രി കുടുംബത്തിന്റെ സ്വാതന്ത്ര്യത്തിനായും അവരുടെ മക്കൾ സാമൂഹ്യ അടിമത്വത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. വൃക്കയിൽ ശസ്ത്രക്രീയ ചെയ്ത അനിത താക്കുറിന്റെ സമ്പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ലക്ഷ്മി ബന്നിന്റെ മകൻ കുടുംബത്തിലുള്ള എല്ലാവരോടും നിരപ്പ് പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബോർജി ജനവിഭാഗത്തിന്റെ മദ്ധ്യെ സുവിശേഷം അറിയിക്കുന്നതിനു അനുകൂല സാഹചര്യം ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറിയുടെ മകൻ ജോണിനു വൈദ്യശാസ്ത്ര പഠനത്തിനു പ്രവേശനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 22 ജൂലൈ തിങ്കൾ

## ജന്മദിനാശംസകൾ

ധർമ്മരാജ് ആർ. ആർ,
എബനേസർ ശമുവേൽ

### സൂറത്ത്

**മാധവറായ് & ജപതങ്കം**

90 വ്യക്തികൾ ജീവിതത്തിൽ ആദ്യമായി സുവിശേഷം ശ്രവിച്ചു. ജോണിന്റെ മകളുടെ വിവാഹം അനുഗ്രഹപ്രദമായി നടത്തി. രാജേഷിന്റെ വൃക്ക ശസ്ത്രക്രീയ വിജയകരമായിരുന്നു. നേത്ര രോഗത്തിൽ നിന്നും ബൻസിത്തറും ശരീരത്തിലുണ്ടായ പുകച്ചിലിൽ നിന്നു രാജിയും പ്രാർത്ഥനയിലൂടെ സുഖം പ്രാപിച്ചു.

ക്രിസ്തേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റുപറയുന്നതിനു തടസ്സങ്ങൾ നേരിടുന്നവർ അതിനെ അതിജീവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സൈലേഷ് സഹോദരന്റെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. രക്താർബുദത്തിൽ നിന്നും മഹേന്ദ്രയും കരൾ വീക്കത്തിൽ നിന്നു നഹോമിയും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രക്ത സമ്മർദ്ദം കുറവുള്ള രാജാത്തി ബന്നിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഭർത്താവിൽ നിന്നും കുടുംബാംഗങ്ങളിൽ നിന്നും ഗാർഹിക പീഡനം അനുഭവിക്കുന്ന പവൻ ബായിയുടെ വിടുതലിനായും ഉപദ്രവിക്കുന്നവരുടെ മാനാസാന്തരത്തിനായും പ്രാർത്ഥിക്കുക.

### വിജയനഗർ

**വിജയകുമാർ കെ & സുശീല എ**

24 വ്യക്തികൾ യേശുവിലുള്ള വിശ്വാസം ഏറ്റുപറഞ്ഞു വിശ്വാസികളുടെ ഗണത്തിലായി. കഴിഞ്ഞ ഏഴു വർഷമായി പൈശാചിക ബന്ധനത്തിൽ കഷ്ടപ്പെടുന്ന അമർനാഥിന്റെ കുടുംബം വിടുതൽ പ്രാപിച്ചു. സജ്ജയ്, സ്വപ്നബൻ, നരേശ് എന്നിവർ മൂന്നു മാസത്തെ തുടർമാനമായ പ്രാർത്ഥനയാൽ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. കൽപനയുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക.

സിക്കാര ദൈവാലയത്തിന്റെ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാലതിയുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. കല്പനയുടെ കുടുംബ സമാധാനത്തിനായി പ്രാർത്ഥിക്കുക. മാറാത്ത ഉദര വേദനയിൽ നിന്നും പ്രീയങ്ക സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എതിർപ്പിനെ അതിജീവിച്ച് ദുർജൻ ബായ്, കമലഭായ് എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ദൈവം വിശ്വാസത്തെ മാനിക്കുന്നു!

ജാർഖണ്ഡിൽ ലാൽമട്ടിയ മിഷൻ വയലിലെ വിശ്വാസിയായ സരിത മുർമ്മു അലർജി മൂലമുള്ള രോഗത്തിനായി അനേക മാസങ്ങളായി പാട്നയിലുള്ള AIIMS ആശുപത്രിയയിൽ ചികിത്സയിലാണ്. ആരംഭത്തിൽ ഡോക്ടറന്മാർ മൂന്നു ലക്ഷം രൂപ ചിലവ് വരുന്ന ശസ്ത്രക്രീയ വേണമെന്നു ഉപദേശിച്ചു. വിശ്വാസികളുടെ പ്രാർത്ഥന അഭ്യർത്ഥിച്ച സരിത ശസ്ത്രക്രീയ കൂടാതെ സൗഖ്യം ലഭിക്കുമെന്നു വിശ്വസിക്കുന്നു. തീവ്രമായ പ്രാർത്ഥനയെ തുടർന്നു ശസ്ത്രക്രീയ ആവശ്യമില്ലെന്നു ഡോക്ടറന്മാർ വിധിയെഴുതി. ദൈവത്തിനു മഹത്വം!

## 23 ജൂലൈ ചൊവ്വ

**ഉമർഗാം : ആശീർ മോസസ് & അമൃത ഗോൾഡ**

110 ആളുകൾ സുവിശേഷം ശ്രവിച്ചു. ഇരോളി, പൊറാവ്, ഗുന്ദെർ, സുപ്പർപാട എന്നീവിടങ്ങളിൽ ഉപവാസ പ്രാർത്ഥന അനുഗ്രഹകരമായി നടത്തി. അഞ്ചു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു രക്ഷിത ഗണത്തിലായി.

നമ്മുടെ പ്രാദേശിക സുവിശേഷകന്റെ എട്ടു വയസ്സുള്ള മകൾ അപകടത്തിൽ പെട്ടു കഷ്ടപ്പെടുന്നു, സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മണിക്പൂർ ഗ്രാമത്തിലെ അനിബായ് വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പൊർമൽ ഗ്രാമത്തിൽ എതിർപ്പുകളില്ലാതെ സുവിശേഷീകരണ യോഗം നടത്തേണ്ടതിനായി പ്രാർത്ഥിക്കുക.

**സെയിന്റ് തോമസ് സ്കൂൾ – ജാവ്ട്**

**ഹരിബാബു & പങ്കജം; ദാനിയേൽ രാജാമണി & സോഫിയ; പൊൻ അഗസ്റ്റിൻ & ജോയ്സ് ശോഭന; ബിജു ലാൽ & സ്റ്റെഫി; സതീഷ് കുമാർ & ക്രിസ്റ്റി ജയന്തി; ആൽബർട്ട് സന്തോഷ് രാജ് എ & എയ്ഞ്ചൽ; തങ്ബിയക്മുവാൻ; രൂത്ത് മാൾട്ടോ**

അദ്ധ്യായന വർഷത്തിന്റെ ഒടുവിൽ മനോഹരമായി സ്തോത്ര പ്രാർത്ഥന നടത്തി. 10,12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കു NEET പരീക്ഷക്കു ആവശ്യമായ പരിശീലനം നൽകി. കുട്ടികളുടെ ബുക്കും യൂണിഫോവും വാങ്ങുന്നതിനാവശ്യമായ സാമ്പത്തീകം ലഭിച്ചു. ചില ക്ലാസ്സുമുറികൾ നവീകരിച്ചു.

ഉന്നത പഠനത്തിനായി കോളജിൽ പ്രവേശനം ലഭിച്ച കുട്ടികൾ ക്രിസ്തീയ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇവർക്കു നല്ല കോളജിൽ പ്രവേശനം ലഭിക്കേണ്ടതിനും അവരുടെ ഭാവി സുരക്ഷിതമാകേണ്ടതിനുമായി പ്രാർത്ഥിക്കുക. നമ്മുടെ കുട്ടികൾ അവരുടെ സമുദായത്തിന്റെ ക്ഷേമത്തിനായി പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**അഹവ**

**വിഘ്നേശ്വരൻ & എയ്ഞ്ചലിൻ എം**

32 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അൻജൻഗുണ്ട്, അവലായുമൾ, വത്പാട, സിൻജിനപാട എന്നീ ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷ യോഗത്തിൽ അനേകർ പങ്കെടുത്ത് അനുഗ്രഹം പ്രാപിച്ചു. 44 സ്ഥലങ്ങളിൽ വേദപഠന ക്ലാസ്സുകൾ നടക്കുന്നു. പ്രാദേശിക സുവിശേകരുടെ കുടുംബസംഗമം അനുഗ്രഹകരമായി നടത്തി.

പ്രാദേശിക സുവിശേഷകന്റെ ഭാര്യയുടെ ഉദരത്തിലുണ്ടായ ട്യൂമർ സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ സ്വദേശ സുവിശേഷകൻ ജയറാം വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന യുവജന യോഗങ്ങളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. കരിമ്പു തോട്ടത്തിൽ ജോലി ചെയ്യുന്നതിനായി കുടിയേറിപോയ വിശ്വാസികൾ തിരികെ വന്നു. അവർ മുടക്കമില്ലാതെ ആരാധനയിൽ സംബന്ധിച്ച് ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**24**
**ജൂലൈ**
**ബുധൻ**

ഉപവാസ പ്രാർത്ഥന ദിനം

**ജന്മദിനാശംസകൾ**

ആൽബർട്ട് ശമുവേൽ,
സതീഷ് റ്റി.

### മെഹ്സന: ശമ്പുനാഥ് നായക് & രാജേശ്വരി പ്രധാർ

പ്രഗതി നഗറിൽ നടത്തിയ രാത്രി യോഗത്തിലൂടെ അനേകർ സുവിശേഷം ശ്രവിച്ചു. പലൻപൂർ ഗ്രാമത്തിൽ സുവിശേഷ യോഗം നടത്തുവാൻ ലക്ഷ്മി ഭായ് തന്റെ ഭവനം തുറന്നു നൽകി. സുവിശേഷം പങ്കുവെച്ചതിനെ തുടർന്നു രവി ഭായി ക്രമമായി ആരാധനയിൽ സംബന്ധിക്കുന്നു.

സീതയുടെ വസ്തു നല്ല വിലക്കുവിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉൻജ സമുദായത്തിലെ ജനങ്ങൾ യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വർഷ ബന്നിന്റെ ആത്മീക വളർച്ചക്കായും അവളുടെ ഭർത്താവ് മദ്യാസക്തിയിൽ നിന്നും മോചനം പ്രാപിക്കേണ്ടതിനായും പ്രാർത്ഥിക്കുക. അപ്പുദേദ ജാതി സമൂഹത്തിൽ നിന്നും വിശ്വാസത്തിൽ വന്ന ജനങ്ങൾ ക്രിസ്തേശുവിൽ വേരൂന്നി ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### LTI ഫൊകട്ടി

### രൂബൻ രവി & വിജയറാണി

സഭാ മൂപ്പന്മാരുടെ നാലു ദിവസത്തെ പരിശീലന പ്രോഗ്രാമിൽ 16 പേർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. നമ്മുടെ കുഴൽ കിണറ്റിൽ നിന്നും ആവശ്യത്തിനു വെള്ളം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. 30 പുതിയ കുട്ടികൾ പുതുതായി ചേർന്നു.

കൃഷിക്കാവശ്യമായ മഴ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വേനൽ ചൂടിന്റെ പ്രയാസങ്ങളിൽ നിന്നും ബാലഭവനത്തിലെ കുട്ടികളെ ദൈവം പരിപാലിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാദേശിക സുവിശേഷകരുടെ പരിശീലനത്തിനാവശ്യമായ പാഠ്യപദ്ധതികൾ തയ്യാറാക്കേണ്ടതിനും അതു അച്ചടിച്ചു വിതരണം ചെയ്യേണ്ടതിനുമായി പ്രാർത്ഥിക്കുക. ഇവിടെ നടക്കുന്ന എല്ലാ പരിശീലന പ്രോഗ്രാമുകളും തടസ്സങ്ങളില്ലാതെ നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ പരിശീലനാർത്ഥികളെ മിഷൻ വയലിൽ ദൈവം ശക്തമായി ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## മഹാരാഷ്ട്ര

### അക്കൽകുവ

### ജഗമോഹൻ സിങ് & സ്വാതി ഷർമ്മ

അഞ്ചു ഗ്രാമങ്ങളിൽ നടത്തിയ വിബിഎസ് പ്രോഗ്രാമിൽ 178 കുട്ടികൾ സംബന്ധിച്ചു. മൂന്നു ഗ്രാമങ്ങളിൽ ആരാധന യോഗങ്ങൾ നടത്തുന്നു. ആത്മാക്കളെ കുറിച്ചുള്ള ഭാരം ജനങ്ങളിലേക്കു പകരപ്പെടുന്നു. രണ്ടു സ്ഥലത്തു സ്ത്രീകളുടെ യോഗങ്ങൾ സംഘടിപ്പിച്ചു.

വിശ്വാസ ജീവിതത്തിൽ നിന്നും പിന്മാറിപ്പോയ ശങ്കർ, സാഗൻ എന്നിവർ വിശ്വാസത്തിലേക്കു മടങ്ങി വന്നു കർത്താവിൽ ബലപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. രവിത ദേവിയുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. യേശുവിലുള്ളള്ള വിശ്വാസം പരസ്യമായി ഏറ്റുപറയുന്നതിനു തയ്യാറെടുക്കുന്നവർ ക്രിസ്തേശുവിലുള്ള വിശ്വാസത്തിൽ ശക്തിപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.




മരഗതമണി രൂബൻ,
മണിമാരൻ ഡി,
ആനന്ദൻ എം

**മഷവാദ് : ഭരണിധരൻ എസ് & സെൽവറാണി വി**

എട്ടു സ്ഥലത്തു നടത്തിയ വിബിഎസിൽ 300 കുട്ടികൾ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. എല്ലാ ഗ്രാമങ്ങളിലും ഉപവാസ പ്രാർത്ഥനകൾ നടത്തി. സഭാമപ്പന്മാർക്കും വിശ്വാസികൾക്കും ആത്മാക്കളെ ആദായപ്പെടുത്തുന്നതിനാവശ്യമായ പരിശീലനം നൽകി.

റാണിപൂർ, കോദബങ്കി, നവഗാവ്, കൻസായ്, ബിപ്രി, അപ്ഗാവ്, ധരവത് എന്നീ ഗ്രാമങ്ങളിൽ നടത്തുവാനുദ്ദേശിക്കുന്ന സുവിശേഷീകരണ യജ്ഞം തടസ്സമില്ലാതെ നടക്കേണ്ടതിനും അതിലൂടെ അനേകർ യേശുവിനെ രക്ഷകനായി സ്വീകരിക്കേണ്ടതിനായും പ്രാർത്ഥിക്കുക. എല്ലാ സഭകളിലും നടത്തുവാനുദ്ദേശിക്കുന്ന യുവജന യോഗത്തിലൂടെ സഭയിൽ ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. മാറാത്ത ഉദരവേദനയാൽ കഷ്ടപ്പെടുന്ന രവിന്ദിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**ബോറാടി : ഓം പ്രകാശ് ഗുപ്ത & തുമ്പ ചൗദരി**

വരജാർദി, പരസിപ്പാട എന്നീ പ്രദേശത്തുള്ള 600 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. 213 ഗ്രാമത്തിൽ നടത്തിയ വിബിഎസ് പ്രോഗ്രാമിലൂടെ 518 കുട്ടികൾ അനുഗ്രഹം പ്രാപിച്ചു. പ്രാദേശിക സുവിശേഷകർക്കും കോദിദ, ഉമരദ, പുതിയ ബോറാടി പ്രദേശം എന്നിവിടങ്ങളിലുള്ള സഭാമൂപ്പന്മാർക്കുമായി ഏകദിന ഉപവാസ പ്രാർത്ഥന നടത്തി.

മാനസിക രോഗത്തിൽ നിന്നും അരവിന്ദ്, ജീമ എന്നിവരെയും മാറിടത്തിൽ കാൻസർ ബാധിച്ച നഗതിയാനി ഗ്രാമത്തിലെ ബബിതയെയും കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. സാലദി ഗ്രാമത്തിലെ സുവിദ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. പരജാടി, പരസിപാട എന്നീ ഗ്രാമങ്ങളിൽ നാടകത്തിലൂടെ സുവിശേഷം അറിയിക്കുന്ന പ്രോഗ്രാം വിജയകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക.

## വന്യമൃഗങ്ങളുടെ ദൈവം!

മഹാരാഷ്ട്രയിൽ ഡാങ്സ് ജില്ലയിലെ സിങ്കിനാഗുവുദ ഗ്രാമം ഒരു നദിയുടെ തീരത്താണ് സ്ഥിതി ചെയ്യുന്നത്. വേനൽക്കാലത്ത് നദിയുടെ തീരത്ത് ,സീതറാം തണ്ണിമത്തൻ കൃഷി ചെയ്യുമായിരുന്നു. തന്റെ കൃഷി മോഷണം പോകാതിരിക്കുവാൻ നദീ തീരത്തു തന്നെ കാവൽ കിടക്കുമായിരുന്നു. ഒരു രാത്രിയിൽ തണ്ണിമത്തൻ കൃഷിയുടെ മദ്ധ്യത്തിലുള്ള കാവൽ മാടത്തിൽ ഇരിക്കുമ്പോൾ അലർച്ചയുടെ ശബ്ദം കേട്ടുണർന്നു. ഇരയെ പിന്തുടർന്ന പുള്ളിപ്പുലി തണ്ണിമത്തന്റെ ഇടയിൽ ഇരയെ കീഴ്പെടുത്തിയതിന്റെ കോലാഹലമാണ് കേട്ടത്. ഭയന്നു വിറച്ച സീതറാം കർത്താവിനെ വിളിച്ചു പ്രാർത്ഥിച്ചു. അല്പനിമിഷത്തിനുള്ളിൽ തണ്ണിമത്തനു നാശം വരുത്തിയ പുള്ളിപ്പുലിയും അതിന്റെ ഇരയും വനത്തിനുള്ളിൽ അപ്രത്യക്ഷമായി. ദൈവം നൽകിയ അത്ഭുതകരമായ വിടുതലിനെ കുറിച്ചു ആരാധനമദ്ധ്യം സീതാറാം സാക്ഷ്യം പറഞ്ഞു.

**26 ജൂലൈ**

**വെള്ളി**

**ജന്മദിനാശംസകൾ**

കിങ്സ്ലി ജീ,
സുഹി മലർ വിനു പി

## ദാദഗൗൺ / കുന്തമുദി

### ബാലാജി നെടാലം & ജഗദീശ്വരി

21 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ബീൽ പ്രദേശത്തു നടത്തിയ മൂന്നു ദിവസത്തെ സുവിശേഷ മേളയിൽ 450 പേർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. ധട്ക മിഷൻ വയലിൽ നടത്തിയ യുവജന യോഗത്തിൽ 45 പേർ പങ്കെടുത്തു. കർത്താവിന്റെ സാക്ഷികളായി ജീവിക്കുവാൻ അവർ ദൈവസന്നിധിയിൽ തങ്ങളെ സമർപ്പിച്ചു. തളർവാതത്തിൽ നിന്നും മോക്കിയബായി വിടുതൽ പ്രാപിച്ചു.

നവഗാവ്, സൂര്യാപൂർ, പിപ്പൽപാരി എന്നീ ഗ്രാമങ്ങളിൽ സുവിശേഷത്തിനായി വാതിൽ തുറന്നു. കാത്രി, ഉമ്രാനി എന്നീ ഗ്രാമങ്ങളിൽ ആരാധനക്കൂട്ടം ആരംഭിക്കുന്നതിനുള്ള ശ്രമം വിജയകരമാകേണ്ടതിനായി പ്രാർത്ഥിക്കുക.

## കഷറാദ

### ബിദുഷ് കുമാർ & പ്രീതിബല പ്രധാൻ

36 വ്യക്തികൾ പാപജീവിതം ഉപേക്ഷിച്ചു യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചു പുതുജീവിതം നയിക്കുവാൻ തീരുമാനിച്ചു. മൂന്നു ഗ്രാമങ്ങളിൽ നടത്തിയ ജീസസ് നാടകം 1200 പേർ കണ്ടു. വിക്രാത് ഗ്രാമത്തിൽ നിർമ്മിച്ച പുതിയ ദൈവാലയം ദൈവനാമ മഹത്വത്തിനായി സമർപ്പിച്ചു. യുവജന യോഗത്തിലൂടെ 360 യൗവ്വനക്കാർ അനുഗ്രഹം പ്രാപിച്ചു.

സഭാ മൂപ്പന്മാരുടെയും പ്രവർത്തകരുടെയും പരിശീലനം അനുഗ്രഹകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. സുഗന്ധ ഗ്രാമത്തിലെ ഒമ്പതു വയസ്സുള്ള ബാലൻ വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അനേക ഗ്രാമങ്ങളിൽ നടത്തിയ ജീസസ്സ് ഫിലിം പ്രദർശനം കണ്ടവരുടെ ഉള്ളിൽ പരിശുദ്ധാത്മാവ് പ്രവർത്തിച്ചു അവർ സത്യം കണ്ടെത്തേണ്ടതിനായി പ്രാർത്ഥിക്കുക.

## മോൽഗി/ നർമ്മദ

### ബിദ്യുത് കുമാർ സിങ്

ഗർഭപാത്രത്തിലെ മുഴ നിമിത്തം കഷ്ടപ്പെട്ട ബർക്കുണ്ട ഗ്രാമത്തിലെ റോമഗയെ കർത്താവ് സൗഖ്യമാക്കി. മത്വാട് ഗ്രാമത്തിൽ ക്രമീകരിച്ച കൺവൻഷനിൽ 500 വിശ്വാസികൾ പങ്കെടുത്തു. 580 വ്യക്തികളോടു സുവിശേഷം പ്രഘോഷിച്ചു. രണ്ടു പുതിയ നിയമങ്ങൾ വിതരണം ചെയ്തു.

രാകേഷ് സർക്കാർ ജോലിക്കുള്ള യോഗ്യത പരീക്ഷ വിജയകരമായി പാസ്സായി. അവനു നല്ല ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബസബായബയുടെ രണ്ടു മക്കൾ യേശുവിലൂടെയുള്ള രക്ഷ അനുഭവമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. മോൽഗി സഭയിലെ യുവജനങ്ങൾ പൈശാചിക സ്വഭാവത്തിൽ നിന്നും വിടുതൽ പ്രാപിച്ചു സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിലെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനായി കർത്താവ് കൂടുതൽ പ്രവർത്തകരെ എഴുന്നേൽപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




**തലസാരി**

**ഗെദ്ദാം ശ്രീനിവാസ റാവു & മേദങ്കി രാജ്യലക്ഷ്മി**

ഒസാർവിരവിൽ ഉപവാസ പ്രാർത്ഥനയും ഗുർസാവിൽ അന്വേഷക ക്യാമ്പും വിജയകരമായി നടത്തി. സർക്കാരിന്റെ സഹായത്തോടെ ഗ്രാമപഞ്ചായത്ത് ജറി ദൈവാലയത്തിൽ ശൗചാലയം പണിതു. 92 വയസ്സുള്ള സോൾ മിഷാൽ ഗ്രാണി യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു സഭയിൽ ആരാധന മദ്ധ്യേ സാക്ഷ്യം പറഞ്ഞു.

ആത്മീകമായി നിരാശപ്പെടുന്ന കൻജത്, സർണി എന്നീ സഭകളിലെ വിശ്വാസികളെ ദൈവം ശക്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സാധുവന്യ & സന്ദീപ് എന്ന കുടുംബത്തിനു ദൈവം മക്കളെ നൽകി അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാൻസർ രോഗത്തിൽ നിന്നും കമലബൻ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**പെയിന്റ്**

**അലക്സ് പ്രഭു & പ്രിയ ഹെത്സി**

32 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു ദൈവസഭയിലെ അംഗങ്ങളായി. ഹത്പാട ഗ്രാമത്തിൽ രണ്ടു ദിവസം മുഴുരാത്രി പ്രാർത്ഥന നടത്തിയതു അനുഗ്രഹകരമായിരുന്നു. അനേകർ പ്രാർത്ഥിക്കുന്നതിനു പ്രോത്സാഹിതരായി. സഭയിൽ നടത്തിയ പരിശീലന പ്രോഗ്രാമിൽ 40 സഭാമൂപ്പന്മാർ പങ്കെടുത്തു. വങ്കൻപാട, പൈമൽ, പക്കോൾ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു.

കൈകാലുകൾ ചലിപ്പിക്കുവാൻ കഴിയാതെ പ്രയാസപ്പെടുന്ന അഞ്ചു വയസ്സുള്ള നീർക്കുട ഗ്രാമത്തിലെ സംഗിതിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കുഷ്ഠ രോഗം നിമിത്തം സമൂഹം ഭ്രഷ്ടു കല്പിച്ച കോട്മാനി ഗ്രാമത്തിലെ കക്കാദ് ഇബാനി, വിഷാദ രോഗത്താലും വലയുന്നു. ദൈവം തൊട്ടു സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിർക്കുട ഗ്രാമത്തിലെ ലളിതബൻ തളർവാതത്തിൽ നിന്നും വന്ദൻ ബൻ ത്വക്കു രോഗത്തിൽ നിന്നുംവിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക

**ഞാൻ അത് കണ്ടെത്തി!**

പഞ്ചാബിലെ പുനവാൽ ഗ്രാമത്തിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി മിഷനറിയും കുടുംബവും അനേക നാളുകളായി നിരന്തരം പ്രാർത്ഥിച്ചു കൊണ്ടിരുന്നു. ഒരു ദിവസം സ്വദേശ സുവിശേഷകന്റെ കൂടെ മിഷനറിയും കുടുംബവും ലഘുലേഖകളും പുതിയ നിയമങ്ങളുമായി ഗ്രാമത്തിലേക്കു വരുന്ന വഴിയിൽ പന്തലിച്ചു നിൽക്കുന്ന ആൽ മരത്തിന്റെ ചുവട്ടിൽ ഗ്രാമീണരിൽ ചിലർ വിശ്രമിക്കുന്നതു കണ്ടു. പ്രാർത്ഥനയോടു കൂടി മിഷനറി അവരോടു സുവിശേഷം പങ്കുവെച്ചു. അവൻ പാപത്തെക്കുറിച്ചും രക്ഷയെകുറിച്ചും പറഞ്ഞു കൊണ്ടിരിക്കുമ്പോൾ ആ കൂട്ടത്തിൽ നിന്നും ചിലർ എഴുന്നേറ്റു ഇതുവരെ ഞങ്ങളോടു ആരും ഇത്തരത്തിലുള്ള ദൈവത്തെ കുറിച്ചു പറഞ്ഞിട്ടില്ല എന്നു പറഞ്ഞു. ഒരു വ്യക്തി വിജയാഹ്ലാദത്തോടെ ചാടിയെഴുന്നേറ്റു, ഞാൻ സത്യദൈവത്തെ കണ്ടെത്തി എന്നു പറഞ്ഞു. ആ ജനക്കൂട്ടം ദൈവത്തിന്റെ സ്നേഹസ്പർശനം തിരിച്ചറിഞ്ഞു. പുനവൽ ഗ്രാമത്തിൽ കർത്താവ് സഫലമായ വാതിൽ തുടന്നു നൽകി. ദൈവത്തിനു മഹത്വം!




## ജന്മദിനാശംസകൾ

ജേക്കബ് പ്രദീപ്കുമാർ,
പോൾ ആൽബർട്ട്, ഏബ്രഹാം ഡി,
ഗോമ ഗോവിന്ദരാജ്

## കർണ്ണാടക

### ഹൂബ്ലി : സുനിൽ കുമാർ & തെക്കാം സംഗീത

ഒമ്പതു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. കരളിൽ ഉണ്ടായ നീർ വീക്കത്താൽ കഷ്ടപ്പെട്ട പ്രതിഭയെ പ്രാർത്ഥനയാൽ ദൈവം സൗഖ്യമാക്കി. മാനസിക വിഷാദത്താൽ ഉറക്കമില്ലാതിരുന്ന മജ്ജുളയെ കർത്താവ് സൗഖ്യമാക്കി. തരപ്പയുടെ ദീർഘകാലമായി നിലനിന്ന വസ്തു തർക്കത്തിനു ശാശ്വത പരിഹാരമുണ്ടായി. റോഷിയുടെ 100 ദിവസത്തെ പ്രാർത്ഥനയുടെ ഫലമായി പഠനത്തിനാവശ്യമായ പണം ലഭിച്ചു.

കജേന്ദ്ര ഗ്രാമത്തിലെ സുനമ്മയുടെ നവജാത ശിശു രക്തത്തിലെ അണുബാധയാൽ കഷ്ടപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ക്ഷയ രോഗത്തിൽ നിന്നും ലക്ഷ്മി രശ്മിയും ഹൃദയ സംബന്ധമായ രോഗത്തിൽ നിന്നും ഹദിയാൽ ഗ്രാമത്തിലെ ലക്ഷ്മിയും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബഞ്ചാര ജാതിക്കൂട്ടത്തിൽ നിന്നും ക്രിസ്തീയ വിശ്വാസത്തിലേക്കു വന്നതിന്റെ പേരിൽ ഉപദ്രവം സഹിക്കുന്ന അശോക് സ്വാൻ, വിജയലക്ഷ്മി എന്നിവർ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബിമിഷ് മദ്യാസക്തിയിൽ നിന്നും മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക.

### സതേൺ സോൺ

### എം പി തിമ്മേശ് & കവിത

11 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു പരസ്യമായി വിശ്വാസം ഏറ്റുപറഞ്ഞു. 46 പുതിയ നിയമങ്ങളും 45 വേദപുസ്തകങ്ങളും വിതരണം ചെയ്തു. പത്താം ക്ലാസ്സിലെ പരീക്ഷയിൽ നല്ല മാർക്കു വാങ്ങിയ ലാവണ്യ ആരാധനയിൽ സാക്ഷ്യം പറഞ്ഞു. ഗുങ്കാട്ട സഭയിൽ എട്ടു ദിവസത്തെ വിബിഎസ് പ്രയോജനകരമായി നടത്തി. തളർവാതത്താൽ മൂന്നു വർഷം ശയ്യാവലംബനായി കിടന്ന അമ്പാല ഗ്രാമത്തിലെ രമേശിനെ കർത്താവ് സൗഖ്യമാക്കി. ഗൗരിപിദനൂർ ഗ്രാമത്തിലെ ഇസ്ലാം മത വിശ്വാസിയായ ധൻസിങ് ദൗങിനെ പൈശാചിക ബന്ധനത്തിൽ നിന്നും ദൈവം വിടുവിച്ചു.

ശ്രീനിവാസപുരത്തെ അഞ്ചപ്പാറിനെ കഴിഞ്ഞ നാലു മാസമായി കണാതെ പോയി. ഇയാൾ സുരക്ഷിതമായി തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്ന സർണ, മൊറാലി, നന്ദിനി, റോജമ്മ എന്നിവർ കർത്താവിൽ ശക്തിപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. ചൈതന്യ, അനിത, കലത്താമ്മ എന്നിവർക്കു മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭർത്താവിൽ നിന്നും തുടർച്ചയായി ഗാർഹിക പീഡനം അനുഭവിക്കുന്ന ഗൗരിപിദനൂർ ദേവിയുടെ വിടുതലിനായി പ്രാർത്ഥിക്കുക.




സുശീല മാരാക്

### നിദഗുന്തി

**ശമുവേൽ ബബോർത്ത**

മസ്ത്ര, തന്ദ എന്നീ ഗ്രാമങ്ങളിൽ ആദ്യമായി സുവിശേഷം പ്രഘോഷിച്ചു. മൂന്നു വർഷത്തോളമായി ക്ഷയ രോഗത്താൽ വലഞ്ഞ് ആത്മഹത്യയെ കുറിച്ചു ചിന്തിച്ച രേശ്മക്കു വേണ്ടി വിശ്വാസികൾ പ്രാർത്ഥിച്ചു. ദൈവം കൃപ ചെയ്തു അവളെ സൗഖ്യമാക്കി. രാജിയെയും നീലബായിയെയും രോഗങ്ങളിൽ നിന്നും കർത്താവ് വിടുവിച്ചു.

പുതുതായി ആരാധനയിൽ സംബന്ധിക്കുന്ന രാജ്, ഗംഗമ്മ എന്നിവരുടെ കുടുംബം പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. 1200 ആളുകൾ വസിക്കുന്ന ഇസ്ലാംപൂർ, മസ്ത്താര എന്നീ ഗ്രാമങ്ങളിലുള്ളവർ കർത്താവിനെ അറിയേണ്ടതിനും ക്രിസ്തുവിലുള്ള വിശ്വാസത്തിലേക്കു വരേണ്ടതിനുമായി പ്രാർത്ഥിക്കുക.12 വർഷമായി തളർന്നു കിടക്കുന്ന രവി രാജപുത്തിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഉപ്പൽത്തിന്ദ ഗ്രാമത്തിലെ നമ്മുടെ വിശ്വാസികളായ ബസുവരാജ് ലമാനി, സുനിൽ ലമാനി എന്നിവരെ കൊല്ലുമെന്നു ഭീഷണിപ്പെടുത്തുന്ന രവിദരപ്പയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ക്രിസ്തീയ വിശ്വാസം നിമിത്തം വിജയലക്ഷ്മിയും ഭർത്താവ് അശോകും തുടർച്ചയായി പീഡനം അനുഭവിക്കുന്നു. ഈ സ്ഥിതിക്കു മാറ്റം വരേണ്ടതിനും പരിശുദ്ധാത്മാവിൽ അവർ ബലപ്പെടേണ്ടതിനുമായി പ്രാർത്ഥിക്കുക.

## ആന്ധ്രാ പ്രദേശ്

### കുപ്പം

**വെങ്കിടേശൻ ക്രെസന്റ് & ശശികല**

ശാന്തിപുരം, കൊന്തനപ്പള്ളി എന്നീ സഭകളിൽ 10 വ്യക്തികൾ പുതുതായി കടന്നുവന്നു സംബന്ധിക്കുന്നു. വലിയൊരു അപകടത്തിൽ ഗുരുതരമായ പരുക്കു പറ്റിയ മഞ്ജുനാഥ് സാവാധാനം സൗഖ്യം പ്രാപിക്കുന്നു. ഇപ്പോൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നതിനു സാധിക്കുന്നു. നമ്മുടെ വിശ്വാസികളുടെ മക്കൾ ഉന്നതപഠനത്തിനായി കോളജിൽ ചേർന്നവർക്കു ഹോസ്റ്റൽ സൗകര്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുന്തപ്പള്ളി സഭാമൂപ്പൻ അനിത സുബ്ബു പുതുതായി പണിത വീട്ടിലേക്കു താമസം മാറ്റി.

നമ്മുടെ വിശ്വാസി രങ്കീലയുടെ വേർപാടിനെ തുടർന്നു അനാഥമായി പോയ രണ്ടു കുട്ടികൾക്കായി പ്രാർത്ഥിക്കുക. മഹാലക്ഷ്മി, വിനോദമ്മ എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. ഗുഡുപള്ളി, ഗുഡുവാനപ്പള്ളി എന്നീ ദൈവാലയങ്ങളുടെ മേൽക്കൂര പതിവായി നശിപ്പിക്കുന്ന കുരങ്ങുകളെ കർത്താവ് നീയന്ത്രിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മേൽക്കുരയുടെ അറ്റകുറ്റ പണി വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവരാജ്യത്തിന്റെ വ്യാപനത്തിനായി കർത്താവ് കൂടുതൽ പ്രാദേശിക സുവിശേഷകരെ എഴുന്നേൽപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

30
ജൂലൈ
ചൊവ്വ

## ജന്മദിനാശംസകൾ

കെരുബേൻ പോൾ ക്രിസ്റ്റ്യൻ,
ഭാരതി മൂർത്തി,
വിക്ടർ പോൾരാജ് വി

### ചിറ്റൂർ റീജിയൻ

**വേദിയപ്പൻ എൽ & ലക്ഷ്മി എം**

പ്രാദേശിക സുവിശേഷകർക്കും സഭാമൂപ്പന്മാർക്കും സഭ നടപടികളെ കുറിച്ചു പരിശീലനം നൽകി. വലിയൊരപകടത്തിൽ നിന്നു നമ്പിസാൻ, റാംസാന്ദരുലു എന്നിവരെ കർത്താവ് സുരക്ഷിതമായി പരിപാലിച്ചു. കുപ്പംവാലി സ്കൂളിൽ നിന്നും പാസ്സായ നമ്മുടെ വിശ്വാസികളുടെ മക്കൾ ഉന്നത പഠനത്തിനായി കോളജിൽ ചേർന്നു. പല്മനെർ മിഷൻ വയലിലെ ആറു പേർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി രാമപ്പനു നഷ്ടപ്പെട്ടുപോയ തന്റെ കണ്ടൽ വയൽ തിരികെ ലഭിക്കുന്നതിനു ഇടയായി.

കൊലമാസനപ്പള്ളി റീജിയനിൽ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനായിട്ടെടുക്കുന്ന ഉദ്യമം വിജയകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. പ്രീതിപള്ളി റീജിയനിലെ പരിശീലന കേന്ദ്രത്തിനു ചുറ്റു മതിൽ പണിയേണ്ടതിനായി പ്രാർത്ഥിക്കുക. സെൽവരപ്പള്ളി ദൈവാലയ നിർമ്മാണത്തിനു ദാനമായി ലഭിച്ച വസ്തുവിന്റെ രജിസ്ട്രേഷൻ തടസ്സമില്ലാതെ നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉന്നത പഠനത്തിനായി കോളജിൽ പ്രവേശനം ലഭിച്ച നമ്മുടെ വിശ്വാസികളുടെ മക്കൾ ക്രിസ്തീയ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സാധും മിഷൻ വയലിലെ അപകടത്തിൽ കാലു നഷ്ടപ്പെട്ട വിക്ടർ ജീവിതത്തിലും വിശ്വാസത്തിലും കരുത്തു പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### അനന്തപൂർ റീജിയൻ

**ദുരൈസ്വാമി ഫ്രാൻസിസ് & ജയന്തി പി**

അഞ്ചു വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു സഭയിലെ അംഗങ്ങളായി. സിലമന്നൂർ ഗ്രാമത്തിലെ രാജേശ്വരിക്കു പെട്ടെന്നു പ്രസവ വേദന വന്നു. സമീപത്തുള്ള ആശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങളൊന്നുമില്ലായിരുന്നു. മറ്റു ആശുപത്രികളിലേക്കു കൊണ്ടുപോകുവാൻ സമയവുമില്ല. വിശ്വാസികൾ ഒത്തുകൂടി കർത്താവിനോടു പ്രാർത്ഥിച്ചു. ഭവനത്തിൽ തന്നെ സുഖ പ്രസവം നൽകി ദൈവം അവളെ വിടുവിച്ചു. ആരാധന നടത്തുന്നതിൽ നിന്നും മിഷനറിമാരെ മതതീവ്രവാദികൾ വിലക്കിയിരുന്ന കോദിക്കോണ്ട ഗ്രാമത്തിൽ ആരാധന യോഗം പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിഷപാമ്പിന്റെ കടിയേറ്റ ബ്യൂലയെ കർത്താവ് വിടുവിച്ചു.

തോട്ടാം, സൈനഗർ, നല്ലമദ എന്നീ ഗ്രാമങ്ങളിൽ ദൈവാലയം നിർമ്മിക്കുന്നതിനു ആവശ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മഴയില്ലാതെ വരൾച്ച നേരിടുന്ന ഗ്രാമങ്ങളിൽ ആവശ്യമായ മഴ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാമിൽ എല്ലാ മൂപ്പന്മാരും പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക.




ഉപവാസ പ്രാർത്ഥന ദിനം

**ജന്മദിനാശംസകൾ**

ദാനിയേൽ ഡേവിഡ് ആർ

## തമിഴ്നാട്

### അഞ്ചെട്ടി

**ഡേവിഡ് നിക്കോൾസൺ & ഐവി**



മൂന്നു ദിവസത്തെ വിബിഎസിൽ 60 കുട്ടികൾ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. നാലു കുടുംബങ്ങൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ആന്തോണിയമ്മയുടെ മകൾ കീർത്തനക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. നമ്മുടെ പ്രാർത്ഥനയുടെ ഫലമായി അഞ്ചെട്ടി പ്രദേശത്തു നല്ല മഴ നൽകി ദൈവം അനുഗ്രഹിച്ചു. മിഷനറിമാരുടെ ആരോഗ്യത്തിനും അവർ സഞ്ചരിക്കുന്ന വഴികളിൽ സുരക്ഷിതത്വം ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.



നമ്മുടെ വിശ്വാസി ശർമ്മിളയുടെ ഹൃദയത്തിൽ രണ്ടു സുഷിരങ്ങൾ കണ്ടെത്തി. ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. തൈറോയ്ഡിനാൽ കഷ്ടപ്പെടുന്ന സരോജ, കാതു സംബന്ധമായ രോഗത്താൽ വലയുന്ന മോഹനമ്മ, ഞരമ്പു രോഗത്താൽ പ്രയാസപ്പെടുന്ന എസ്ഥേർ എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. പ്രമേഹരോഗത്താൽ കാലിലുണ്ടായ മുറിവിനാൽ കഷ്ടപ്പെടുന്ന രാജാറാമിനെയും കൈകാലുകൾ ചലിപ്പിക്കുവാൻ കഴിയാത്ത തവമണിയെയും മാനസിക രോഗത്താൽ വലയുന്ന ബക്കിയായെയും കൈയിൽ പൊട്ടലുണ്ടായ ശിവരാമനെയും കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജഗന്ത, ശോഭന, ശിവകുമാർ, ഷൺമുഖം, രാജാറാം, ശക്തിവേൽ, പരമശിവം, സെൽവം, അജ്ജമ്മ, അരുൾ ജ്യോതി എന്നീ കുടുംബങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### തലമുറകളിലൂടനീളം ഒരുക്ഷണം!

മദ്ധ്യപ്രദേശിൽ കൽവ മിഷൻ വയലിലുള്ള രാജ്വീർ ഗ്രാമത്തിലെ 60 വയസ്സുള്ള പൊന്നു ആന്റിയുടെ കാതിന്റെ പിന്നിൽ ഒരു ചെറിയ വേദനയുണ്ടായി. അതു ക്രമേണ കഴുത്തിലേക്കു വ്യാപിച്ചു വർദ്ധിച്ചു കഠിനമായ തലവേദനയായി തീർന്നു. ഞരമ്പു സംബന്ധമായ ചികിത്സ നൽകി അവളെ സൗഖ്യമാക്കുവാൻ ശ്രമിച്ചു. സൗഖ്യത്തിനായി മന്ത്രവാദിയെ കൊണ്ടുവന്നു. പൊന്നുവിന്റെ രോഗം വർദ്ധിച്ചു കൊണ്ടിരുന്നു. അവളുടെ 17 വയസ്സുള്ള കൊച്ചുമകൻ മുകേഷ് മുത്തശ്ശിക്കു സൗഖ്യം ലഭിക്കുമെന്ന പ്രതീക്ഷയിൽ വിവിധയിടങ്ങളിൽ എടുത്തുകൊണ്ടു പോയി. ഇതിനിടയിൽ മുകേഷ് പൈശാചിക ബാധിതനായി തീർന്നു. ഒടുവിൽ അവർ കൽവ ദൈവാലയത്തിൽ അവളെ കൊണ്ടുവന്നു. മിഷനറിമാരും വിശ്വാസികളും അവൾക്കു വേണ്ടി തീവ്രമായി പ്രാർത്ഥിച്ചു. രണ്ടു ആഴ്ചക്കുള്ളിൽ ദൈവമായ കർത്താവ് അവരെ ഇരുവരെയും സൗഖ്യമാക്കി. അവർക്കു ലഭിച്ച പൂർണ്ണ സൗഖ്യം കാരണം പൊന്നുവിന്റെ കുടുംബത്തിലുള്ള എല്ലാവരും യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.

**ZONAL ADVISOR : Bro. C.S. Isaiah,** F.M.P.B, Thyyakodathu, Manakkadu P.O, ................................ Idukky - 685 608 Mob. 9447 000 899

**ZONAL OFFICE : Rev. Abraham Thomas,** Zonal Secretary, FMPB,
..................................Madhavanpady, Vadavathoor P.O, Kottayam - 686 010.
..................................Mob. 9847799031, 9562750798. E - Mail. samfmpb@gmail.com

**REGION ADVISOR : Rev. Stanly George,** FMPB, Abhayam, Umbernad, Kallumala P.O,
..................................Mavelikara - 90 110 Mob.9495 156 486; 9446 191 886
..................................E- Mail. stanleygeorge@fmpb.org

**SOUTH KERALA REGION : Rev. Manoj P J,** Regional Secretary, FMPB, House No.
..................................CNRA 117, Chathiod pond Road, Nalanchira, Trivandrum - 695015
..................................Mob.8951 766 255, 8951 766 255 E- Mail. manoj@fmpb.org

**Parassala: ................Rev.Syrus Samuel,** FMPB Mob.88259 26935, 88628 95099

**Neyyattinkara East :Mr.K. Thankappan,** Hon. Pro. secretary, FMPB, “Prabhath”,
..................................Cheruvarakonam, Parasala P.O -695 502 Ph.0471 2200001

**Neyyattinkara West:Mr. N.Selvakumar,** Hon. Prom. Sec., Mob. 9446 090 636

**Tiruvanathapuram : Eng.P.J.Thomas,** Hon.Prom.Sec. Ph.0471 2540146

**Kattakada : ......... Mr.R.Vimalraj,** Hon. Prom. Sec, Ph. 85474 92327

**Kollam : .............. Mr.K.M.Mathew,** Hon.Prom.Sec. Kakkalil (H) -689 521, Mob. 9497 147 024

**CENTER KERALA REGION : Rev. Thomas Mathew,** FMPB, Choorakuzhiyil,
..................................Makkapuzha P.O, Ranni - 689 676.Mob. 9495 309 335,
..................................E - Mail. thomasmatthew@fmpb.org, sajifmpb@gmail.com

**Thiruvalla:............. Mrs. Rebacamma Paul,** Promotional Secretary Mob 9444 665 917,

**Pathanamthitta :Mr. K.A. John,** Hon. Prom.Secretary, FMPB,Kizhakkearuthickal,
..................................Keekozhur.P.O - 689 672. PH:0468 227 7039, Mob.9495 757 563.

**Kottayam 1 : ..... Mr. Jose Prakash,** Hon.Prom.sec. FMPB, Chackalayil Peace Cottege,
..................................Amalagiri P.O, Ph.0481 259 9262, Mob. 9447 321 298.

**Kottayam 2 : ..... Mr. W.H. George,** Hon.Prom.sec. FMPB, Vazhamattom House,
..................................Manarcadu P.O, Kottayam - 686 019, Mob. 9447 279 825.

**Munnar : ............. Mr.T. Samuel,** Hon.Pro.Sec. Mob. 8281 286 643

**Thodupuzha............ Mrs. Parimalam, Hon.**Prom. Secretary Mob. 94959 90899

**NORTH KERALA REGION : Rev. Vavachen.M.P,** Regional Secretary, FMPB, Ararat,
..................................Narayananasan Road, Vittila P.O- 682 019; Mob. 9847 575 416;

**Thripunithura :.. Mr. P. A. Abraham,** Hon.Prom.Sec. Mob. 9447 024 508
**Perumbavoor........ Mr. K. P. Paul,** Hon.Prom.Sec. Mob: 98473 55189
**Kakkanadu............ Mrs. Ponnamma Abraham,** Hon.Prom.Sec. Mob: 94474 73685

**MALABAR REGION : Rev. Golden Inbaraj,** Regional Secretary, 2/600 Unity garden,
..................................Kaithakuzhi,Erattakulam P O, Palakkad, 678 622. Mob. 09013 042 185.

**Kozhikode : ........ Mr. Roy Mathew Cheeeran,** Hon.Prom. Sec. Mob. 9847 950 811

**Wayanadu : ........ Mr. D. P. Roosevelt,** Hon.Prom.Sec. Mob. 9961 613 066; 04936 281008

**Palakkad : .......... Mr. P. P. Cherian,** Hon.Prom. Sec. Mob. 9496 193 322

**Chennai Malayalam:Rev. Babu P,** Prom.Sec. Mob.8809 936 270

## 395 മിഷനറി ആൽബം

മണിപ്പൂരിലെ ഹൈന്ദവ കുടുംബമായ ശ്രീ. ദിനാനി ഹമോമിന്റെയും പരേതയായ ശ്രീമതി. ഇലങ്കം സന്ധ്യറാണി ദേവിയുടെയും മകനായി 06/02/1988 ൽ റവ. നബ ഹമോം ജനിച്ചു. അവനു രണ്ടു വയസ്സുള്ളപ്പോൾ മാതാപിതാക്കൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. അവനു ഒരു സഹോദരനും ഒരു സഹോദരിയും ഉണ്ട്. നാബക്കു ഒമ്പതു വയസ്സായപ്പോൾ അവന്റെ അമ്മ അജ്ഞാത രോഗം നിമിത്തം മരണമടഞ്ഞു. ഈ സംഭവം കുടുംബത്തെ ഭയങ്കരമായി ബാധിച്ചു. അവർ താല്കാലികമായി ദൈവത്തിൽ നിന്നകന്നു. ഈ സമയത്തു അവരുടെ പിതാമഹൻ റവ. ഹമോം ബാബു സിങ് അവരെ ആശ്വസിപ്പിച്ച് ആത്മീകമായി പരിപോഷിപ്പിച്ചു. തുടർന്നു അവന്റെ പിതാവ് ശ്രീമതി. ഒനിയം ലൊയ്ദാങ് ദേവിയെ പുനർവിവാഹം കഴിച്ചു. നാലു പുത്രന്മാരും മൂന്നു സഹോദരിമാരുമുള്ള വലിയ കുടുംബത്തിലെ മൂത്ത മകനായിരുന്നു നബ.

രോഗ പ്രയാസത്താൽ അവർ സാമ്പത്തിക പ്രതിസന്ധിയിലായി. 1997-98 കാലയളവിൽ മണിപ്പൂരിലുണ്ടായ വംശീയ കലാപത്തിൽ അവർ വിശ്വാസത്തിൽ ഉറച്ചു നിന്നു. 2000 ത്തിൽ നടത്തിയ വാർഷീക കൺവൻഷനിൽ നബയുടെ ആത്മീക ജീവിതത്തിൽ രൂപാന്തരം സംഭവിച്ചു. ദൈവശാസ്ത്ര പഠനം തുടർന്നു തിരുവനന്തപുരം ബൈബിൾ കോളജിൽ നിന്നും 2005 ൽ B.Th ബിരുദം കരസ്ഥമാക്കി. തുടർന്നു മണിപ്പൂരിലെ ജിറിബാം ന്യൂ ലൈഫ് ശുശ്രൂഷയുടെ അനാഥശാലയിൽ വാർഡനായി മൂന്നു വർഷം പ്രവർത്തിച്ചു. ഈ കാലയളവിൽ അപസ്മാര രോഗത്തിൽ നിന്നും പ്രാർത്ഥനയിലൂടെ അവൻ പൂർണ്ണ സൗഖ്യം പ്രാപിച്ചു. അവൻ പൂർണ്ണ ഹൃദയത്തോടെ ദൈവവേല ചെയ്യുവാൻ തിരുമാനിച്ചു. ദൈവ വിളിയോടുള്ള അനുസരണമായി ഒരു സ്നേഹിതന്റെ സഹായത്തോടെ 20/06/2011 ൽ നബ ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിൽ ചേർന്നു. NIM ലെ മിഷനറി പരിശീലനത്തിനു ശേഷം 2014 ൽ മിഷനറിയായി പഞ്ചാബിലേക്കു നിയോഗിച്ചു. വർഷങ്ങൾ അദ്ദേഹം ബർണാല, സങ്കരൂർ തുടങ്ങിയ പഞ്ചാബിലെ മിഷൻ വയലുകളിൽ ആത്മാർത്ഥമായി പ്രവർത്തിച്ചു.

ത്രിപുരയിൽ ശ്രീ. ബുർകുമാറിന്റെയും ശ്രീമതി. മോന്ദാരി റീയാങിന്റെയും മകളായി 15/08/1987 ൽ ദുലന്തി റിയാങ് അഞ്ചു സഹോദരങ്ങളിൽ രണ്ടാമത്തവളായി ജനിച്ചു. പന്ത്രണ്ടാമത്തെ വയസ്സിൽ കർത്താവിന്റെ വേലക്കായി സ്വയം സമർപ്പിച്ചു. ചെറു പ്രായം മുതലെ സണ്ടേസ്കൂളിൽ പഠിച്ചെങ്കിലും വീണ്ടും ജനനാനുഭവം ഇല്ലായിരുന്നു. പിന്നീട് റോമർ 6:23 ലൂടെ അവൾ യേശു സ്വന്ത രക്ഷിതാവായി സ്വീകരിച്ചു. ദുലന്തി ദൈവശാസ്ത്ര പഠനം തുടർന്നു B.Th. ഉം M.Div. ഉം കരസ്ഥമാക്കി. അവളുടെ സമുദായത്തിലെ ഒരു ഹോസ്റ്റലിലെ ചാപ്ളയിനായി പ്രവർത്തിച്ചതിനൊപ്പം ഒരു സ്കൂളിൽ പഠിപ്പിക്കുകയും ചെയ്തു. ഒരു മിഷനറിയായി പ്രവർത്തിക്കണമെന്ന തീവ്രമായ ആഗ്രഹത്താൽ അതിനായി അവൾ പ്രാർത്ഥിക്കുകയും ദൈവീക ആലോചനക്കായി കാത്തിരിക്കയും ചെയ്തു. ദൈവഹിത പ്രകാരം റവ. ഹെലൻ സിങ്സിറ്റ് അവൾക്കു FMPB യെ പരിചയപ്പെടുത്തി കൊടുത്തു. അവളുടെ മാതാപിതാക്കളുടെ എതിർപ്പിനെ അവഗണിച്ചു അവൾ FMPB യിൽ ചേർന്നു. NIM ലെ പരിശീലനത്തിനു ശേഷം അവളെ പഞ്ചാബിലേക്കു നിയോഗിച്ചു. 18/01/2018 ൽ റവ. നബ അവളെ വിവാഹം കഴിച്ചു.

ഇപ്പോൾ റവ. നബ ഹമോമും ശ്രീമതി ദുലന്തി റിയാങും പഞ്ചാബിലെ ബുധ്ലാട റീജയനിൽ വളരുന്ന കുടുംബത്തോടൊപ്പം എരിവോടെ പ്രവർത്തിക്കുന്നു. 22/03/2019 ൽ തങ്മാർഹ ചാരിസ് ഹമോം എന്ന മകനെയും 12/04/2013 ൽ ഏദൻ ഹമോം എന്ന മകളെയും നൽകി ദൈവം ഈ കുടുംബത്തെ അനുഗ്രഹിച്ചു. ഈ മിഷനറി കുടുംബത്തെ നിങ്ങളുടെ ദിനംതോറുമുള്ള പ്രാർത്ഥനയിൽ ഓർക്കുക.



**റവ. നബ ഹാമോം & ശ്രീമതി. ദുലന്തി റീയാങ് കുടുംബം**

# He's still working on me



*He's still working on me*
*To make me what ought to be*
*It took him just a week to make the moon and stars*
*The sun and the earth and Jupiter and Mars*
*How loving and patient He must be*
*'Cause He's still working on me.*

*There really ought to be a sign upon my heart*
*Don't judge him yet, there's an unfinished part*
*But I'll be perfect just according to His plan*
*Fashioned by the Master's loving hands - He's still*

*In the mirror of His word*
*Reflections that I see*
*Makes me wonder why He never gave up on me*
*But He loves me as I am and helps me when I pray*
*Remember He's the potter, I'm the clay - He's still*

***Published by:*** S. John Berlin on behalf of Friends Missionary Prayer Band from 29, High School Road, Ambattur, Chennai 600 053. Tel. 044-2657 0404 E-mail: info@fmpb.org ***Printed by:*** Rasi Graphics (P) Ltd. No. 40, Peters Road, Royapettah, Chennai - 600014. ***Editor: S. John Berlin***